

# ധർമ്മശാസ്ത്ര വീഥിയിൽ

N15

ആൽബർട്ട് നമ്പ്യാപറമ്പിൽ

# ധർമ്മശാസ്ത്രവീഥിയിൽ

(Malayalam)

Dharmasaastraveethiyil

Philosophy

**By Dr. ALBERT NAMPIAPARAMBIL, C. M. I.**

Professor of Philosophy

Dharmaram College, Bangalore-29

First Published December 1968

Printed at

INDIA PRESS, KOTTAYAM

Price Rs. 1.50

Copyright

Albert Nampiaparambil

Published by Dharmaram College

Bangalore-29

Distributors:

NATIONAL BOOK STALL

Kottayam Kerala State India

# ധർമ്മശാസ്ത്രവീഥിയിൽ

(തത്വശാസ്ത്രം)

ഡോ. ആൽബട്ട് നമ്പ്യാപറമ്പിൽ

DHARMARAM COLLEGE LIBRARY, BANGALORE.
24414
N32
N15

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.50

S993 D89/68-69 1-1000 JK 118

# മുഖവുര

ധർമ്മശാസ്ത്രവീഥിയിലൂടെ നടക്കുവാൻപോകുന്ന വക്കായി ഒരു സൂചന നല്കിക്കൊള്ളട്ടെ. ഒരു 'മിനിമം' പരിപാടി മാത്രമാണു് ഈ ഗ്രന്ഥത്തിനുള്ളതു്. 'എന്തു ചെയ്യണം?', 'എന്തു ചെയ്യരുതു്?' എന്നീ പ്രശ്നങ്ങൾക്കു സമാധാനം ഈ മിനിമംപരിപാടിക്കുള്ളിൽ വരുന്നില്ല. ധാർമ്മികമൂല്യം എന്നൊന്നുണ്ടോ?, ഉണ്ടെങ്കിൽ അതിൻെറ 'തനിനിറം' എന്തു്? എന്നീ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുവാനുള്ള പരിശ്രമം മാത്രമാണു് ഈ പരിപാടിക്കുള്ളിൽ വരിക. സാമൂഹ്യ–സാമ്പത്തിക–മതപരമൂല്യങ്ങളിൽനിന്നു് ധാർമ്മികമൂല്യങ്ങളെ വേർതിരിച്ചു കാണുകയാണു ലക്ഷ്യം.

ഈ ഗ്രന്ഥത്തിലെ സമീപനത്തെപ്പററി രണ്ടു വാക്കു്: മനുഷ്യൻെറ മനുഷ്യനെത്തേടലിൽനിന്നുരുത്തിരിയുന്നതും ജീവൻ സ്വീകരിക്കുന്നതുമായ നിരവധി മൂല്യങ്ങളുണ്ടു്. പ്രസ്തുതമൂല്യങ്ങളെ അളന്നുനോക്കി വിലയിരുത്തുന്ന ദർശനങ്ങളും മതങ്ങളും പലതുണ്ടു്. ഇപ്രകാരമുള്ള ഏതെങ്കിലും മൂല്യത്തിലും ദർശനത്തിലും വിശ്വസിക്കുന്ന ഒരാൾക്കു് സ്വീകരിക്കാവുന്ന ഒരു സമീപനമാണു് ഈ പുസ്തകത്തിൽ കൈക്കൊണ്ടിട്ടുള്ളതു്. ഇതിലെ വിശകലനങ്ങളോടും അനുമാനങ്ങളോടും വിയോജിക്കുന്നവർ ചിന്താതലത്തിൽ മാത്രം അതു ചെയ്തുകൊള്ളുക; അനുഭൂതികളുടെ തലത്തിലും. ദാർശനികവും പ്രാതിഭാസികവും (Phenomenological) ആയ അപഗ്രഥനങ്ങൾ, വിശദീകരണങ്ങൾ വായനക്കാരനെ കൊണ്ടുപോകുന്നിടംവരെ അയാൾ പോകണം. അവ്യക്തമായവയെ അവ്യക്തമായും, അഗ്രാഹ്യമായവയെ അഗ്രാഹ്യമായും വിടുവാനുള്ള തുറന്ന മനസ്ഥിതിമാത്രം പ്രതീക്ഷിക്കുന്നു, ധർമ്മശാസ്ത്രവീഥിയിലൂടെ നീങ്ങുമ്പോൾ.

ഈ ഗ്രന്ഥരചനയിൽ ധാർമ്മികവിഷയങ്ങൾ കൈകാര്യംചെയ്യുന്ന പല പുസ്തകങ്ങളും സഹായകമായിട്ടുണ്ട്. ജോസഫ് ഡെ ഫിനാംസിൻെറ Ethica generalis, Essai sur lagir humain എന്നിവ എടുത്തുപറയേണ്ടവയാണ്.

'ധർമ്മശാസ്ത്രവീഥിയിൽ' എന്ന പരമ്പരയിലൂടെ കുടുംബദീപത്തിൽ പ്രസിദ്ധംചെയ്തിട്ടുള്ള ലേഖനങ്ങളിൽ ചില പൊളിച്ചെഴുതലുകളും മിനുക്കുപണികളും നടത്തിയാണ് ഈ ഗ്രന്ഥത്തിനു രൂപംനല്കിയത്.

പൊതുജനസമക്ഷം ഈ ലഘുഗ്രന്ഥം അവതരിപ്പിക്കുമ്പോൾ എൻെറ മനസ്സിൽ മായാതെ നില്ക്കുന്ന ഒരു ചിത്രമുണ്ട്—സഹപ്രവർത്തകൻ ഡോക്ടർ റോജർ കാട്ടാറത്ത്. ദാർശനികവിഷയങ്ങളെക്കുറിച്ച് എഴുതുവാൻ എന്നെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്ന അദ്ദേഹം 1967 മേയ് 21-ാംതീയതി കപ്പം ടെയിന പകടത്തിൽ ചരമമടഞ്ഞു. ആ പാവനചരിതൻെറ സ്മരണയ്ക്കായി ഈ കൃതി ഞാൻ സമർപ്പിക്കുകയാണ്.

ഗ്രന്ഥകർത്താവ്

## ഉള്ളടക്കം


1. വിലകുറഞ്ഞ മനുഷ്യൻ
2. മനുഷ്യനിലെ മനുഷ്യൻ
3. മനുഷ്യനിലെ ന്യായാധിപൻ
4. തനിനിറം
5. ഉള്ളറകൾ
6. അടിത്തറവരെ
7. പരിണാമവും ധാർമ്മികനിയമങ്ങളും

# 1. വിലകുറഞ്ഞ മനുഷ്യൻ

കേരളത്തിലെ ഒരു നാല്ക്കവലയിൽ ബസ്സുംകാത്ത് ഞങ്ങൾ രണ്ടുപേർ നില്ക്കുകയാണ്. അവിടെ വലിയ ഒരു ബോർഡു വച്ചിട്ടുണ്ട്—'വിലകുറഞ്ഞ മനുഷ്യൻ' എന്ന നാടകത്തിൻെറ പരസ്യമാണത്. നാടകത്തിന്റെ ചുരുക്കമെന്തെന്നറിവില്ല. അന്വേഷിക്കുവാൻ വേണ്ടത്ര സാവകാശവും ലഭിച്ചില്ല. വെളിച്ചെണ്ണയ്ക്കും, കുരുമുളകിനും, റബ്ബറിനും, രൂപയ്ക്കുതന്നെയും വിലയെന്തെന്നു നമ്മിൽ പലരും അന്വേഷിക്കാറുണ്ട്. ഇവയുടെ വിലയിടിവും, വിലക്കയററവും ജീവിതത്തിൽ സാരമായ മാററങ്ങൾ വരുത്തിവയ്ക്കാറുമുണ്ട്. പക്ഷേ, മനുഷ്യനുണ്ടോ വില കുറയലും കൂടലുമെല്ലാം? അടിമക്കച്ചവടവും മററും ചരിത്രവസ്തുതകളായി മാത്രം അവശേഷിച്ചിരിക്കുന്ന ഇക്കാലത്തുണ്ടോ 'വിലകുറഞ്ഞ മനുഷ്യരും', 'വിലകൂടിയ മനുഷ്യരും'?

കമ്പോളത്തിൽ മനുഷ്യന് ആരും വിലപേശുന്നില്ല. ഒരുപക്ഷേ, ആളുകളുടെ എണ്ണം പിടിവിട്ടങ്ങു വദ്ധിച്ചതിനാൽ വിലകുറഞ്ഞിട്ടു വിലയിരുത്തലിന്റെ ആവശ്യമില്ലാതായെന്നും പറയുന്നവരുണ്ടാകാം! കമ്പോളത്തിൽ വിലപേശൽ നിന്നുപോയെങ്കിൽ ജീവിതത്തിൽ ഇന്നു വിലപേശൽ നടമാടുന്നുണ്ട്. യൂദനായി പിറന്നതിന്റെപേരിൽ അറുപതുലക്ഷംപേർ ഗ്യാസ്ചെയ്

മ്പറിലും കോൺസൻട്രേഷൻ ക്യാമ്പുകളിലും ചത്തടിയുന്നതും, വെന്തു ചാരമാകുന്നതും നമ്മിൽ പലരും വായിച്ചും കേട്ടും അറിഞ്ഞിട്ട വർഷങ്ങൾ അധികം കടന്നുപോയിട്ടില്ല. പരിഷ്കാരത്തിന്റെ മുൻപന്തിയിലെത്തിയിരിക്കുന്ന നാട്ടുകളിൽപ്പോലും തൊലിയുടെ നിറത്തിന്റെപേരിൽ ഭിത്തികെട്ടലില്ലേ? രണ്ടാംതരം ജീവികളായി കരുത്തവരെ കാണുന്ന കറുത്ത കണ്ണുകളില്ലേ? മനുഷ്യന്റെ വിലയെന്തു്?...പലരും ചോദിച്ചുപോകുന്നു.

"ഞാനും വന്നു ജഗത്തി,ലെന്തിനെവിട്ട-
    ന്നെങ്ങോട്ടു്?—കഷ്ടം, വൃഥാ
ഞാനും വന്നു ജഗത്തിലെന്നുവരുമോ—
    മജ്ജീവിതം ശൂന്യമോ?"

എന്നു ചോദിക്കുന്ന ചങ്ങമ്പുഴയും,

"ഞാനർത്ഥമററ നിഴലസ്ഥിരമാം കിനാവു—
താനല്ലയോ മലിനമായ മദീയജന്മം"

എന്നിങ്ങനെ ഓടക്കുഴൽവിളിക്കുന്ന ജീയും മനുഷ്യന്റെ വിലയെപ്പററിയാണു് ഉറക്കെ ചിന്തിച്ചുപോകുന്നതു്.

ഇന്നത്തെ അസ്തിത്വവാദചിന്തയുടെ ഉപജ്ഞാതാവായ 'കിക്കെ ഗാഡി'നു് ഒരു ചെറിയ അപകടംപറ്റി. ചിന്തയിൽ മുഴുകി സാഹചര്യങ്ങളെല്ലാം മറന്നു നടന്നു നടന്നു് ആരുടെയോ ദേഹത്തു മുട്ടി. കുപിതനായ ആ അപരിചിതൻ ഉറക്കെ ചോദിച്ചു: "നീ ആരു്?"

"ഞാൻ ആരെന്നോ?...ഉത്തരം അറിയാൻ എനിക്കു സാധിച്ചിരുന്നെങ്കിൽ!" വീണ്ടും ചിന്തയിൽ മുഴുകി.

ഇന്നു ജീവിച്ചിരിക്കുന്ന അസ്തിത്വചിന്തകരിൽ വിശ്വവിഖ്യാതനായ, നോബൽ സമ്മാനിതനായ, സാത്രിന്റെ വീക്ഷണത്തിൽ ജീവിതം പൊള്ളയാണു്. അർത്ഥ

ശൂന്യമായ ഒരു സ്വാതന്ത്ര്യം മാത്രമാണു ജീവിതധനം. വിലകുറഞ്ഞ മനുഷ്യൻ!

സഭയും ആധുനികലോകവും എന്ന രണ്ടാംവത്തിക്കാൻ കൗൺസിൽ ഡിക്രിയിലും കാണാം ഇന്നത്തെ മനുഷ്യൻെറ ഒരു ചിത്രം. (Church in the Modern World, no. 4) ഐക്യത്തിനുള്ള തീരാത്ത ദാഹം ഒരു വശത്തു്; മറുവശത്തോ, വേർതിരിക്കുന്ന കനത്ത മതിൽക്കെട്ടുകൾ. മനുഷ്യമഹത്വത്തെപ്പററി അവഗാഢമായ ജ്ഞാനം, ഉൾക്കാഴ്ച ഇന്നത്തെ മനുഷ്യനുണ്ടു്. അതേ സമയം ചുററും കാണുന്നതും കേൾക്കുന്നതും, ഈ മഹത്വത്തിൻെറ വേരറുക്കുന്ന നൂറുനൂറു സംഭവങ്ങൾ! ധാർമ്മികമൂല്യങ്ങൾ തന്നിൽത്തന്നെ കാണുന്ന മനുഷ്യൻ, പ്രായോഗികജീവിതത്തിന് ഈ മൂല്യങ്ങൾക്കു സ്ഥാനമില്ലെന്നുകണ്ടു് അമ്പരക്കുന്ന ചിത്രം. മരണത്തിന്റെ നിശ്ശബ്ദതയും ഭീകരതയും ഇന്നവനെ വരണ്ടആംചെയ്തിരിക്കുകയാണു്. സാത്രു് ഈയിടെ എഴുതിത്തള്ളിയ സ്വയംകൃതചരിത്രത്തിൻെറ ആദ്യഭാഗത്തു പറയുന്നു: "മരണം ഒരു യാഥാർത്ഥ്യമായി ഞാൻ കണ്ടു. അപ്പുറത്തേക്കു നോക്കുന്നതിനു് അർത്ഥമില്ല. അതിനാൽ മരണത്തിൻെറ നിഴലിൽ ജീവിക്കാമെന്നൊരു നിശ്ചയം എടുത്തു" എന്നു്. 1968 സെപ്ററംബർമാസത്തിൽ വന്ന ഒരു പത്രക്കുറിപ്പിൽ കണ്ടു: ഭാരതത്തിൽ തീവണ്ടിയാത്രചെയ്യുന്നവരിൽ 5.2% ടിക്കററില്ലാതെ യാത്രചെയ്യുന്നവരാണെന്നു്. ടിക്കററു വാങ്ങാൻ കാശില്ലാതെ യാത്രചെയ്യുന്നവരാകാം ഇവരിൽ ഭൂരിഭാഗവും. എന്നാൽ, ജീവിതയാത്രയിൽ തനിക്കു ടിക്കററില്ലെന്നും, ടിക്കററ് അന്വേഷിക്കുവാൻ മനസ്സില്ലെന്നും പറയുന്ന സാത്രിനെയും കൂട്ടുകാ

രെയും—അക്കൂട്ടർ നമ്മുടെയിടയിലും വിരളമല്ലല്ലോ—വിലകുറഞ്ഞ മനുഷ്യരുടെ കൂട്ടത്തിൽ പെടുത്തണമോ?

വിലകുറഞ്ഞ മനുഷ്യരുടെ പട്ടിക നീണ്ടുപോകുന്നു. വില അന്വേഷിച്ചു മതങ്ങളിൽ അഭയംഗമിച്ചവരെ ഭീരുക്കളായി എണ്ണുന്നു ഒരുകൂട്ടർ. മതങ്ങൾക്കിടയിലും, മതങ്ങൾ ഉയർത്തുന്ന ആദർശങ്ങൾ തമ്മിലും ഉണ്ടല്ലോ അനേകം വൈപരീത്യങ്ങളും, വൈരുദ്ധ്യങ്ങളും. ഉദാഹരണം വേണമോ? ജനപ്പെരുപ്പത്തെ തടയുവാൻ കുടുംബസംവിധാനത്തിൻെറപേരിൽ പുറത്തുവരുന്ന ലേബലുകളെല്ലാം അപ്പാടെ സ്വീകരിക്കുവാൻ കത്തോലിക്കർക്കു സാധിക്കുന്നില്ല. ഇതരമതസ്ഥർക്കു പ്രയാസമുണ്ടാകണമെന്നില്ല, ഇക്കാര്യത്തിൽ. പശുവിനെ കൊല്ലുന്നതു് ഒരുകൂട്ടർക്കു നിഷിദ്ധം; അപരർക്കോ പൂർണ്ണസ്വാതന്ത്ര്യം. വിവാഹത്തിൻെറ അഭേദ്യതയിൽ, പരിശുദ്ധതയിൽ ഒരുകൂട്ടർ വിശ്വാസം അർപ്പിക്കുന്നു. മറുവശത്തു്, ഇഷ്ടംപോലെ പൊളിച്ചെഴുതാവുന്ന ഉടമ്പടിയാണു വിവാഹം.

മതത്തിൻേറതായ സുരക്ഷിതത്വം ഇല്ലാതെതന്നെ മൂല്യങ്ങൾക്കു് ഈ പ്രപഞ്ചത്തിൽ സ്ഥാനമില്ലെന്നോ? മാററത്തിനധീനനായ മനുഷ്യൻ മാററത്തിനു് അതീതമായ മൂല്യങ്ങൾക്കായി, ധാർമ്മികമൂല്യങ്ങൾക്കായി, അന്വേഷിച്ചു സമയംകളയേണ്ടതില്ലായിരിക്കാം. 'ഞാൻ എന്തുകൊണ്ടു് ഒരു ക്രൈസ്തവനല്ല?' (Why I am not a Christian)? എന്ന ചെറുഗ്രന്ഥത്തിൽ ഈ അവസാനം പറഞ്ഞുവച്ച നിലപാടാണു് ബർട്രാണ്ടു് റസ്സൽ സ്വീകരിക്കുന്നതു്. നീഷേ എന്ന ദാർശനികൻെറ കാഴ്ചയിൽ നന്മയും തിന്മയും കമ്പോളം ഭീരുക്കളുടെ ലോകത്തിലേ ഉണ്ടാകൂ. ധീരന്മാരുടേതായ, അതിമാനുഷ(Superman)

രുടേതായ ലോകത്തിൽ നന്മതിന്മകളുടെ വിവേചനത്തിനപ്പുറത്തൊരു ധാർമ്മികതയാണത്രേ ഭരണംനടത്തുക. നമ്മിൽ പലരും ധാർമ്മികമെന്നു പറഞ്ഞു വിശേഷിപ്പിക്കുന്ന മൂല്യങ്ങൾക്കു് ഇവിടെ വിലയുണ്ടാകില്ല.

ധാർമ്മികമൂല്യങ്ങളുടെ വിലയും നിലയും എന്തു്? ഈ ചോദ്യത്തിനു് ഇന്നു് അർത്ഥമുണ്ടു്. ഇന്നലത്തേക്കാൾ കൂടുതൽ അർത്ഥപൂർണ്ണമാണു് ഈ ചോദ്യം, ഇന്നിന്റെ അന്തരീക്ഷത്തിൽ. ഫലംനോക്കി വൃക്ഷമേതെന്നു പറയാൻ പ്രയാസമില്ലല്ലോ. എങ്കിൽ മനുഷ്യന്റെ വില നിശ്ചയിക്കുന്നതും അവന്റെ പ്രവൃത്തികളിലൂടെയാകണം. ഈ പ്രവൃത്തികളുടെ അളവുകോലാണു്, അവയെ തൂക്കിനോക്കുന്ന ബാലൻസാണു്, ധാർമ്മികതയെന്നുവരുക, നമ്മയെ തിന്മയിൽനിന്നു മാററിക്കാണിക്കുന്ന വരമ്പുകൾ ധാർമ്മികതത്ത്വങ്ങളിൽ ഉണ്ടെന്നു്. ഇതു ലക്ഷ്യമാക്കിയുള്ളൊരു ശാസ്ത്രമുണ്ടു്—ധർമ്മശാസ്ത്രം. ശാസ്ത്രം എന്ന വാക്കു് ഇവിടെ ഉപയോഗിക്കുന്നതിൽ നീരസമുള്ളവർ, നെററിചുളിക്കുന്നവർ ഉണ്ടാകാം. ശാസ്ത്രം എന്ന വാക്കിന്റെ ദുരുപയോഗമില്ലേ ധർമ്മത്തിനോടു് 'ശാസ്ത്രം' ചേർക്കുന്നതിൽ. ഇനി ധർമ്മശാസ്ത്രം എന്നൊന്നുണ്ടെന്നുവച്ചാലും, ഈ ശാസ്ത്രം ഇതരസാങ്കേതികശാസ്ത്രങ്ങൾപോലെ വിജ്ഞാനശാഖയാകണമെന്നുണ്ടോ? ധർമ്മശാസ്ത്രം ഒരു വിജ്ഞാനശാഖയാണോ എന്ന ചോദ്യം പ്രത്യക്ഷത്തിൽ നിരർത്ഥകമെന്നു തോന്നും. ശാസ്ത്രമല്ലെങ്കിൽ ധർമ്മശാസ്ത്രമെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ, പ്രശ്നം അല്പം സങ്കീർണ്ണമാണു്. ധർമ്മശാസ്ത്രം ശാസ്ത്രമാണോ എന്നു് ഇന്നും ചിലർ ആരായുന്നതേയുള്ളൂ. 1965 ഡിസംബർമാസത്തിൽ ഡൽഹിയിൽവച്ചു നടന്ന ഇന്ത്യൻ ഫിലസോഫിക്കൽ കോൺഗ്രസ്സിലെ പ്രധാന ചർച്ചാവിഷയങ്ങ

ളിലൊന്നായിരുന്നു ഈ പ്രശ്നം. ധാർമ്മികമൂല്യങ്ങളും ധാർമ്മികതത്വങ്ങളും വിജ്ഞാനശാഖയാണോ എന്ന ചോദ്യത്തിനു തൃപ്തികരമായ ഒരു മറുപടി അവിടെ ലഭിച്ചില്ല. ധാർമ്മികമൂല്യങ്ങളുടെ അറിവും വിജ്ഞാനമണ്ഡലത്തിനുള്ളിലാണെന്നു സ്ഥാപിക്കുവാൻ പല പരിശ്രമങ്ങളുമുണ്ടായി. എന്നാൽ, എപ്രകാരമാണു നാം ധാർമ്മികമൂല്യങ്ങളെ അറിയുന്നതു് എന്ന കുത്തഴിഞ്ഞ പ്രശ്നത്തിനുള്ളിലേക്കു് അധികമൊന്നും വെളിച്ചം പ്രവേശിച്ചില്ല. ഇപ്രകാരമൊരു പ്രശ്നം ഭാരതദാർശനികരുടെ സംവാദവിഷയമാകുവാൻ കാരണമെന്തു്? ധാർമ്മികമൂല്യങ്ങൾക്കു് ഇവിടെ കോട്ടംതട്ടിയെന്നോ? കാരണം അറിയണമെങ്കിൽ നമ്മുടെ ദാർശനികരുടെ വഴികാട്ടികളായ ആംഗലചിന്തകരിലേക്കുതന്നെ തിരിയേണ്ടിയിരിക്കുന്നു.

## ദാർശനികവിപ്ലവം

ഈ നൂററാണ്ടു് ആംഗലചിന്തയിൽ ഒരു വിപ്ലവദശയാണെന്നു പറയുന്നതിൽ തെററില്ല. ഈ വിപ്ലവത്തിൻെറ നേതാക്കളാണു് ജി. ഇ. മൂറും, റസ്സലും മററും. ആംഗലചിന്തയിൽ വന്ന പരിവർത്തനം സ്വാഭാവികമായി ഭാരതീയദാർശനികരെയും കുറെയെല്ലാം സ്പർശിച്ചിട്ടുണ്ടു്. ഇക്കാരണത്താൽ ആംഗലചിന്താചരിത്രത്തിലേക്കു നാം തിരിയണം, നമ്മുടെ നേട്ടങ്ങളെത്തന്നെ വിലയിരുത്തുവാൻ.

ജി. ഇ. മൂർ രംഗത്തു കാലുകുത്തിയപ്പോൾ ആംഗലചിന്തയിൽ ആശയപ്രധാനവാദം (Idealism) വാഴ്ചനടത്തുകയായിരുന്നു. വിശ്വമെല്ലാം ഒരു പരമാശയത്തിന്റെ (Absolute idea) രൂപഭേദങ്ങളാണെന്ന വിശ്വാസത്തിലായിരുന്നു ഈ സദാത്മക(Metaphysical) ചിന്താസൗധം

ഉറച്ചുനിന്നതു്. ധാൎമ്മികചിന്തയും മറ്റും ഈ വിശ്വവീക്ഷണത്തിന്റെ ഭാഗമായിരുന്നു. വിശ്വത്തെ നോക്കിക്കാണുന്നതിൽ ഏകത്വംവേണമെങ്കിൽ അതിലേക്കു നയിക്കുന്ന പ്രവൃത്തികൾ ധാൎമ്മികമായി ആശാസ്യമാണെന്നു വരുന്നു. വൈവിധ്യവും വൈരുദ്ധ്യവും നാനാത്വവും എല്ലാ ധാൎമ്മികതയ്ക്കും എതിരാണെന്നൊരു അനുമാനത്തിലേക്കു നാം കടക്കുകയായി. സദാത്മകവിശ്വവീക്ഷണത്തിൻെറ ഭാഗമായി മാറി, ധൎമ്മശാസ്ത്രം. സാമാന്യാനുമാനം (Deduction) ധാൎമ്മികസംഹിത ആവിഷ്കരിക്കുന്നതിനു് ഉതകിയ ഉപാധിയായി. ഈ സദാത്മകസമീപനത്തെയാണു് റസ്സലുംമറ്റും ചോദ്യംചെയ്തതു്. താത്വികരംഗത്തു പുതിയൊരു പദ്ധതി കണ്ടെത്തിയെന്നു് അവർ അഭിമാനിച്ചു. യാതൊരു വിശ്വവീക്ഷണവും കൂടാതെ ദാർശനികചിന്താവിഷയങ്ങൾക്കെല്ലാം പരിഹാരം നല്കാൻ പററിയ മാൎഗ്ഗമാണു് ഭാഷാവിശകലനം (Linguistic analysis) എന്നൊരു വാദം ഇംഗ്ലണ്ടിൽ മുഴങ്ങി. അതിൻെറ പ്രതിദ്ധ്വനി ഭാരതത്തിലും അലയടിച്ചു. ഭാഷാവിശകലനസമ്പ്രദായത്തിൻെറ നാനാവശങ്ങളും ഗുണദോഷങ്ങളും വിലയിരുത്തുവാൻ ഒരു പരിശ്രമം ഇവിടെയില്ല. ഈ ഭാഷാപ്രധാനചിന്തകൾ ധാൎമ്മികചിന്തയിൽ വരുത്തിയെന്നു് അവകാശപ്പെടുന്ന വിപ്ലവം എന്താണെന്നുമാത്രം അല്പം അന്വേഷിക്കാം. ധൎമ്മശാസ്ത്രം 'ശാസ്ത്രമാണോ' എന്ന ഈ പ്രശ്നത്തിനു പഠനം ആവശ്യമാണു്.

## ചോദ്യം തെററിപ്പോയി

ചോദ്യം തെററിയാൽ ഉത്തരം കിട്ടുകയില്ല. ജി. ഇ. മൂർ തൊട്ടിങ്ങോട്ടുള്ള ആംഗലചിന്തകരുടെ അഭി

പ്രായത്തിൽ തത്വശാസ്ത്രത്തിലെ നിരവധി പ്രശ്നങ്ങളുടെ മൂലകാരണമിതാണ്: ചോദ്യം വ്യക്തമാക്കാതെ ഉത്തരം ആരായുക; പ്രശ്നാഭാസത്തിന്, അർത്ഥമില്ലാത്ത ചോദ്യത്തിന്, പരിഹാരമന്വേഷിക്കുക. ജി. ഇ. മൂർ കണ്ടു, ധാർമ്മികചിന്തകർ, 'നന്മ എന്ത്?' എന്ന ചോദ്യത്തിന് ഉത്തരം നല്കാൻ ശ്രമിക്കുന്നതായി. ആദ്യം നന്മയെപ്പറ്റിയുള്ള ചോദ്യം വ്യക്തമാകണം. മൂർ ഒരു ചോദ്യത്തിനു പകരം രണ്ടു ചോദ്യം കാണുന്നു: (1) തന്നിൽത്തന്നെയുള്ള ആന്തരികമായ നന്മ എന്ത്? (2) ഏതുതരത്തിലുള്ള പ്രവൃത്തികളാണു ചെയ്യേണ്ടതു്? ഇതിൽ ഒന്നാംചോദ്യത്തിന് ഉത്തരം ലഭ്യമല്ല, മൂറിൻെറ അഭിപ്രായത്തിൽ. കാരണം, ഈ ചോദ്യം നന്മയുടെ നിർവ്വചനം ആരായുന്നു; പക്ഷേ, നന്മക്കു നിർവ്വചനമില്ലെന്ന വസ്തുത വിസ്മരിക്കുന്നു. നിർവ്വചനമാകട്ടെ അവ്യക്തമായതിനെ വ്യക്തമാക്കുന്നതിൽ അതിൻെറ ഘടകങ്ങളെ, ഭാഗങ്ങളെ, വേർതിരിച്ചു നിർത്തുന്നതിലാണ് അടങ്ങിയിരിക്കുന്നതു്. നിർവ്വചനത്തിനു മൂർ നല്കുന്ന ഈ 'നിർവ്വചനം' സ്വീകരിച്ചാൽ മൂറിൻെറ വാദഗതി ഉറച്ചതുതന്നെ. വേറൊന്നുകൊണ്ടു കൂടുതൽ വ്യക്തമാക്കുന്നതിനോ, മറ്റൊന്നായി മാററുന്നതിനോ നിവൃത്തിയില്ലാത്തതിനൊന്നും നിർവ്വചനം സാദ്ധ്യമല്ലെന്നുവരണമല്ലോ. ഇവയെപ്പററിയുള്ള പ്രശ്നങ്ങൾ പ്രശ്നങ്ങളല്ലതന്നെ. പ്രത്യുത, പ്രശ്നാഭാസങ്ങൾ മാത്രം. 'മഞ്ഞ എന്താ'ണെന്ന ചോദ്യത്തിന് ഉത്തരം നല്കുക സാദ്ധ്യമല്ല. അതുപോലെതന്നെയാണ് 'നന്മ എന്ത്?' എന്ന ചോദ്യവും. 'മഞ്ഞ' എന്നതു് ഒരു വസ്തുവിൻെറ ഗുണമാകുന്നതുപോലെയാണ് നന്മ എന്നതും. മൂറിൻെറ ഈ നിലപാടു സ്വീകരിച്ചാൽ നന്മ എന്തെന്നന്വേഷിച്ചവർ, ധർമ്മശാസ്ത്രം നിർമ്മിക്കുന്നതിനൊരുമ്പെ

ട്ടവർ, ചെയ്തതെല്ലാം പാഴ്‌വേലയായി. ദൈവകല്പനയിലും മനസ്സിൻെറ പരമമായ വിധിതീർപ്പിലും സമൂഹക്ഷേമത്തിലും നന്മയുടെ നിർവ്വചനമന്വേഷിച്ചവരെല്ലാം തെററുചെയ്തു. ഇക്കൂട്ടർ ചെയ്ത തെററിനു് മൂർ 'ലേബൽ' കൊടുത്തു: "സ്വാഭാവികാബദ്ധം"(Naturalistic fallacy). അനിർവ്വചനീയമായ നന്മയ്ക്കു (പരീക്ഷണവിധേയമോ സദാത്മകമോ ആയ വല്ലതും ഉപയോഗിച്ചു്) നിർവ്വചനം അന്വേഷിക്കുന്നതിലുള്ള പ്രമാദമാണിതു്. 'മഞ്ഞ' എന്താണെന്നു ചൂണ്ടിക്കാണിക്കാം; പക്ഷേ, മഞ്ഞയെ നിർവ്വചിക്കുക സാധ്യമല്ല. അതുപോലെ നന്മയെ ചൂണ്ടിക്കാണിക്കാം. പക്ഷേ, നന്മയെ നിർവ്വചിക്കുക പാടില്ല. ഇങ്ങനെ പോകുന്നു മൂറിൻെറ വാദഗതി.

## ഉൾക്കാഴ്ചയിലേക്കു്

നന്മയെ നിർവ്വചിക്കുക സാധ്യമല്ലെങ്കിൽ നന്മയെ അറിയുന്നതെങ്ങനെ? അറിയാതെങ്ങനെ നന്മചെയ്യും? നന്മയെന്നു് എന്തോ ഒന്നുണ്ടെന്നു് എല്ലാവരും സമ്മതിക്കും. ഉണ്ടെങ്കിൽ അതിനെ വേർതിരിച്ചറിയേണ്ടയോ? നന്മയെ വ്യക്തമായും സ്പഷ്ടമായും വസ്തുനിഷ്ഠമായും അറിയുവാൻ സാധിക്കുമെന്നു സങ്കല്പിച്ചാൽ പോരല്ലോ? നന്മയെ അറിയുന്ന അറിവിൻെറ സ്വഭാവം ഇവിടെ പ്രശ്നവിഷയമായിരിക്കുന്നു. പ്രശ്നപരിഹാരത്തിനായി റോസ്, പ്രിക്കാർഡ്, ബ്രോഡ് തുടങ്ങിയവർ ഉൾക്കാഴ്ചയിലേക്കു്—അന്തർദ്ദർശന(Intuition)ത്തിലേക്കു തിരിയുകയായി. ഇന്നും ആംഗലധാർമ്മികചിന്തകരിൽ ചിലരെല്ലാം ഈ വഴിക്കു് അന്തർദ്ദർശനാധിഷ്ഠിതമായൊരു ധർമ്മശാസ്ത്രം നിർമ്മിക്കുവാൻ ശ്രമമന്വേഷിക്കുന്നവരാണു്. പക്ഷേ, ഈ അന്തർദ്ദർശനം കർത്തൃനിഷ്ഠമല്ലേ? കണ്ണടയുടെ നിറഭേദമനുസ

രിച്ചു കാഴ്ച മാറിവരില്ലേ? കർത്തൃനിഷ്ഠമായൊരറിവി ന്മേൽ ഉറപ്പിച്ച് അനാപേക്ഷികവും വസ്തുനിഷ്ഠവും സംശയാതീതവുമായൊരു ശാസ്ത്രം എങ്ങനെ പണിതുയർത്തും? ഉത്തരം ലഭിക്കുന്നില്ല.

## വികാരതലത്തിലേക്ക്

അന്തർദ്ദശനം പരാജയമടയുന്നതുകണ്ട് ചിലർ വേറൊരു പാത തിരഞ്ഞെടുക്കുന്നു—'ഭാഷാപഗ്രഥനം' എന്ന മാർഗ്ഗം. 'നന്മ, കടമ' ഈ വാക്കുകളുടെ ഉപയോഗം വിശകലനംചെയ്ത് സി. എൽ. സ്റ്റീവൻസൺ, എ. ജെ. അയ്യർ മുതലായവർ ഒരനുമാനത്തിലെത്തുന്നു: 'നന്മ', 'കടമ' മുതലായ വാക്കുകളുടെ ഉപയോഗം കൊണ്ടു സാധിക്കുന്നതു് വികാരാവിഷ്കരണം മാത്രമാണു്. ഒരു സംഗതിയെ, വസ്തുവിനെ, പ്രവൃത്തിയെ വർണ്ണിച്ചു വിവരിച്ചശേഷം അതു നല്ലതാണെന്നു പറഞ്ഞാൽ ഒരു വികാരം, പറയുന്ന ആളിൻെറ വികാരം, ആവിഷ്കരിക്കുക, ആ വഴിക്ക് അപരനിൽ സ്വാധീനം ചെലുത്തുക എന്നതിൽ കവിഞ്ഞു് ഒന്നും നാം ചെയ്യുന്നില്ലായെന്നു് ഇക്കൂട്ടർ വാദിക്കുന്നു. ഈ ചിന്താഗതിയനുസരിച്ച് 'നുണപറയുന്നതു ശരിയാണെ'ന്നു ആരെങ്കിലും പറഞ്ഞാൽ അയാൾക്കു തെററുപററിയെന്നു പറയാമോ? അയാൾ തൻെറ വികാരം ആവിഷ്കരിച്ചു. വികാരങ്ങളുടേയും രുചിയുടേയും രംഗങ്ങളിൽ 'ശരി', 'തെററു്' എന്നിവയ്ക്കു് സ്ഥാനമെന്തു്? ധാർമ്മികതയെ ആധാരമാക്കിയുള്ള ശാസ്ത്രം അതോടെ പുറത്തായി, അതായതു്, ശാസ്ത്രലോകത്തിനു പുറത്തു്. കലയുടെയുംമററും കൂട്ടത്തിൽ ധാർമ്മികമൂല്യങ്ങൾക്കും തത്വസംഹിതകൾക്കും ഇടം ആരായുക മാത്രമാണു് ഇനി കരണീയം.

ബുദ്ധിമണ്ഡലത്തിലേക്കുതന്നെ

ധാർമ്മികതത്വങ്ങളെ വികാരതലത്തിലേക്കു തരം താഴ്ത്തുന്നതിനു പകരം ഭാഷാവിശകലനം ഉപയോഗിച്ചു തന്നെ ധാർമ്മികതത്വങ്ങളെ സമീപിച്ചു ബൗദ്ധികമണ്ഡലത്തിനുള്ളിൽത്തന്നെ സ്ഥലംനല്കാനും ഒരു പരിശ്രമം നടക്കുന്നുണ്ടു്, ആംഗലചിന്തയിൽ. ഹെയർ, ടൂൾമിൻ തുടങ്ങിയവരാണു് ഈ വഴിക്കു തിരിച്ചിരിക്കുന്നതു്. സദാത്മകമായൊരു വിശ്വവീക്ഷണമില്ലാതെ, ധാർമ്മികരംഗത്തു പ്രയോഗിച്ചിരിക്കുന്ന ശബ്ദങ്ങളുടെയും വാചകങ്ങളുടെയും ഉപയോഗം വിശകലനംചെയ്തുകൊണ്ടുതന്നെ ധാർമ്മികമൂല്യങ്ങളെ അറിയുന്ന അറിവിന്റെ സ്വഭാവം വ്യക്തമാക്കാനാണിവരുടെ ശ്രമം. ഈ ശ്രമവും വിജയിച്ചെന്നു പറയുക പ്രയാസം. പ്രാഥമികധാർമ്മികസമർപ്പണം (First Moral Commitment) യുക്തിയിൽ സ്ഥാപിക്കുവാൻ സാധിക്കാതെ ടൂൾമിൻ പിൻവാങ്ങുന്നു. ഏതെങ്കിലും ഒരു സമൂഹത്തിലെ ധാർമ്മികമൂല്യങ്ങൾ, ധാർമ്മികസംഹിതകൾ സ്വീകരിച്ചാൽ പിന്നീടു യുക്തി ഉപയോഗിച്ചു് ഓരോ സാഹചര്യങ്ങളിലും എന്തുചെയ്യണമെന്നു കണ്ടുപിടിക്കാൻ നമുക്കു സാധിക്കും. എന്നാൽ, ആദ്യംചെയ്യുന്ന ധാർമ്മികസമർപ്പണം ജ്ഞാനമണ്ഡലത്തിൽ ഉറപ്പിക്കുന്നതെങ്ങനെ എന്നതിനു് ഉത്തരം ടൂൾമിൻ നല്കുന്നില്ല. ധാർമ്മികമൂല്യങ്ങളുടെ അറിവിന്റെ സ്വഭാവമാരായുന്ന ഹെയർ ജ്ഞാനമണ്ഡലത്തിനുള്ളിൽ ധർമ്മശാസ്ത്രത്തിനു് സ്ഥാനംനല്കുവാൻ വളരെ പരിശ്രമിക്കുന്നുണ്ടു്. രണ്ടു പുസ്തകങ്ങൾതന്നെ ഈ ലക്ഷ്യത്തിനായി അദ്ദേഹം എഴുതി. പക്ഷേ, ഭാഷാവിശകലനം തത്വശാസ്ത്രത്തിലെ ഏകമാർഗ്ഗവും ഏകലക്ഷ്യവുമായി കരുതിയാൽ, ധാർമ്മിക

മൂല്യങ്ങൾക്കു് ചിന്തയിലും യുക്തിയിലും ഉറച്ച അടിസ്ഥാനം കിട്ടുവാൻ സാദ്ധ്യമല്ലെന്നവരും.

## സാർവ്വലൗകികീകരണനിയമം

ഭാഷാവിശകലനമാർഗ്ഗത്തിനുള്ളിൽത്തന്നെ നിലയുറപ്പിച്ചുകൊണ്ടു ധാർമ്മികനിയമങ്ങളുടെ വികാരാതീതവും ചിന്താകേന്ദ്രവുമായ വശങ്ങളിലേക്കു കുറെയെല്ലാം വെളിച്ചംവീശാൻ ഹെയറിനും മററും സാധിച്ചിട്ടുണ്ടു്. വെറും വികാരാവിഷ്കരണത്തിൻെറയും രുചിഭേദത്തിൻെറയും മാർഗ്ഗത്തിൽ മാത്രം ധാർമ്മികസംഹിതയെ പ്രതിഷ്ഠിക്കുവാനുള്ള പരിശ്രമത്തിലെ വൈരുദ്ധ്യം കാണിക്കുന്നതിൽ ഈ ചിന്തകൾ ഭാഗികമായെങ്കിലും വിജയം നേടി. ഭാഷാവിശകലനംവഴിയായിത്തന്നെ ഹെയർ വ്യക്തമാക്കുന്നു, ധാർമ്മികസമർപ്പണം ഏതു സാഹചര്യത്തിലും സാർവ്വലൗകികീകരണത്തിനു വിധേയമായിരിക്കണമെന്നു്, പൊതുജനോപകാരവും ഭൂരിപക്ഷാഭിപ്രായവും ധാർമ്മികനിയമങ്ങളെ വിലയിരുത്തുന്നതിൽ തെററുപററാത്തവയല്ലെന്നു്. 'നുണ പറയരുതു്' എന്നു് ഒരു വ്യക്തിയോടു് ഒരു സാഹചര്യത്തിൽ പറഞ്ഞാൽ, ആ സാഹചര്യത്തിലുള്ള എല്ലാവരേയും ഈ നിയമം ധാർമ്മികമായി ബാധിക്കുന്നതാണെന്നു സമർത്ഥിക്കുവാൻ ഹെയറിനു സാധിച്ചിട്ടുണ്ടു്. എന്നാൽ, ഇതു പോരല്ലോ, ധാർമ്മികമൂല്യങ്ങളെ സ്വീകരിക്കുന്ന അറിവിൻെറ സ്വഭാവം വ്യക്തമാക്കുവാൻ? ഈ സാർവ്വലൗകികീകരണനിയമത്തിൻെറ അടിസ്ഥാനമെന്തു്? മററുള്ളവരോടു നുണപറയരുതെന്നു പറയുന്ന എന്നെയും ആ മുടക്കുകൊണ്ടു ബന്ധിക്കുവാൻ ആ നിയമത്തിനു ശക്തി ലഭിക്കുന്നതെവിടെനിന്നു്? സാർവ്വലൗകികീകരണനിയമം വാക്കുകളുടെയും

വാചകങ്ങളുടെയും പ്രയോഗത്തെപ്പറ്റിയുള്ള വിശകലന പഠനത്തിൽനിന്നാണു് ഉത്ഭവിക്കുന്നതു്; ശരിതന്നെ. എന്നാൽ ഈ വാക്കുകളുടെയും വാചകങ്ങളുടെയും പ്രയോഗത്തെത്തന്നെ അടിസ്ഥാനപരമായി നിയന്ത്രിക്കുന്ന വസ്തുതകളിലേക്കു ചിന്ത കടന്നുചെല്ലണം. എങ്കിൽമാത്രമേ ധാർമ്മികശാസ്ത്രം ജ്ഞാനമണ്ഡലത്തിനുള്ളിൽ പണിതുയർത്തുവാനൊക്കൂ. പക്ഷേ, ഇക്കാര്യം സാധിക്കണമെങ്കിൽ ദാർശനികൻ സങ്കുചിതമായ ഭാഷാപഗ്രഥനവലയത്തിൽനിന്നും പുറത്തുവരണം.

## പ്രശ്നം തീരുന്നില്ല

ധർമ്മശാസ്ത്രം ശാസ്ത്രമാണോ എന്ന ചോദ്യമാണു് ഭാഷാപഗ്രഥനസമ്പ്രദായത്തെപ്പററി അല്പമൊന്നു പ്രതിപാദിക്കുവാൻ പ്രേരിപ്പിച്ചതു്. ഈ പ്രതിപാദനം അസ്ഥാനത്തല്ല. കാരണം, നമ്മുടെ ദാർശനികരിൽ പലരും ധാർമ്മികത വെറും വികാരങ്ങളുടെ മണ്ഡലമാണു്, യുക്തിക്കും ചിന്തയ്ക്കും പരമമായൊരു നിലയില്ല ധാർമ്മികമണ്ഡലത്തിൽ, എന്നു പറയുന്നതു കേൾക്കാം. ഈ വാദഗതിയുടെ ഉറവിടം കാണിക്കുവാനാണു് ആംഗലചിന്തയിലേക്കു തിരിഞ്ഞതു്. ആംഗലചിന്തയുടെ നേട്ടങ്ങളെ വിലയിരുത്തുക എന്നതല്ല ലക്ഷ്യം. അതു് ഒരു ലേഖനപരിധിയിലൊതുങ്ങുന്നതല്ലല്ലോ. ആംഗലചിന്തയിലെ ഭാഷാവിശകലനം ദാർശനികമണ്ഡലത്തിൽ കാര്യമായ നേട്ടങ്ങൾ നേടിയിട്ടുണ്ടെന്നാണു് ഈ ലേഖകൻെറ അഭിപ്രായം. ചില തോമിസ്റ്റ് ചിന്തകരുടെ നോട്ടത്തിൽ ആംഗലചിന്ത വ്യാകരണംകൊണ്ടുള്ള ഒരു കളി മാത്രമാണു്. ഈ വിലയിരുത്തലിൽ പല തെററുകളും കയറിപ്പററിയിട്ടുണ്ടു്. ദാർശനികരംഗത്തു വലിഞ്ഞുകയറിയ

പല ആശയക്കുഴപ്പങ്ങളും, മൂർ പറഞ്ഞതുപോലെ, ചോദ്യം വ്യക്തമാക്കാതെ ഉത്തരം പറയാൻ തുടങ്ങിയതിൽനിന്നുണ്ടായതാണ്. ധർമ്മശാസ്ത്രം ഒരു ശാസ്ത്രമാണെന്നു പറയുമ്പോൾ, 'ശാസ്ത്രം' എന്ന വാക്കിന്റെ പ്രയോഗത്തിൽ ഇതരശാസ്ത്രങ്ങളെ ശാസ്ത്രം എന്നു പറയുന്ന അർത്ഥമല്ല നാം നല്കുന്നതു്. ധാർമ്മികമൂല്യങ്ങളെ അറിയുന്ന അറിവിന്റെ സ്വഭാവത്തിലും വ്യത്യാസമുണ്ടു്. ഈ വ്യത്യാസങ്ങളെന്തെന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽ വ്യക്തമാക്കാൻ ശ്രമിക്കാം. അറിവിന്റെ നിറഭേദം സമ്മതിച്ചുകൊണ്ടുതന്നെ പറയുകയാണു്, ധർമ്മശാസ്ത്രം പൂർണ്ണാർത്ഥത്തിൽ ശാസ്ത്രമാണെന്നു്; നന്മതിന്മയെപ്പററി തികച്ചും യുക്തിനിഷ്ഠമായൊരു ശാസ്ത്രം നിർമ്മിക്കുവാൻ സാധിക്കുമെന്നു്. ഈ ശാസ്ത്രവീഥിയിലൂടെ ഒന്നു നടന്നുനോക്കുക, 'വിലകൂടിയ മനുഷ്യരെ' കണ്ടെത്തുവാനും അവർക്കു രൂപംനല്കുവാനും.

## 2. മനുഷ്യനിലെ മനുഷ്യൻ

മനുഷ്യനു നല്ലേണ്ട വില പൂൎണ്ണമായി കൊടുക്കണമെങ്കിൽ മതം കൂടിയേതീരൂ. എന്നുവച്ചു മതം മുഴുവനായോ ഭാഗികമായോ നിഷേധിക്കുന്നവരെല്ലാം ധാൎമ്മികമായി അധഃപതിച്ചവരാണെന്നു ലേബലൊട്ടിച്ചാൽ അതു വഞ്ചനയായിരിക്കും.

അന്ധവിശ്വാസങ്ങളുടെ കാലം കഴിഞ്ഞോ? കഴിഞ്ഞിട്ടില്ലെന്നാണ് ഇടയ്ക്കിടയ്ക്കു പത്രങ്ങളിൽ വരുന്ന സംഭവങ്ങൾ വിളിച്ചറിയിക്കുന്നതു്. 1968 സെപ്റ്റംബർ 13-ാംതീയതിയിലെ ഡെക്കാൻ ഹെരാൾഡ് പത്രത്തിൽ വന്ന വാൎത്തയാണിതു്: പന്ത്രണ്ടു വയസ്സുള്ള ഒരു സാധുബാലനെ രാജസ്ഥാനിലെ ഒരു കൺട്രാക്ടർ പാലം പണി ആരംഭിക്കുന്നതിനു മുമ്പ് ബലിയൎപ്പിച്ചു. കുട്ടിയെ കാണാതെ പിതാവു പോലീസിൽ പരാതിബോധിപ്പിച്ചു. മേയ് 21-ാംതീയതിയാണ് നരബലി നടന്നതു്. കുട്ടിയുടെ അഴുകിദ്രവിച്ച ശരീരഭാഗങ്ങൾ കണ്ടെടുത്തതോ, ജൂലൈയ് 4-ാംതീയതി. രാജസ്ഥാൻ അസംബ്ലി മന്ദിരത്തിൽ ബഹളമായി; അമൎഷത്തിൻെറയും അരിശത്തിൻെറയും ശബ്ദം അവിടെ മുഴങ്ങി. 'ഷെയിം' വിളികളും. ഈ വാൎത്ത കേന്ദ്രത്തിലെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ വളരെയേറെ വേദനിപ്പിച്ചതായി 14-ാംതീയതിയിലെ പത്രത്തിൽ വായിച്ചു. ശ്രീമതി ഗാന്ധി രാജസ്ഥാൻ മുഖ്യമന്ത്രിക്കെഴുതി: "ഏററം നീചനീചവും കിരാതവും മനുഷ്യത്വത്തെ തച്ചുടയ്ക്കുന്നതുമായ പ്രവൃത്തി. ആ ക്രൂരകൃത്യത്തെ ശപിച്ചുതള്ളുവാൻ പററിയ വാക്കുകൾ ലഭിക്കുന്നില്ല." എഴുത്തുകൊണ്ടു

തൃപ്തിപ്പെടാതെ ആയിരം രൂപായുടെ ഒരു ചെക്കും ആ കുട്ടിയുടെ പിതാവിനു് അയച്ചുകൊടുത്തു.

അങ്ങനെ തകൻവീണ മനുഷ്യത്വത്തെ കൈകൊടുത്തുയർത്തുവാനൊരു പരിശ്രമമാണു് രാജസ്ഥാൻ അസംബ്ലിയിലൂടെ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ എഴുത്തിലൂടെ നടന്നതു്. ആ കൺട്രാക്ടരുടെ ഉദ്ദേശലക്ഷ്യം എന്തെങ്കിലുമാകട്ടെ. ഏറ്റം പരിപാവനമെന്നുതന്നെ സങ്കല്പിക്കുക. എങ്കിലും മനുഷ്യത്വത്തിനെതിരായൊരു നീക്കമായിരുന്നു അതു്. മനുഷ്യൻെറ വില കുറയ്ക്കാനുള്ള പരിശ്രമവും. അതിനെതിരായുള്ള ധാർമ്മികരോഷവും പ്രകടമായി. വിലകൂടിയ മനുഷ്യൻെറ, മനുഷ്യനിലെ മനുഷ്യൻെറ ഉയർത്തെഴുന്നേല്പും നടന്നു. നാളിതുവരെ നടന്നിട്ടുമുണ്ടു്, ചരിത്രത്തിലൂടെ.

## ചരിത്രത്തിലൂടെ

ജീവിതത്തിൻെറ വിലയെന്തെന്ന അന്വേഷണമാണു് നൂററാണ്ടുകളിലൂടെ നീണ്ടുകിടക്കുന്ന ധർമ്മശാസ്ത്ര ചരിത്രം. വിലകൂടിയ മനുഷ്യരെ കണ്ടെത്തുവാനും അവക്കു രൂപംനല്കുവാനും മനുഷ്യൻ ചെയ്യു നീണ്ടുനീണ്ട പരിശ്രമത്തിൻെറ ചരിത്രമാണതു്. "മാററുവിൻ ചട്ടങ്ങളെ സ്വയം" എന്നുള്ള വിളികളും ഇടയ്ക്കിടെ ചരിത്രത്തിൽ മുഴങ്ങിയിട്ടുണ്ടു്. ഈ യജ്ഞത്തിൽ ജീവിതം ബലിയർപ്പിച്ചവരുണ്ടു്, സോക്രട്ടീസും മററും.

വിജ്ഞാനത്തിനു കെട്ടുറപ്പുള്ള ഒരു രൂപംനല്കി, യവനചിന്തകർ. വിജ്ഞാനം ശാസ്ത്രീയമായെന്നു പറയാം. ബി. സി. ആറാംനൂറ്റാണ്ടോടുകൂടി, 'ശാസ്ത്രവേഷമണിഞ്ഞെ'ന്നു പറയുന്നതുകൊണ്ടു പൂർണ്ണവികാസം

പ്രാപിച്ചെന്നു് ഇവിടെ വിവക്ഷയില്ല. അറിവിനുള്ളി ല്ലും ഉണ്ടായി, ഒരു അടുക്കും ചിട്ടയും. കാര്യകാരണബന്ധ ത്തിൽ എല്ലാം കോർത്തിണക്കാനുള്ള പരിശ്രമമാണിതിനു് വഴിതെളിച്ചതു്. അതിനു് ഒരു പേരും ലഭിച്ചു— ഫിലോസഫി അഥവാ തത്ത്വശാസ്ത്രം.

ആദ്യമാദ്യം ചിന്താകേന്ദ്രം ദൃശ്യപ്രപഞ്ചമായിരു ന്നു. പ്രപഞ്ചത്തിനൊരു വിശദീകരണംനല്കാനുള്ള പരിശ്രമം. ഈ പരിശ്രമം വിജയത്തിലെത്തിയോ എന്ന പ്രശ്നത്തിലേക്കു് ഇവിടെ കടക്കുന്നില്ല. സോക്രട്ടീ സിൻെറയും മററും കാലത്താണു് പ്രപഞ്ചത്തിൽനിന്നും തന്നിലേക്കുതന്നെ മനുഷ്യൻ ഒന്നു തിരിഞ്ഞുനോക്കി യതു്. "നിന്നെത്തന്നെ അറിയുക," സോക്രട്ടീസിൻെറ ആഹ്വാനമാണിതു്. പ്ലേറേറാ, അരിസ്റ്റോട്ടൽ, അഗ സ്റ്റിൻ, അകച്ചീനാസ്, മാർക്സ്, മർസേൽ, സാത്ര് തുട ങ്ങിയ ചിന്തകർ ഈ പല്ലവി ജീവിതത്തിൽ, തങ്ങളുടെ ഗ്രന്ഥങ്ങളിൽ, ഏററുപാടിയവരാണു്. 'തന്നെത്തന്നെ അറിയുക'—ഇവിടെ ആരംഭിക്കുന്നു. ഇവിടെ അവസാ നിക്കുന്നു ധർമ്മശാസ്ത്രം.

കടലിലും കരയിലും യാത്രചെയ്തു് ഗ്രീക്കുകാർ ഇതര മനുഷ്യനുമായി ഏററുമുട്ടി. ഭിന്നസംസ്കാരങ്ങളും നിയമ ങ്ങളും മൂല്യങ്ങളുമായി കഴിയുന്ന മനുഷ്യരെ അവർ കണ്ടു. യവനസംസ്കാരത്തെയും മൂല്യങ്ങളെയും, ഇതര സംസ്കാരമൂല്യങ്ങളുമായി തട്ടിച്ചുനോക്കി. മനുഷ്യപ്രവൃ ത്തിയെത്തന്നെ ഒന്നു് അപഗ്രഥിച്ചു പരിശോധിച്ചു. അ തിന്റെ അടിയൊഴുക്കുകളൊന്നറിയുവാൻ. ഈ പരിശ്രമം ഫലമണിഞ്ഞു—ശാസ്ത്രമായി അതിനൊരു പേരും ലഭി ച്ചു—എത്തിക്സ്: ധർമ്മശാസ്ത്രം.

## കിഴക്കിൻെറ സംഭാവന

ധമ്മശാസ്ത്രസമ്പത്തിനു കിഴക്കുനിന്നും വലിയ സംഭാവന ലഭിച്ചിട്ടുണ്ട്. ഒരുപക്ഷേ, കിഴക്കിൻെറ ചരിത്രത്തിനു കൂടുതൽ പഴക്കമുണ്ടെന്നു പറയാം, ധമ്മശാസ്ത്രമണ്ഡലത്തിൽ. കാരണമുണ്ട്. കിഴക്കിൻെറ ആന്തരികസത്തയുമായി കൂടുതൽ അലിഞ്ഞുചേന്നതാണ് ധമ്മശാസ്ത്രം കൈകാര്യംചെയ്യുന്ന പ്രശ്നം—'മനുഷ്യനെ' മനുഷ്യനെന്ന നിലയിൽ കാണുവാനുള്ള ശ്രമം. പടിഞ്ഞാറൻചിന്ത ആദ്യമായി ദൃശ്യപ്രപഞ്ചത്തിലേക്കു തിരിഞ്ഞപ്പോൾ കിഴക്കുനിന്നും ചിന്ത തന്നിലേക്കുതന്നെ തിരിഞ്ഞു. പടിഞ്ഞാറൻദാശനികർ മാററത്തിനും വൈവിദ്ധ്യത്തിനും കാരണമാരാഞ്ഞപ്പോൾ കിഴക്കിൻെറ മക്കൾ അന്തരാതീതമായി വല്ലതുമുണ്ടോ എന്നന്വേഷിച്ചു. എല്ലാ വിജ്ഞാനത്തിൻെറയും ഉറവിടത്തെ അറിയുവാനുള്ള തീരാത്ത ദാഹമാണ് ശിഷ്യനെ ഗുരുദക്ഷിണയുമായി ആചാര്യസന്നിധിയിലേക്ക് അടുക്കുവാൻ പ്രേരിപ്പിച്ചത്. കിഴക്കൻ-പടിഞ്ഞാറൻ ചിന്താസമീപനത്തിലുള്ള അന്തരം വലുതാക്കിക്കാണിക്കുവാൻ ഞാൻ ഒരുമ്പെടുന്നില്ല. സമീപനത്തിൽ അല്പമൊരു വ്യത്യാസം സ്വാഭാവികമായി ഉണ്ടായെന്നുമാത്രം പറയാം. ഭാരതത്തിൽ ധാമ്മികചിന്താവളച്ച്യുടെ ഘട്ടങ്ങളിലേക്കു കടക്കുവാനോ, അതിനെ വിലയിരുത്തുവാനോ ഒരു പരിശ്രമം ഇവിടെ നടത്തുന്നില്ല. ഹൈന്ദവചിന്തയിൽ, മതവും തത്ത്വചിന്തയും ധാമ്മികപ്രബോധനവും കൂടികുഴഞ്ഞാണു കിടക്കുന്നതെന്നു പറഞ്ഞുനിറുത്തിയാൽ അതു ശരിയാവില്ല. ഹൈന്ദവധമ്മശാസ്ത്രത്തെപ്പററി പറയണമെങ്കിൽ ദ്വൈതം, കേവലാദ്വൈതം, വിശി

ഷ്ടാദ്വൈതം തുടങ്ങിയ ദശ്നങ്ങൾക്കുള്ളിലേക്കു കടക്കണം. ഇപ്രകാരമൊരു പഠനം ദാസ്ഗുപ്താ (Development of Moral Philosophy in India, by Dasgupta) നടത്തിയിട്ടുണ്ട്. ഹൈന്ദവദശ്നപ്രകാരം മനുഷ്യനിൽ പരമമായതെന്തോ ഒന്നുണ്ടെന്നും അതിനെ പ്രാപിക്കയാണു പ്രവൃത്തികളുടെ ലക്ഷ്യമെന്നും പൊതുവായി പറയാം. ഈ പ്രവൃത്തികൾ സ്വതന്ത്രമാകണം; അപ്പിതമനസ്ഥിതിയോടുകൂടിയവയും. ഗീതാസന്ദേശത്തിൽ ധാമ്മികതയുടെ സാമൂഹ്യവശമാണല്ലോ മുഴച്ചുനില്ക്കുന്നതു്. താഴ്ന്നതലത്തിലെ വികാരങ്ങളുടെ ഒഴുക്കിൽപ്പെട്ടു് ധമ്മക്ഷേത്രത്തിൽനിന്നു പിന്മാറാനൊരുമ്പെടുന്ന അജ്ജുനനെ—മനുഷ്യനെ—ഉയന്ന തലങ്ങളിലേക്കുയത്തുകയാണു് ഗീതയിലൂടെ ശ്രീകൃഷ്ണൻ ചെയ്യുന്നതു്. ഗീതയിൽ നാലാംസഗ്ഗത്തിൽ അവതാരങ്ങളുടെ ഏകലക്ഷ്യം ധമ്മോത്ഥാനമായി നാം കാണുന്നു. എല്ലാത്തിൻെറയും ആന്തരികസത്തയായ പരമാത്മനെ, ബ്രഹ്മനെ, പ്രവൃത്തിരഹിതനായി ചിത്രീകരിക്കുമ്പോഴും, മാനുഷികതലത്തിൽ പ്രവൃത്തികളെ നിയന്ത്രിക്കേണ്ട സമചിത്തതയും നിസ്സംഗത്വവും അത്രേ ഉയത്തിക്കാണിക്കുന്നതു്. ഇവിടെ ബുദ്ധിയുടേതായ നിയമങ്ങളാൽ തങ്ങളെത്തന്നെ നിയന്ത്രിക്കുന്ന അതിമാനുഷരുണ്ടു്. ധാമ്മികതയുടെ അടിത്തറതന്നെ പാകിയിരിക്കുന്നതു മനുഷ്യനു സ്വയം നിയന്ത്രിക്കാനുള്ള കഴിവിലാണു്. ധാമ്മികതയുടെ ഊട്ടം പാവുമായ ആത്മസമപ്പണവും, മതത്തിൻെറ ലക്ഷ്യമായ സായൂജ്യവുമെല്ലാം ഒരുമിച്ചുചേരും, ചേരണം ഹൈന്ദവദശ്നത്തിൽ; കാരണം, അവിടെ പ്രവത്തകനും, പ്രവൃത്തിയും, മുക്തിയും, സായൂജ്യവും ഒരത്ഥത്തിൽ ഇല്ലാതാകുന്നു. ഇപ്പറഞ്ഞതു് അദ്വൈതദശ്നത്തിലേ

ശരിയാവൂ. പക്ഷേ, ധാർമ്മികതയുടേതായ മാനുഷികതലത്തിൽ ഹൈന്ദവദർശനത്തിനും ഇതരദർശനങ്ങൾക്കും പൊതുമുതലായി വളരെയേറെയുണ്ടെന്ന് ഉറപ്പിച്ചുപറയണം, സമീപനങ്ങളിലെ വ്യത്യാസങ്ങൾ സമ്മതിക്കുമ്പോഴും. എല്ലാം കർമ്മചക്രത്തിൻെറ, വിധിയുടെ തിരിച്ചിൽ മാത്രമാണ്, ഹൈന്ദവദർശനത്തിൽ, മനുഷ്യർക്കു സ്വാതന്ത്ര്യമില്ല, അക്കാരണത്താൽ, ധാർമ്മികതയുമില്ലാതാകുന്നു, എന്നിങ്ങനെ പറയാൻ തുടങ്ങിയാൽ അതിനൊരു പേരു നല്ലാം—അജ്ഞത.

## മതവും ധർമ്മശാസ്ത്രവും

ഇന്നു പലർക്കും കാഴ്ച മങ്ങിയിട്ടുണ്ട്, ഒരു കാര്യത്തിലെങ്കിലും. ക്രൈസ്തവരുടെയിടയിലും ഇതൊരു പകർച്ചവ്യാധിപോലെ പരക്കുന്നതായി തോന്നുന്നു: എന്തിനും എവിടെയും, സമയത്തും അസമയത്തും മതത്തിൻേറതായ വിലക്കുകളും കല്പനകളും ഉരുവിടുക. ഈവഴിക്കുള്ള നീക്കങ്ങൾ ഗുണത്തേക്കാളധികം ദൂഷ്യംചെയ്യുന്നുവെന്ന വസ്തുത അവർ അറിയുന്നില്ല. അവരുടെ അജ്ഞത അവരെ രക്ഷിക്കട്ടെ!

പരിശുദ്ധപിതാവ് ഐക്യരാഷ്ട്രസമ്മേളനത്തിൽ ജനസംഖ്യയെ കുറയ്ക്കുന്നതിനുപയുക്തമാക്കുന്ന ചില ഉപാധികളെ വിശേഷിപ്പിച്ചതു് 'ഇറാഷനൽ'—ബുദ്ധിക്കു ചേരാത്തതു്—എന്ന പദമുപയോഗിച്ചാണ്; ചിന്താതലത്തിലുള്ള സമീപനം, വിശ്വാസികളും അവിശ്വാസികളും ഒരുമിച്ചിരുന്ന ആഗോളസമ്മേളനത്തിൽ. മതത്തിൽ ഏററവും പൂജ്യമായൊരു സ്ഥാനമുണ്ട് ദൈവകല്പനകൾക്കു—എല്ലാററിനുമുപരി ഫലനവും, ശക്തിയും വ്യാപ്തിയുമുണ്ട്. എന്നാൽ, ധർമ്മശാസ്ത്രത്തിനു

മുണ്ട് സ്വന്തമായൊരു പ്രവത്തനരംഗം. ചിന്തയിൽനിന്ന് ജീവൻ സ്വീകരിക്കുന്ന, സ്വീകരിക്കേണ്ട, നിയമങ്ങളില്ലേ? 'ഉണ്ട്' എന്നു പറയുന്നപക്ഷം ഇവയ്ക്കു താങ്ങും തണലും നല്കുവാൻ മതത്തിൻെറ സുരക്ഷിതത്വത്തിലേക്ക് എടുത്തു ചാടണമോ? ചിന്താവെളിച്ചത്തിലൂടെ കണ്ടെത്താവുന്നവയെ ചിന്താതലത്തിൽത്തന്നെ നാം നോക്കിക്കാണുക. ഈ ജോലി പ്രയാസമേറിയതാണ്. വിയക്കേണ്ടിവരാം, സമയംകളയേണ്ടിവരാം, ചിലതെല്ലാം പൊളിച്ചെഴുതേണ്ടതായുംവരാം; ഈ പൊളിച്ചെഴുതൽ പരാജയമല്ല, വളച്ച്യുടെ ലക്ഷണമാണ്.

മനുഷ്യബുദ്ധിക്കു ജോലി നല്കിയശേഷം, വിശ്വാസത്തിൻെറയും മതത്തിൻെറയും വെളിച്ചത്തിൽ, സുരക്ഷിതത്വത്തിൽ കൂടുതൽ ശക്തിയും ശേഷിയും ആഴവും പരപ്പും ധമ്മശാസ്ത്രമണ്ഡലത്തിനു കൈവരും എന്ന വസ്തുത സമ്മതിക്കുന്നു. പക്ഷേ, ബലംപ്രയോഗിക്കരുത്. ധമ്മശാസ്ത്രം സ്വാഭാവികമായി വളരുവാൻ, വികസിക്കുവാൻ അനുവദിക്കുക. മതത്തിൻെറ തണലിൽ മാത്രം നിറുത്തിയാൽ വളന്നെന്നുവരില്ല. മാത്രമല്ല, ചിന്താതലത്തിൽമാത്രം നീങ്ങുന്ന ധമ്മശാസ്ത്രം എന്നും തുറന്നതായിരിക്കുമെന്നും വിശ്വാസോന്മുഖമായി മനുഷ്യനെ നയിക്കുമെന്നും കൂടി പറയേണ്ടതുണ്ട്. അന്ധവിശ്വാസത്തിലേക്കു നയിക്കുമെന്നു പറഞ്ഞാൽ അതു ശരിയാവില്ല. അതിനു ചിന്തയിൽ ബലംപ്രയോഗിച്ചു വളച്ചൊടിക്കേണ്ടിവരും. നേരായ ചിന്തയ്ക്കു വിഘാതമാകാത്ത, നേരായ ചിന്ത വിടന്നു പുഷ്പിക്കുന്ന വിശ്വാസമുണ്ടെന്നാണെൻെറ പക്ഷം, അനുഭവവും. ചിന്താപഥത്തിൽ മാത്രം നോക്കി ഞാനെന്തുചെയ്യണം എന്ന ജീവൽപ്രശ്നത്തിനു് ഉത്തരം വ്യക്തമാകാത്ത സന്ദർഭങ്ങളിൽ വിശ്വാ

സവെളിച്ചം പ്രകാശംപരത്തട്ടെ. പക്ഷേ, ചിന്താവെളിച്ചത്തിൽ വ്യക്തമാകുന്നവ ആ വെളിച്ചത്തിൽത്തന്നെ അന്വേഷിക്കണമെല്ലോ.

ശരിയാണു്, ധാർമ്മികനിയമങ്ങൾ ആരംഭംമുതൽ ഇന്നുവരെ മതവുമായി കൈകോർത്തുതന്നെയാണു പോന്നിട്ടുള്ളതു്. നാളെയുടെ ചരിത്രവും അതായിരിക്കും. ഇക്കാരണത്താൽ മതത്തിൽനിന്നു വേർപെട്ട ധർമ്മശാസ്ത്രത്തിനൊരു രംഗമില്ലെന്നു പറഞ്ഞാൽ അതു് അപ്പാടെ വിഴുങ്ങുക പ്രയാസം. ധാർമ്മികമണ്ഡലത്തിൽ പൂർണ്ണമായി മനുഷ്യൻ വളരണമെങ്കിൽ, മനുഷ്യനു നല്കേണ്ട വില പൂർണ്ണമായി കൊടുക്കണമെങ്കിൽ, മതം കൂടിയേതീരൂ. എന്നുവച്ചു്, മതം മുഴുവനായോ, ഭാഗികമായോ നിഷേധിക്കുന്നവരെല്ലാം ധാർമ്മികമായി അധഃപതിച്ചവരാണെന്നു ലേബലൊട്ടിച്ചാൽ അതു വഞ്ചനയായിരിക്കും. മതത്തെയും ഈശ്വരനെയും തള്ളിപ്പറയുന്നവർക്കു പ്രായോഗികജീവിതത്തിലേക്കു വെളിച്ചം നല്കുന്ന ധാർമ്മികസംഹിത ചിന്താമണ്ഡലത്തിൽ പണിയുവാൻ സാധിക്കുമെന്നാണു് എൻെറ വിശ്വാസം. മതനിഷേധകരും മതാനുയായികളും തമ്മിലുള്ള സംഭാഷണം— ഡയലോഗ്— ഇന്നിൻെറ ഒരാവശ്യമാണു്. ഈ സംഭാഷണത്തിനു വേണ്ടി സത്യം മറച്ചുവയ്ക്കണമെന്നോ, അർദ്ധസത്യം പ്രചരിപ്പിക്കണമെന്നോ സ്ഥാപിക്കുന്നില്ലിവിടെ. സത്യാന്വേഷണതൽപരതയിലൂടെ മാത്രം നീങ്ങുന്ന സംഭാഷണം സമതലത്തിലേ സാദ്ധ്യമാകൂ. മതം നല്കുന്ന വെളിച്ചം അന്ധകാരമായനുഭവപ്പെടുന്നവരുണ്ടെങ്കിൽ, അക്കാരണത്താൽ മാത്രം മതനിഷേധകരായവരുണ്ടെങ്കിൽ, അവരെല്ലാം ധാർമ്മികാധഃപതനത്തിൽപ്പെട്ടെന്നു പറയുകവയ്യാ. അവർ യുക്തിയുടെ വെളിച്ചത്തിൽ 'എന്തു

ചെയ്യണം' എന്ന മൗലികപ്രശ്നത്തിനുത്തരം അന്വേഷിച്ചു, ഒരു പരിധിവരെയെങ്കിലും. മനുഷ്യനിലെ മനുഷ്യന്റെ മുഖം വരയ്ക്കുക, മനുഷ്യനെന്നനിലയിൽ പൂർണ്ണമാകുക; ഈശ്വരനെ ആ മുഖത്തു നാം കാണും, മതത്തെയും—സമഗ്രമായ വളർച്ചയാണിതു്. ബലം പ്രയോഗിച്ചു വളർത്തിയാൽ ചിന്തയെ വിശ്വാസത്തിന്റെയും, മറിച്ചു് വിശ്വാസത്തെ ചിന്തയുടെയും 'ദാസി'യാക്കാൻ, ഉപകരണമാക്കാൻ, ശ്രമിച്ചാൽ വളർച്ച നില്ക്കും, മുരടിച്ചുപോകും. വികൃതരൂപം സ്വീകരിക്കുകയും ചെയ്യും.

## മനുഷ്യനിലെ മൃഗം

"മനുഷ്യനിലെ മൃഗത്തെ കീഴടക്കുവാൻ മൈസൂറിന്റെ ദേവത നിങ്ങൾക്കു ശക്തിനല്കട്ടെ!" 1966 ജൂലൈ മാസത്തിൽ മൈസൂർ സർവ്വകലാശാലയുടെ സുവർണ്ണജൂബിലിമഹാമഹത്തിൽ പങ്കെടുത്തുകൊണ്ടു ശ്രീ രാധാകൃഷ്ണൻ ചെയ്ത പ്രസംഗത്തിലെ ഒരു വാചകമാണിതു്. പ്രസിദ്ധനായൊരു ദാർശനികനാണു് ശ്രീ രാധാകൃഷ്ണൻ. മനുഷ്യനിലൊരു മൃഗമുണ്ടോ? ഉണ്ടെങ്കിൽ ആ മൃഗവും മനുഷ്യനിലെ മനുഷ്യനും തമ്മിൽ ശത്രുതയുണ്ടോ? ധർമ്മക്ഷേത്രമെന്നും കുരുക്ഷേത്രമെന്നുമെല്ലാം പറയുന്നതു മനുഷ്യനിലെ മനുഷ്യനും മൃഗവും തമ്മിൽ ഏറ്റുമുട്ടുന്ന രംഗമാണോ? ഇങ്ങനെ ചില ചോദ്യങ്ങളുയർന്നുവന്നു, ശ്രീ രാധാകൃഷ്ണന്റെ പ്രസംഗം വായിച്ചപ്പോൾ. ശ്രീ രാധാകൃഷ്ണൻ ദാർശനികന്റെ നിലയിൽനിന്നു മാറി കവിയുടേതോ മറ്റോ ആയ ആലങ്കാരികഭാഷ ഉപയോഗിച്ചതാണെന്നുവയ്ക്കുക. എന്നാലും അതിനുള്ളിലും ഉണ്ടാകുമല്ലോ അല്പം വല്ലതും.

മനുഷ്യനിൽ ഒരു മൃഗമുണ്ടെന്നു സമ്മതിക്കണം.

അരിസ്റ്റോട്ടൽ മനുഷ്യനൊരു നിർവ്വചനം നല്കി: 'ചിന്തിക്കുന്ന മൃഗം'. ഈ നിർവ്വചനം ചോദ്യംചെയ്യാതങ്ങു സ്വീകരിച്ചാൽ മനുഷ്യൻ വളരുന്നതിനായി ഈ മൃഗത്തെ അങ്ങു വളർത്തിവിട്ടാൽ പോരേ? എങ്ങും ദൃശ്യമാകുന്ന ധാർമ്മികാധഃപതനത്തിൻെറ പശ്ചാത്തലത്തിലായിരുന്നു ശ്രീ രാധാകൃഷ്ണൻെറ പ്രസംഗം മുഴങ്ങിയതു്.

"ആരായിരിക്കാം മൈസൂറിൻെറ ദേവത?" ഒരു സുഹൃത്തിനോടു ഞാൻ ചോദിച്ചു. "ചാമുണ്ഡിയിലെ ദേവതയായിരിക്കാം. കാരണം, മൈസൂറിലെ ചാമുണ്ഡി ഹിൽസിൽ പ്രശോഭിക്കുന്ന അമ്പലമാണല്ലോ പ്രസിദ്ധിയാർജ്ജിച്ചതും തീർത്ഥകരെ ആകർഷിക്കുന്നതും."— സ്നേഹിതൻെറ മറുപടി. ചാമുണ്ഡിമാമല സമതലമായ മൈസൂറിൽ അങ്ങനെ ഉയർന്നുനില്ക്കുന്നു. ദേവതയ്ക്കു ഭരിക്കുവാൻ പററിയ സ്ഥലംതന്നെ. ആ ദേവതയുടെ അടുത്തേക്കെത്തണമെങ്കിൽ സമതലം വിട്ടു നടന്നോ, വണ്ടിയിലോ കയറണം, ബുദ്ധിമുട്ടവേണം. ചാമുണ്ഡിമലയിലെ അമ്പലത്തിലേക്കുള്ള കയറ്റത്തിൽ ഒൻപതടി പൊക്കമുള്ള ഒരു പ്രതിമ കാണാം. ഒരസുരൻേറതാണെന്നും, ഈ അസുരനെ വധിച്ചു സ്ഥലത്തെ ജനങ്ങൾക്കു രക്ഷ നല്കിയ ദേവതയ്ക്കാണു മുകളിലെ അമ്പലം പ്രതിഷ്ഠിച്ചിരിക്കുന്നതെന്നുമാണു് അവിടങ്ങളിൽ പരന്നിരിക്കുന്ന കഥ. മനുഷ്യനിലെ മനുഷ്യനും മൃഗവും തമ്മിൽ നടക്കുന്ന സമരത്തിൽ മനുഷ്യൻ വിജയിക്കണമെന്നതാകാം ഇതിനുള്ളിലെ പാഠം.

മനുഷ്യൻ, ചിന്തിക്കുന്ന മൃഗംതന്നെ; പക്ഷേ, ചിന്തിക്കാത്തൊരു മൃഗമെന്നനിലയിലും അവനു ജീവിക്കാം. മൂല്യങ്ങളെല്ലാം കളഞ്ഞുകുളിക്കണമെന്നില്ല, ഈ നിലയിൽ സുഖമായി ജീവിക്കുവാൻ. അല്ല, പലപ്പോഴും

ചിന്തിക്കാത്ത മൃഗമെന്നനിലയിൽ ജീവിക്കുന്നതായിരിക്കും കൂടുതൽ എളുപ്പവും. ചിന്തിക്കുവാനുള്ള കടമ മറ്റുള്ളവരുടെമേൽ വച്ചിട്ട് അവർ പറഞ്ഞുതരുന്നവിധത്തിലങ്ങനെ ജീവിച്ചുപോകാനും പ്രയാസമില്ല. ഭ്രൂണഹത്യ തെററാണെന്ന് ഞാൻ ജനിച്ചുവളന്ന സമുദായം പഠിപ്പിക്കുന്നു; അതിൻെറ കാരണം അന്വേഷിക്കേണ്ടതേയില്ല!—എന്നിങ്ങനെയുള്ളമനഃ സ്ഥിതിയോടുകൂടി ജീവിച്ചാൽ അതു ചിന്തിക്കുന്ന മൃഗത്തിൻേറതാകയില്ല. എന്നാൽ ഇവിടെ അധികാരനിഷേധത്തെ പിന്താങ്ങണമെന്നല്ല വിവക്ഷ. അധികാരത്തിൻെറ സ്വരം സ്വീകരിക്കുമ്പോഴും ചിന്തിക്കുന്ന മൃഗം, മനുഷ്യൻ, എന്നനിലയിൽ സ്വീകരിക്കണം. ഒരുപടികൂടി കടന്നുപറയാം: സ്വതന്ത്രമൃഗമെന്നനിലയിൽ സ്വീകരിക്കുന്ന മൂല്യങ്ങൾ മാത്രമെ ധാമ്മികപീഠത്തിൽ മനുഷ്യനെ പ്രതിഷ്ഠിക്കുന്നുള്ളു. ചിന്തിക്കുന്ന മൃഗമെന്നനിലയിൽ ചെയ്യുന്നതെല്ലാം ധാമ്മികമൂല്യങ്ങളുടെ പടിയിലേക്കുയരണമെന്നില്ല.

ചിന്തയും സ്വാതന്ത്ര്യവും ഒരുമിച്ചുചേരുന്ന പ്രവൃത്തികളുണ്ട്. അവയ്ക്കു മാനുഷികപ്രവൃത്തികളെന്നു തൽക്കാലം പേരു നല്കാം. ഇവ മനുഷ്യൻേറതായ പ്രവൃത്തികളാണ്. മനുഷ്യനറിയാതെ മനുഷ്യനിൽ പല പ്രവൃത്തികളുമുണ്ടാകുന്നുണ്ട്. ഉദാഹരണം: ഉറക്കത്തിൽ നടക്കുക, സംസാരിക്കുക. ഇവയും മനുഷ്യൻേറതാണ്. പക്ഷേ, മാനുഷികമല്ല. ചിന്തിക്കുന്ന മൃഗമായ മനുഷ്യൻ പലപ്പോഴും ചിന്തയിൽ മുഴുകാറുണ്ട്, അവനറിയാതെതന്നെ. ഇവ മനുഷ്യൻേറതാണ്. മനുഷ്യനുമാത്രം ഉള്ളതും. മൃഗങ്ങൾക്കു ചിന്താശക്തിയില്ലെന്നു സങ്കല്പിക്കുകയാണിവിടെ. അല്ല, അവയ്ക്കും മനശ്ശക്തിയും സ്വതന്ത്രതീരുമാനം എടുക്കാനുള്ള കഴിവുമുണ്ടെന്നു വാദി

ച്ചാൽ ധാർമ്മികപ്രവൃത്തികളുടെ മണ്ഡലത്തിൽപ്പെടുത്ത ണം മൃഗങ്ങളുടെ പ്രവൃത്തികളേയും. ഈ ചിന്തിക്കുന്ന മൃഗമെന്ന നിലയിൽ സ്വതന്ത്രതീരുമാനമനുസരിച്ചു ചെയ്യുന്ന പ്രവൃത്തികളേ ധാർമ്മികമാകു എന്നു സമ്മതിച്ചാൽ ഈ സ്ഥിതിയിൽനിന്നകന്നു് മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കു മൂല്യങ്ങളില്ലെന്നുവരണമോ? മൂല്യങ്ങളാകാം, ധാർമ്മികമാകില്ല. ഇതിൽനിന്നു വ്യക്തമാകുന്നില്ലേ മൂല്യങ്ങളുടെയിടയിൽത്തന്നെ, ഉയർച്ചയും താഴ്ചയും, ഒന്നാംപടിയും പതിനെട്ടാംപടിയുമുണ്ടെന്നു്? ഏതാണു് ഈ പടികൾ?

## തിരഞ്ഞെടുപ്പോ?

സത്യവും നീതിയും മൂല്യങ്ങൾതന്നെ. ആദ്ധ്യാത്മികമൂല്യങ്ങളും ഭൗതികമൂല്യങ്ങളും നമ്മുടേതാണു്. ഒന്നിനെ മറെറാന്നിന്റെ മുകളിൽ പ്രതിഷ്ഠിക്കുന്നതെന്താണു്? സ്വാതന്ത്ര്യംകൂടാതെ ധാർമ്മികതയ്ക്കു് ഇടമില്ലെങ്കിൽ സ്വാതന്ത്ര്യത്തിലൊതുങ്ങുന്നില്ലേ മൂല്യങ്ങളുടെ പടികൾ? എങ്കിൽ 'എന്റെ' തിരഞ്ഞെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു ഓരോ മൂല്യങ്ങളുടെയും നിലയും വിലയും. സാത്രിയ ദർശനത്തിൽ മൂല്യങ്ങളെ മൂല്യങ്ങളാക്കുന്നതു് 'ഞാൻ' ചെയ്യുന്ന സ്വതന്ത്രതീരുമാനംവഴി മാത്രമാണു്. മറെറാരു ചിത്രം നോക്കി പെയിന്റു് ചെയ്യുന്നതുപോലൊന്നല്ലല്ലോ തിരഞ്ഞെടുപ്പെന്ന പ്രക്രിയ. അതു സ്വതന്ത്രമാകണം. സ്വാതന്ത്ര്യം മാത്രമാകണം സാത്രിന്റെ കാഴ്ചയിൽ. ഇതു് ശരിയല്ലേ? പ്രതിജ്ഞാനിർവ്വഹണം എനിക്കു് ഒരു ധാർമ്മികമൂല്യമായി വരുന്നതു് ഞാൻ പ്രതിജ്ഞാനിർവ്വഹണം പ്രതിജ്ഞാലംഘനത്തിനുപരിയായി സ്വതന്ത്ര തിരഞ്ഞെടുപ്പിൽ സ്ഥാപിക്കുന്ന അവസരത്തിലല്ലേ? മൂല്യ

ങ്ങളുടെ പടികൾ പണിതുയർത്തിയിരിക്കുന്നതു സ്വാത ന്ത്ര്യത്തിൽ മാത്രമാണോ?—അല്ല. പ്രതിജ്ഞാനിർവ്വഹ ണം എനിക്കൊരു മൂല്യമാകുന്നതു് സ്വാതന്ത്ര്യത്തിലൂടെ യുള്ള ഈ സമർപ്പണത്തിലൂടെയാണെന്നതിനു സംശയമി ല്ല. പക്ഷേ, സമർപ്പണത്തിനു മുൻപേ പോകുന്ന, പ്രതി ജ്ഞാനിർവ്വഹണത്തെ പ്രതിജ്ഞാലംഘനത്തിനുപരിയാ യി നാം കാണുന്ന ഒരു കാഴ്ചയുണ്ടല്ലോ. ആ കാഴ്ചയുടെ കാരണമാകട്ടെ, പ്രതിജ്ഞാനിർവ്വഹണത്തിന്റെയുള്ളിൽ നിറഞ്ഞുതുളുമ്പുന്ന പൂർണ്ണതയത്രേ. ഈ വഴിക്കു ചിന്ത യെ തിരിച്ചുവിട്ടാൽ നാം ചെന്നെത്തും, ഒരു നിഗമന ത്തിൽ. വസ്തുനിഷ്ഠമായ സ്വാതന്ത്ര്യതിരഞ്ഞെടുപ്പിനെത്ത ന്നെ പല നിലകളിൽ പ്രതിഷ്ഠിക്കുന്ന പടികളുണ്ടെന്നു്.

ഒന്നാംനില

മാനുഷികമല്ലാത്ത മൂല്യങ്ങളെ താഴ്ന്ന പടിക ളിൽ നമുക്കു കാണാം. ഐന്ദ്രികസന്തോഷവും, സന്താ പവും മററും ഈ ഗണത്തിൽപ്പെടുന്നു. വളർച്ച, സുഖാ സുഖങ്ങൾ മുതലായവയും. ഇവയെല്ലാം മനുഷ്യനു മൂല്യ ങ്ങൾതന്നെ. പക്ഷേ, മനുഷ്യനെന്ന നിലയിലല്ല ഇവ മനുഷ്യൻേറതാകുന്നതു്. ചെടികൾക്കുമുണ്ടല്ലോ വളർച്ച യും തളർച്ചയും? മൃഗങ്ങളും അന്വേഷിക്കുന്നു സന്തോഷ ദായകങ്ങളായവ. വേദനാജനകങ്ങളായവയിൽനിന്നു് ഓടിയകലുവാൻ വെമ്പുക സാധാരണാനുഭവമാണല്ലോ. ഇക്കാരണത്താൽ ഈ മൂല്യങ്ങൾ മാനുഷിക(Human) മൂല്യങ്ങളുടെ പദവി പ്രാപിക്കുന്നില്ല.

രണ്ടാംനില

ഇവയുടെ മുകളിൽ ചില പടികളുണ്ടു്, മാനുഷി കമൂല്യങ്ങളുടേതു്. എന്നാലിവയും ധാർമ്മികമൂല്യങ്ങളുടെ

പദവിയിലേക്കുയരുന്നില്ലതാനും. ഇവ മാനുഷികങ്ങളാണ്. കാരണം,മനുഷ്യനു സ്വന്തമായവയാണീ മൂല്യങ്ങൾ. ചിന്തിക്കുന്ന മൃഗത്തിനു മാത്രമാണീ മൂല്യങ്ങൾ മൂല്യങ്ങളാകുന്നതു്. പക്ഷേ, ഇവ ധാർമ്മികങ്ങളല്ല, മനുഷ്യനെ മനുഷ്യനെന്നനിലയിൽ സ്ഥാപിക്കുന്നതും തൂക്കി വിലയിരുത്തുന്നതും ഈ മൂല്യങ്ങളല്ലാത്തതിനാൽ. സാമ്പത്തികമൂല്യങ്ങളുണ്ടല്ലോ—കമ്പോളനിലവാരമുയരുന്നതും താഴുന്നതും, സമൃദ്ധിയും ദാരിദ്ര്യവും ,എല്ലാം ഇവിടെത്തന്നെയത്രേ നിലകൊള്ളുന്നതു്. ബൗദ്ധികതലത്തിൽ നാം വിലമതിക്കുന്ന സൂക്ഷ്മബുദ്ധിയും, ചതുരതയും, വിലതാഴ്ത്തിക്കാണുന്ന അജ്ഞതയും ധാർമ്മികതയുടെ നിലയിലേക്കുയരാതെ മാനുഷികംമാത്രമായിക്കഴിയുന്ന മൂല്യങ്ങളാണ്. അതുപോലെതന്നെ കലാവാസനയും, സാമൂഹ്യമൂല്യങ്ങളായെണ്ണപ്പെട്ടുന്നവയിൽ ചിലതും—ഉദാഹരണം: ഒരു തീപ്പൊരിപ്രകൃതി, പ്രസന്നമുഖഭാവം...ഇവയെല്ലാം മാനുഷികങ്ങളാണ്, ധാർമ്മികതലത്തിലേക്കുയരുന്നില്ലെങ്കിലും.

ഈ മൂല്യങ്ങൾക്കു ജീവിതത്തിലുള്ള വിലയും നിലയും ഇടിച്ചുതാഴ്ത്താൻ യാതൊരുദ്ദേശവും ഇവിടെ ഒളിഞ്ഞുകിടപ്പില്ല. ഈ മൂല്യങ്ങൾക്കെല്ലാം വലിയൊരു വില മനുഷ്യൻ കൊടുക്കുന്നുണ്ടു്. ജീവിതകാലം മുഴവൻ ഈ മൂല്യങ്ങളുടെ പിന്നാലെ, (ഉദാഹരണം: സമ്പത്തിൻെറ, ജ്ഞാനതൃഷ്ണയുടെ പിന്നാലെ) പായുന്ന മനുഷ്യൻ ചെയ്യുന്നതു തെററാണെന്നു് ഇവിടെ വിവക്ഷയില്ല. തെറ്റല്ലെന്നു മാത്രമല്ല, പുസ്തകങ്ങളിൽ ഭൗമികപറുദീസാ കണ്ടെത്തുന്നവർ ശ്രേഷ്ഠമായൊരു സേവനമാണു സമുദായത്തിനു ചെയ്യുന്നതു്. ഒരു കാര്യം വ്യക്തമാകുന്നു. ഈ മൂല്യങ്ങൾ മനുഷ്യൻേറതാണ്, മനുഷ്യനു് ഇവയിൽ

പലതും കൂടിയേ തീരൂ... എന്നിരുന്നാലും ഇവ മനുഷ്യനെ മനുഷ്യനെന്ന നിലയിൽ ഉള്ളിൻെറ ഉള്ളിൽനിന്നു് ഉയർത്തുന്നില്ല. ഒരുവിധത്തിൽ പറഞ്ഞാൽ മനുഷ്യനെ ഈ മൂല്യങ്ങൾ ബാഹ്യമായിമാത്രം സ്പർശിക്കുന്നുവെന്നു പറഞ്ഞുവിടാം. തൻെറ അന്തസ്സത്തയിൽ മനുഷ്യൻ എന്തായിരിക്കുന്നുവോ—അല്ല, എന്താകേണ്ടിയിരിക്കുന്നുവോ, അവിടെ ഈ മൂല്യങ്ങൾക്കു കസേരയില്ല. ഈ മൂല്യങ്ങൾ മനുഷ്യനെ ആകർഷിക്കുന്നില്ല. മനുഷ്യനെന്നനിലയിൽ വിജ്ഞാനസമ്പാദനം വേണ്ടെന്നുവയ്ക്കാം. സമ്പത്തും ആരോഗ്യവും പരിത്യജിക്കാം, തള്ളിപ്പറയാം, പുറമേനിന്നുള്ള ഇവയുടെ ശക്തമായ ആകർഷണം അനുഭവപ്പെട്ടുമ്പോഴും. ഈ ആകർഷണത്തിൻെറ വലിക്കു് അടിമയാകുന്നില്ല, മനുഷ്യനിലെ മനുഷ്യൻ. മറിച്ച് ഇവയുടെയെല്ലാം നാഥനും, കർത്താവും എന്ന നിലയിൽ ഇവയെ തന്നിലേക്കാകർഷിക്കുന്നു.

## മൂന്നാംനില

ധാർമ്മികമൂല്യങ്ങളുടെ മുറികൾ ഏതു നിലയിലാണെന്നതിനു സംശയംവേണ്ടാ. അവ മാനുഷികങ്ങളാണു്, ഇതുവരെ പറഞ്ഞവയുടെ മുകളിലും. ഇവ മനുഷ്യനെ അവൻെറ അന്തസ്സത്തയിൽ ബാധിക്കുന്നു; തൂക്കി അളന്നു നോക്കുന്നു. സ്വാതന്ത്ര്യത്തിൻെറതായ ആ പരിശുദ്ധമണ്ഡലമുണ്ടല്ലോ, അതിനുള്ളിൽവച്ചാണു് ഈ മൂല്യങ്ങൾ മനുഷ്യനെ വിലകുറഞ്ഞവനും, വിലകൂടിയവനും ആക്കുന്നതു്. ഇതിനു താഴെയുള്ള ഈ രണ്ടുനിലകളിലും സ്വാതന്ത്ര്യത്തിൻെറ മണിയറ നാം കാണുന്നില്ല. ഈ മൂന്നാംനിലയിൽ പ്രായോഗികതലത്തിൽ സ്വാതന്ത്ര്യാപ്പ്ണം നടത്തുന്ന മനുഷ്യനെയാണു നാം കാണുക;

ഈ പ്രായോഗികതലം പ്രസ്തുതസ്വാതന്ത്ര്യത്തിനുതന്നെ, മനുഷ്യനു്, വില നല്കുന്നതായും, അവനെ തൂക്കിനോക്കുന്നതായും. മനുഷ്യൻ തൻെറ വിലയറിയുന്നതു് ഈ മൂന്നാം നിലയിൽവച്ചാണു്; ധാർമ്മികമൂല്യങ്ങളുടെതായ തട്ടിൽ വച്ചു്. ഇതെങ്ങനെയാണു നടക്കുന്നതെന്നു് അടുത്ത അദ്ധ്യായത്തിൽ നാം കാണുന്നു.

ഇനിയും വേണമെങ്കിൽ വേറൊരു നിലകൂടി കണ്ടുപിടിക്കാം—മതപരങ്ങളായ മൂല്യങ്ങളുടെ നില. മനുഷ്യന്റെ ആരംഭവും അന്ത്യവുമായ ദൈവത്തോടു മനുഷ്യനെ ബന്ധിക്കുന്നവയാണു് ഈ മൂല്യങ്ങൾ. ഇവിടെ നാം മറന്നുപോകരുതു്, മതവും ധാർമ്മികമൂല്യങ്ങളും തമ്മിൽ ഏററവും അടുത്ത ബന്ധമാണുള്ളതെന്നു്. മതം എന്നും ധാർമ്മികമൂല്യങ്ങളുടെ താങ്ങും തണലുമായിരുന്നു. ചിന്താതലത്തിൽ ധാർമ്മികമൂല്യങ്ങളെ കണ്ടെത്തുവാൻ സാധിക്കാത്തവരെ മതം പഠിപ്പിച്ചിട്ടുണ്ടു്, മുടക്കുകളിലൂടെയും കല്പനകളിലൂടെയും, ധാർമ്മികപ്രമാണങ്ങളുടെ നീണ്ട പട്ടിക. അതുപോലെതന്നെ വർദ്ധിച്ചുവന്നിരുന്ന മനുഷ്യമഹത്വത്തെപ്പററിയുള്ള ധാർമ്മികബോധം മതത്തിന്റെപേരിൽ നടന്ന വഴിതെററലുകളെ തിരുത്തിയെഴുതുകയും ചെയ്തിട്ടുണ്ടു്. ഉദാഹരണം: നരബലി, സതി തുടങ്ങിയവയെ തിരുത്തുവാൻ ആജ്ഞനല്കിയതു ധാർമ്മികമനുഷ്യനാണു്. ധാർമ്മികമൂല്യങ്ങൾ അവയുടെ പൂർണ്ണതയിൽ കൈവരണമെങ്കിൽ മതത്തിലേക്കു നാം കടന്നുചെല്ലണം. അതുപോലെതന്നെ മതത്തിൻെറ മതില്ക്കെട്ടിനുള്ളിൽ ചില ധാർമ്മികമൂല്യങ്ങൾ നാം കണ്ടുമുട്ടുകയും ചെയ്യും. രണ്ടുനിലകളും പലയിടത്തും ഒരുമിച്ചു ചേരുന്നതുകൊണ്ടു് രണ്ടും ഒന്നുതന്നെയെന്നങ്ങു പറഞ്ഞു വിടുന്നതു ശരിയല്ലല്ലോ.

മനുഷ്യനിലെ മൃഗത്തെ ജയിക്കുവാൻ മതം ചില

ആയുധങ്ങൾ മനുഷ്യനു നല്കിയിട്ടുണ്ട്. മനുഷ്യൻ ഇന്നും, എന്നും, എവിടെയും ഈ ആയുധങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. മൈസൂറിലെ ദേവത, മതം, സഹായിച്ചേക്കാം മനുഷ്യനിലെ മൃഗത്തെ ജയിച്ചടക്കാൻ. അതുകൂടാതെയും ഉണ്ടല്ലോ ഒരു മാർഗ്ഗം. ഒന്നും രണ്ടും നിലകളും ആ നിലകളിലേക്കുള്ള ചവിട്ടുപടികളും ചവുട്ടി മനുഷ്യനിലെ മനുഷ്യൻ — ധാർമ്മികമനുഷ്യൻ — മൂന്നാംനിലയിലേക്കു കയറട്ടെ. അപ്പോൾ മനുഷ്യനിലെ മൃഗത്തെ ധാർമ്മിക മനുഷ്യൻ കീഴടക്കിക്കഴിയും.

# 3. മനുഷ്യനിലെ ന്യായാധിപൻ

മററുള്ളവരുടെയെല്ലാം കണ്ണുകെട്ടിയാലും, എൻെറ കണ്ണുകൾ ഞാൻ എങ്ങനെ കെട്ടിവയ്ക്കും? എന്നിലെ ആ ന്യായാധിപനിൽനിന്നു് എങ്ങനെ ഞാൻ ഒഴിഞ്ഞു മാറും?...

'മഗ്ദലനമറിയ'ത്തിലെ രണ്ടു വരികൾ പാടിക്കൊണ്ടു് ധർമ്മശാസ്ത്രവീഥിയിലൂടെ അല്പംകൂടി മുന്നോട്ടു നീങ്ങാം:

"ചെയ്യരുതാത്തവ ചെയ്തവളെങ്കിലും
ഈയെന്നെത്തള്ളല്ലേ തമ്പുരാനേ!"

'ചെയ്യരുതാത്തതു്' എന്നങ്ങനെ വല്ലതുമുണ്ടോ? ഉണ്ടെന്നു് എല്ലാവരും സമ്മതിക്കും. പക്ഷേ, പ്രശ്നം തീരുന്നില്ല. സമുദായം ഒരു മുടക്കു കല്പിച്ചു. മതം ഒരു വിലക്കു നല്കി. ഇക്കാരണങ്ങളാൽ ചെയ്യരുതാത്തതു പലതുമുണ്ടു്, ജനിച്ചുവളന്ന സമുദായം പഠിപ്പിച്ചു, ചെയ്യരുതാത്തവയുടേയും ചെയ്യേണ്ടവയുടേയും നീണ്ട പട്ടിക. ചെറുപ്പം തൊട്ടു് ഈ അദ്ധ്യയനവും, അദ്ധ്യാപനവും അങ്ങനെ തുടരുകയാണു്. ചെയ്യരുതാത്തവയുടേയും, ചെയ്യേണ്ടവയുടേയും നടുക്കൊന്നിറങ്ങിനോക്കാം, മനുഷ്യനെന്ന നിലയിൽ ചെയ്യരുതാത്തവ വല്ലതുമുണ്ടോയെന്നറിയുവാനും, ആ നിലയിൽ ചെയ്യേണ്ടവ ചെയ്യുവാനും., ഒന്നാംനിലയിലും, രണ്ടാംനിലയിലും താമസമുറപ്പിക്കാതെ മൂന്നാം നിലയിൽത്തന്നെ ജീവിതം നയിക്കുവാൻ.

## ഉണ്ടെന്നും ഇല്ലെന്നും

ചെയ്യരുതാത്തവയും, ചെയ്യേണ്ടവയും ഉണ്ടെന്നതിൽ രണ്ടു പക്ഷമില്ല. എല്ലാ മനുഷ്യരുടെയിടയിലും

കാണാം മുടക്കുകളും കല്പനകളും. മതങ്ങൾ നല്കുന്നുണ്ട് ചില മുടക്കുകൾ, ശാസനങ്ങൾ. ഓരോ സംസ്കാരത്തിലും അലിഞ്ഞുചേർന്നിട്ടില്ലേ ചെയ്യേണ്ടവയുടെ ചൈതന്യം? എങ്കിൽ ധാർമ്മികമൂല്യങ്ങളുണ്ടെന്നു സ്ഥാപിക്കേണ്ടതില്ല ല്ലോ?...എന്നാൽ ഇവിടംകൊണ്ടവസാനിക്കുന്നില്ല നമ്മുടെ പ്രശ്നം. ചെയ്യേണ്ടവയും, ചെയ്യരുതാത്തവയും എല്ലായിടത്തുമുണ്ടെങ്കിൽ അവയുടെയിടയിലുണ്ട്, വൈവിധ്യവും വൈരുദ്ധ്യവും. കാലത്തിനും സാഹചര്യത്തിനും ഒപ്പിച്ചു മാറിമാറിപ്പോകുന്നില്ലേ ചെയ്യേണ്ടവയും ചെയ്യരുതാത്തവയും?

"ഇന്നലെച്ചെയ്തോരബദ്ധം മൂഢ-
ർക്കിന്നത്തെയാചാര"വും, "നാളത്തെ ശാസ്ത്ര"വും

ആകാമെങ്കിൽ, മനുഷ്യനെന്നനിലയിൽ ചെയ്യേണ്ടവയെന്തെന്നാരായുകതന്നെ ഭോഷത്വമല്ലേ? എല്ലാ മാറ്റത്തിനും അതീതമായി നിലകൊള്ളുന്ന മൂല്യങ്ങളുണ്ടോ? ഉണ്ടെന്നു സ്ഥാപിക്കാതെ ധർമ്മശാസ്ത്രവീഥിയിൽ മുന്നോട്ടുപോകുക പ്രയാസം. അടിത്തറ പണിയാതെ കെട്ടിടംപണി നടക്കുകയില്ലല്ലോ.

## ജീവിതത്തിൽനിന്ന്

മനുഷ്യനെന്നനിലയിൽ മനുഷ്യനു വിലനല്കുന്ന, മനുഷ്യൻ ചെയ്യേണ്ട ചില മൂല്യങ്ങളുണ്ടെന്നു സ്ഥാപിക്കുകയാണു ലക്ഷ്യം. സൗഭാഗ്യം, ദൈവം, സായുജ്യം—ഇവയെല്ലാമാണ് മനുഷ്യന്റെ അന്ത്യം. ഇതിലേക്കു ചെയ്യേണ്ടതെല്ലാം മനുഷ്യനെന്നനിലയിൽ ചെയ്യേണ്ടതാണെന്ന് എളുപ്പമങ്ങു പറഞ്ഞുപോകാം. ഈ സമീപനം അതിൽത്തന്നെ നല്ലതാണ്. പക്ഷേ, ഇതു മാത്രം പോരല്ലോ. നന്മയും തിന്മയും ജീവിതത്തിൽ ഉടനീളം മനുഷ്യനെ

ഉള്ളിൽനിന്നും സ്പർശിക്കുന്ന, തുക്കിനോക്കുന്ന രണ്ടു തട്ടുകളാണ്. തന്മൂലം ജീവിതത്തിൽനിന്ന് ഒരു നിമിഷം അടർത്തിയെടുത്തു നമുക്കൊന്നു പരിശോധിച്ചുനോക്കുക, മനുഷ്യനെന്നനിലയിൽ ചെയ്യേണ്ട മൂല്യങ്ങൾ—ധാർമ്മിക മൂല്യങ്ങൾ—സ്ഥാപിക്കുവാൻ.

**ജനസ്വരം**

പത്രമാസികകളിൽ 'ജനസ്വരം' എന്ന പേരിൽ പലതും കണ്ടുവരാറുണ്ട്—പ്രത്യേകിച്ചു വിമർശനങ്ങൾ. ജനസ്വരത്തിൽനിന്നു ധാർമ്മികമൂല്യങ്ങളിലേക്കു കടക്കാമോ എന്നു നോക്കാം. ജനസ്വരം പ്രകടമാക്കുന്നു, മനുഷ്യൻെറ ഉറച്ച ബോദ്ധ്യങ്ങളെ. ഒരു വ്യക്തിയുടെയോ, സമൂഹത്തിന്റെയോ മാത്രം സ്വരമല്ല 'ജനസ്വരം' എന്നതുകൊണ്ടു വിവക്ഷിതം. പ്രത്യുത, സ്ഥലകാല സാഹചര്യങ്ങൾക്കപ്പുറത്ത്, നിറഭേദവും, ജാതിഭ്രാന്തും മാററിവച്ചു മനുഷ്യനെന്നനിലയിൽ മനുഷ്യൻ പുറപ്പെടുവിച്ച സ്വരം. ഈ സ്വരം കേൾക്കണമെങ്കിൽ ഓരോ ജനത്തിൻേറയും, സംസ്കാരത്തിൻെറയും സംഭാവനകൾ പരിശോധിച്ചാൽ മതി, ആചാരമര്യാദകളും. പക്ഷേ, ഈ വിഷയത്തിൽ തെറ്റാവരമുണ്ടോ? എല്ലാക്കാലത്തെ മനുഷ്യക്കും തെററുപററുതോ? സൂര്യൻ ഭൂമിയെ പ്രദക്ഷിണംവയ്ക്കുമെന്നു പറഞ്ഞതിൽ എല്ലാവർക്കും തെററുപററിയില്ലേ? അതുപോലെ ധാർമ്മികമൂല്യങ്ങളുണ്ടെന്നവിഷയത്തിലും പാടില്ലെന്നുണ്ടോ? 'പാടില്ല' എന്നു് ഉറക്കെപ്പറയണം. ഈ വിഷയത്തിൽ തെററുപററുകയില്ലതന്നെ, മനുഷ്യനെ മനുഷ്യനെന്നനിലയിൽ അളക്കുന്നതും, വിലയിരുത്തുന്നതുമായ മൂല്യങ്ങളുണ്ടെന്നറിയുന്ന ആ അറിവിൽ മനുഷ്യനു തെററുപററുമെങ്കിൽ മനുഷ്യപ്രകൃതി

ഉള്ളിൽനിന്നുതന്നെ ചീഞ്ഞതാണെന്നുവരും. നമ്മതിന്മകളുടെ വിവേചനത്തിൽ തെററുപററില്ലെന്നിവിടെ പറയുന്നില്ല. വഴിതെററലുണ്ടാകാം. പലപ്പോഴും പ്രശ്നങ്ങളുടെ സങ്കീർണ്ണതയാൽ ഈ വിവേചനം ക്ഷിപ്രസാദ്ധ്യമാവില്ല. വീഴ്ചകളുണ്ടാകും. ഈ വിഷയത്തിലേക്കു പിന്നീട്ട തിരിയാം. എന്നാൽ അടിസ്ഥാനപരമായ തത്വങ്ങളെ അറിയുന്നതിൽ, നമ്മയുണ്ടെന്നറിയുന്നതിൽ, തെററുപററില്ലെന്നു മാത്രമാണിവിടെ മുറുകെപ്പിടിക്കുന്നതു്. ഈ വിഷയത്തിലും തെററുപററാമെങ്കിൽ, എന്റെ പ്രകൃതിയുടെ അടിസ്ഥാനപരമായ ആവശ്യങ്ങളും ചലനങ്ങളും അറിയുന്നതിൽത്തന്നെ എനിക്കുറപ്പില്ലെങ്കിൽ, മനുഷ്യപ്രകൃതിയുടെ അസ്തിത്വത്തിനുതന്നെ വിശദീകരണം ഇല്ലെന്ന നിലയിലേക്കും, അവിടെനിന്നു പൂർണ്ണമായ സംശയവാദത്തിലേക്കും താഴേണ്ടിവരും. താത്വികവേദിയിൽ അതു സാദ്ധ്യവുമല്ല. മനുഷ്യൻ മനുഷ്യനല്ലെന്നു വിധിക്കുന്നതിനോട്ട് അതു തുല്യമായിരിക്കുകയും ചെയ്യും.

### അറിവിൻെറ നിറം

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്—നമ്മയെ അറിയുന്ന അറിവിൻെറ സ്വഭാവം. ഇതെഴുതുന്നതു് പേനയുപയോഗിച്ചാണെന്നറിയുന്നതു്, ഒരറിവാണു്. ഈ പേന 'നല്ലതാണെ'ന്നറിയുന്നതും 'അറിവു'തന്നെ. പക്ഷേ, അറിവിൽ അല്പം അന്തരമുണ്ട്. ഇതു പേനയാണു് എന്ന അറിവു് ഒരുവിധത്തിൽ പറഞ്ഞാൽ പുറമേ നിന്നാണു്—പുറമേ കിടക്കുന്ന ഒരു വസ്തുവിനെ അവിടെ നിറുത്തി നിരീക്ഷിച്ചു പരീക്ഷിച്ചറിയുന്ന അറിവു്. അതേസമയം ഇതു് 'നല്ലതാണെ'ന്നറിയുന്ന അറിവു

ച്ചുടേറിയതാണ്. എന്തെങ്കിലും നല്ലതാണെന്നറിയുന്നതിനു മുൻപുതന്നെ എന്നിൽ ചില നീക്കങ്ങളുണ്ടാകും, ആ വസ്തുവിലേക്ക്. ആകർഷണമെന്നു വേണമെങ്കിൽ പേരു നല്കിക്കൊള്ളുക. എപ്പോഴും ബോധതലത്തിലേക്കുയരണമെന്നില്ല, ഈ നീക്കങ്ങളും ചലനങ്ങളും. പക്ഷേ, പിന്നീടു തന്നിലേക്കുതന്നെയുള്ള ബുദ്ധിയുടെ തിരിഞ്ഞുനോട്ടംവഴി (Reflection) ഈ ചലനങ്ങളെ അറിയുവാൻ സാധിക്കും. പൊതുനിരത്തിലൂടെ നടന്നു നീങ്ങുന്നൊരു നിരക്ഷരബാലനോടു ചോദിക്കുക: "മറ്റുള്ളവരെ വഞ്ചിക്കുന്നതു ശരിയോ?" "അല്ലാ," എന്നായിരിക്കും മറുപടി. അവനു കാരണംപറയാനാവില്ലായിരിക്കാം. പക്ഷേ, അവൻെറ അറിവും അറിവുതന്നെ. നന്മയെ ഈവിധത്തിൽ ചലനാത്മകമായൊരറിവിലൂടെയാണു നാം അറിയുക. അക്വീനോസും മാരിററയിനും ഈ അറിവിനെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മാരിററയിൻകവികളുടേതായ അറിവിനെയും അനുഭൂതിയേയും, ഇതേ ഗണത്തിലാണു പെടുത്തുന്നത്—സ്വാഭാവികപ്രവണതയിലൂടെയുള്ള ജ്ഞാനം (Knowledge through connaturality).

### വിധിവാചകം

മനുഷ്യനൊരു കഴിവുണ്ട്—സംഗതികളെ നോക്കിക്കാണുക, വിധിപറയുക. ഈ വിധിപറച്ചിലിൽ ചിലതിനെ സ്തുതിച്ചെന്നുവരും, ചിലതിനെ പുറംതള്ളിയെന്നും. വിധിവാചകത്തിലൂടെ, സ്തുതിഗീതത്തിലൂടെ, പുറംതള്ളുന്നതിലൂടെ, തരംതാഴ്ത്തുന്നതിലൂടെ മനുഷ്യൻ ചില വസ്തുക്കളെ ധാർമ്മികതലത്തിൽപ്പെടുത്തുന്നുണ്ട്: ചില പ്രവൃത്തികളെയും, പ്രവൃത്തിയുടെ നാഥനെയും—

മനുഷ്യനെയും. പുഴയിൽവീണു മുങ്ങിമരിക്കുവാൻപോകുന്ന ആൾ എൻെറ ശത്രുവാണെന്നിരുന്നാലും, അയാളെ രക്ഷിക്കുവാൻ എൻെറ മറെറാരു ശത്രു സ്വജീവൻ അപകടത്തിൽപ്പെടുത്തുന്നപക്ഷം ഞാനും, ഏതു മനുഷ്യനും, വിധിപറയും—'നല്ല പ്രവൃത്തി' എന്നു്. സ്വാർത്ഥത്തിനിവിടെ സ്ഥാനമില്ല. കാരണം, സ്തുതിക്കു വിഷയമാകുന്ന ആൾ ശത്രുവാണു്. രക്ഷപ്പെട്ടയാളും വിരോധിതന്നെ. നീന്തലിൽ അത്ര അധികമായ ചാതുര്യംകാണിച്ചില്ലെന്നുംവയ്ക്കുക; അപകടത്തിൽപ്പെട്ടയാൾ മരിച്ചെന്നും അതുപോലെതന്നെ രക്ഷിക്കുവാൻ വെള്ളത്തിലേക്കു ചാടിയ ആളുടേയും ജീവഹാനി വന്നുവെന്നും. മററുമൂല്യങ്ങളിൽനിന്നെല്ലാം വേർതിരിച്ചു ധാർമ്മികമൂല്യങ്ങളെ മൂന്നാം നിലയിൽത്തന്നെ കാണുവാനാണു് ഈ സങ്കല്പങ്ങളെല്ലാം കൊണ്ടുവരുന്നതു്. പരാജയത്തിലെത്തിയ സംരംഭത്തെ പാടിപ്പുകഴ്ത്തണം, മനുഷ്യരെല്ലാം; പുകഴ്ത്തുകതന്നെചെയ്യും. ശത്രുവും സ്തുതിക്കും. കാരണം, മനുഷ്യനെന്ന നിലയിൽ അയാൾ നല്ലൊരു പ്രവൃത്തിചെയ്തു. മററു തലങ്ങളിലെല്ലാം അയാൾ പരാജയപ്പെട്ടാലും—പ്രത്യേകിച്ച് ഇവിടെ നീന്തലിൽ. രക്ഷിക്കുവാൻ ചാടിയ ശത്രുവും അപകടത്തിൽപ്പെട്ട ശത്രുവും മരിച്ചതിൽ ഹൃദയകാഠിന്യംനിമിത്തം സന്തോഷിക്കുമ്പോഴും ആ പരാജയത്തിലെത്തിയ ശത്രുവിൻെറ ഉദ്യമത്തെ 'നല്ലതെ'ന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

പിടികൊടുക്കാതെ കളവുനടത്തിയതിൽ കള്ളൻ കാണിച്ച ചതുരതയെ നാമെല്ലാം സ്തുതിക്കുന്ന സ്തുതിയും പരാജയത്തിലെത്തിയ ആ ശത്രുവിൻെറ പ്രവൃത്തിയെ സ്തുതിക്കുന്ന വിധവും തമ്മിൽ തട്ടിച്ചുനോക്കുക. അപ്പോൾ കേൾക്കാം ജനഹൃദയങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന

ആ സ്വരം: ധാർമ്മികമൂല്യങ്ങളുണ്ടെന്നു്, മനുഷ്യനു് മനുഷ്യനെന്നനിലയിൽ വില നല്കുന്ന ചില മൂല്യങ്ങളുണ്ടെന്നു്. മനുഷ്യനിലെ 'മൃഗ'ത്തെ ചിലയവസരങ്ങളിൽ മനുഷ്യനിലെ 'മനുഷ്യൻ' കീഴടക്കുന്ന കാഴ്ച.

## നല്ല കള്ളൻ

ക്രിസ്തുവിനോടുകൂടി ഇടത്തും വലത്തും രണ്ടു കള്ളന്മാർ കുരിശിൽ തൂങ്ങിക്കിടന്നിരുന്നു. വലത്തുവശത്തു കിടന്നിരുന്ന കള്ളൻ ക്രിസ്തുവിലേക്കു തിരിഞ്ഞു—ചരിത്രത്തിലെ നല്ല കള്ളനായി. 1967 ജൂലൈമാസത്തിൽ കേരളത്തിലെ ഒരു നല്ല കള്ളന്റെ വിവരം ഇന്ത്യൻ എക്സ്പ്രസ്സ്, ടൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങളിൽ വന്നു. തൃശ്ശൂരിൽ ഒരു കടയിൽ ജോലിചെയ്തിരുന്ന യുവാവു് 10,000 രൂപാ മോഷ്ടിച്ചെടുത്തുകൊണ്ടു കടന്നുകളയുന്നു. ബോംബെയിലെത്തിയശേഷം ആ കള്ളൻ 8,000 രൂപാ രണ്ടു കൂട്ടുകളിലാക്കി ഇൻഷ്വർ ചെയ്തു് ഉടമസ്ഥനു് അയച്ചുകൊടുക്കുന്നു. ചെറിയൊരു കുറിപ്പുകൂടിയുണ്ടു്: ശേഷിച്ച 2,000 രൂപാ ജോലികിട്ടുമ്പോൾ അയച്ചുകൊടുക്കുന്നതാണു്. ധാരാളം കളവുകൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടു്. പക്ഷേ, ഇതിനെന്താണിത്ര 'ന്യൂസ് വാല്യൂ?' ഒന്നേയൊന്നുമാത്രം. പൊതുജനത്തിനിതിൽ താൽപര്യമുണ്ടു്. തിന്മ പടർന്നുപിടിക്കുമെന്നു പറയുക പതിവാണു്, ശരിതന്നെ. അതുപോലെ നന്മയും പടരും. ഈ കള്ളനിൽ നന്മ വിജയിച്ചു. 'ചെയ്യരുതാത്ത'തു ചെയ്തയാൾ പിന്നീടു ചെയ്യേണ്ടതുതന്നെ ചെയ്തു. പൊതുജനം 'നല്ല കള്ളൻ' എന്ന പേരുനല്കും, ആ കള്ളൻ 8,000 രൂപാ അയച്ചുകൊടുത്തതിൽ സഹതപിക്കുന്നവനും.

ആത്മപരിശോധനയിലും

വള്ളത്തോളിൻെറ മഗ്ദലനമറിയം ഒരാത്മശോധന നടത്തിയതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഫലമോ? 'ചെയ്യരുതാത്തതു ചെയ്തുപോയി' എന്ന ബോധം—അപരാധബോധം. തുടന്നു കരച്ചിലും, പശ്ചാത്താപവും:

"മാറിയൊഴിഞ്ഞെങ്ങു പോകേണ്ടൂ?
സങ്കടമാരോടു ചൊല്ലേണ്ടു തമ്പുരാനേ?"

നമ്മുടെ ജീവിതാനുഭവങ്ങളിലേക്കിറങ്ങിനോക്കുക—ഒരു മിന്നൽപ്പരിശോധന നടത്തുവാൻ. അവിടെ ഞാൻ കണ്ടുമുട്ടും എന്നെത്തന്നെ. ധാർമ്മികമൂല്യങ്ങൾക്കെതിരായി തെററുചെയ്യുമ്പോഴും ധാർമ്മികമൂല്യങ്ങളുണ്ടെന്നു് ഉറക്കെപ്പറയുന്ന 'എന്നെത്തന്നെ'. ഉദാഹരണം: പിതാവിന്റെ മരണക്കിടക്കയ്ക്കരികിൽവെച്ചു ഞാൻ ഒരു പ്രതിജ്ഞചെയ്തുവെന്നിരിക്കട്ടെ. മറെറാരാൾക്കു് പിതൃസ്വത്തിൻെറ ഒരുഭാഗം, 1,000 രൂപ കൊടുക്കാമെന്നു്. പിതാവിൻെറ മരണശേഷം പ്രതിജ്ഞാപാലനത്തിനു് എന്നെ പ്രേരിപ്പിക്കുന്ന ബാഹ്യസാഹചര്യങ്ങളൊന്നുമില്ലെന്നും വിചാരിക്കുക. നിയമത്തിന്റെ മുൻപിൽ എനിക്കൊന്നും ഭയപ്പെടാനില്ല. സമുദായത്തിൻെറ മുൻപിലും എനിക്കു 'നല്ലപിള്ള' ചമഞ്ഞു നടക്കാം. വേണമെങ്കിൽ വല്ല ദാനധർമ്മവുംചെയ്തു സമൂഹത്തിന്റെ മുൻപിൽ ഒരു കൈകഴുകലും, വെള്ളപൂശലും നടത്തുകയും ചെയ്യാം. എങ്കിലും എന്നിലുള്ള ആ മനുഷ്യൻ, ആ ന്യായാധിപൻ, വിധിനാഥൻ, പറയും, ഞാൻ പ്രതിജ്ഞ പാലിക്കണമെന്നു്. ഞാൻതന്നെയാണു് എൻെറ വിധിയാളൻ, ഈ വിഷയത്തിൽ. മററുള്ളവരുടെയെല്ലാം കണ്ണു കെട്ടിയാലും എന്റെ കണ്ണു ഞാൻ എങ്ങനെ കെട്ടിവയ്ക്കും?

എന്നിലെ ആ ന്യായാധിപനിൽനിന്നു ഞാൻ എങ്ങനെ ഒഴിഞ്ഞുമാറും? ആ ന്യായാധിപസിംഹാസനം ഞാൻ എങ്ങനെ വെട്ടിത്തകർക്കും?...ഞാൻ എന്നെ പ്രതിക്കൂട്ടിൽ കയററുകയാണിവിടെ. പ്രതിജ്ഞാലംഘനനിമിഷത്തിൽ കേൾക്കാം ഒരു സ്വരം: "അരുത്, ദുഃഖിക്കേണ്ടിവരും. കണ്ണുനീരിൻെറ കാസയുമായി ഭാവി നിന്നെ മാടിവിളിക്കും. പശ്ചാത്താപത്തിൻെറ തപ്തബാഷ്പം വീഴ്ത്തി പരിഹാരം ചെയ്യേണ്ടിവരും," എന്നെല്ലാം.

ഈ ദുഃഖവും, വെറും ബാഹ്യാചാരങ്ങളുടെ ലംഘനങ്ങളിൽനിന്നു് എന്നിലുണ്ടാകുന്ന അസംതൃപ്തിയും രണ്ടു തട്ടിൽ വച്ചൊന്നു പരിശോധിക്കാം. പരിഷ്കാരികളുടെ ഇടയിൽവച്ചു് ഒരു ബാഹ്യാചാരം ലംഘിച്ചാൽ എന്നിൽ ഒരു അസംതൃപ്തി ഉളവാകുക സഹജമാണു്—മററുള്ളവരുടെ ദൃഷ്ടിയിൽ കുറഞ്ഞവനായതിലുള്ള അസംതൃപ്തി. പുറമേനിന്നു് എന്നെ ബാധിക്കുന്ന ഒരു വികാരം മാത്രമല്ലേ ഇതു്? അതേസമയം ചെയ്യരുതാത്തതു ചെയ്യുന്ന ആ നിമിഷത്തിൽ, ചെയ്യേണ്ടതു ചെയ്യാതെ വിടുന്ന സമയം ഞാൻ എൻെറ മുൻപിൽ വിലകുറഞ്ഞവനായി മാറുന്നു; എന്നെത്തന്നെ തള്ളിപ്പറയുന്നു.

## മാനസികരോഗമല്ലിതു്

എന്നിലുളവാകുന്ന ഈ വികാരം, അനുഭൂതി, മാനസികമാണെന്നു പറഞ്ഞു് തടിതപ്പുക വയ്യാ. ചിലർ രാത്രിയിൽ ഉറങ്ങാൻ കിടന്നശേഷം രണ്ടുമൂന്നു പ്രാവശ്യമെങ്കിലും എണീററു പരിശോധിക്കാറുണ്ടു്, മുറികളെല്ലാം ഭദ്രമാണോ, പൂട്ടിയിട്ടുണ്ടോ എന്നെല്ലാം. അല്ലെങ്കിൽ ഉറക്കംവരില്ല. ഇവക്കു് അല്പം തകരാറുണ്ടു്. വല്ല ചികിത്സയുംകൊണ്ടു് ഇത്തരക്കാരുടെ വികാരങ്ങളെ

നിയന്ത്രിക്കാൻ സാധിച്ചേക്കാം. എന്നാൽ, ചെയ്യാൻ പോകുന്ന തെററിൽനിന്നു് എന്നിലുണ്ടാകുമെന്നു ഞാൻ കാണുന്ന പശ്ചാത്താപവികാരം മാററുവാൻ ഒരു ശസ്ത്രക്രിയകൊണ്ടോ, മദ്യപാനംകൊണ്ടോ സാധിക്കാമെന്നിരുന്നാലും, അതും ചെയ്യേണ്ടതല്ല എന്നൊരു വിധിവാചകം കേൾക്കാം എൻെറ ഉള്ളിൻെറ ഉള്ളിൽ. കാരണം, പശ്ചാത്താപവികാരം ഞാൻ അർഹിക്കുന്നതാണു്. ഒരു പക്ഷേ, "ഇപ്പശ്ചാത്താപമേ പ്രായശ്ചിത്തം" എന്നൊരു വിചാരമെങ്കിലും ഉണ്ടെങ്കിൽ അത്രയും നല്ലതു്.

## സാഹിത്യകൃതികളിലും

നമ്മുടേതായ രാമായണം, ഭഗവത്ഗീത മുതലായ ഗ്രന്ഥങ്ങൾ ധാർമ്മികമൂല്യങ്ങളുണ്ടെന്നതിനു മതിയായ തെളിവുകളാണു്. എല്ലാ ജനങ്ങളുടേയും നാടോടിപ്പാട്ടുകളും, കഥകളും, കാവ്യങ്ങളും പരിശോധിക്കുക. അവിടെയെല്ലാം കണ്ടുമുട്ടും മനുഷ്യനിലെ മൃഗത്തെ കീഴടക്കുന്ന വിലകൂടിയ മനുഷ്യരെ. ശരിയാണു്, മതബോധത്തോടു ബന്ധപ്പെട്ടത്തിയാണു് ഈ കഥകളും പാട്ടുകളും പലപ്പോഴും പ്രത്യക്ഷമാകുന്നതു്. എന്നാൽ ഒന്നിനെ മറ്റൊന്നിൽനിന്നു സാവധാനത്തിൽ വേർപെടുത്തിക്കാണുവാൻ, ചിന്തിക്കുന്ന മനുഷ്യനു സാധിക്കും. ഒരുമിച്ചു കൈകോർത്തു പോകുന്നതുകൊണ്ടു് രണ്ടും ഒന്നാണെന്നു പറയരുതല്ലോ.

ചുരുക്കത്തിൽ, "ചെയ്യരുതാത്തവ ചെയ്തവനെങ്കിലും, നീയെന്നെത്തള്ളല്ലേ തമ്പുരാനേ," എന്നു് ഈശ്വരസന്നിധിയിൽ കേഴുന്ന അവസരത്തിലും ഞാൻ കാണുന്നുണ്ടു്, ഞാൻ ചെയ്യരുതാത്തതു ചെയ്ത അവസരത്തിൽ എന്നെത്തന്നെ തള്ളിപ്പറഞ്ഞുവെന്നു്, എനിക്കെതിരായി എന്നിലെ ന്യായാധിപൻ വിധിയെഴുതിയെന്നു്.

## 4. തനിനിറം

മനുഷ്യൻ മനുഷ്യനെന്നനിലയിൽ സ്വാതന്ത്ര്യത്തിന്റെ മണിയറയിൽ തന്നെത്തന്നെ ബന്ധിക്കുന്നു; വസ്തുനിഷ്ഠമായ, പരമമായ, സാർവ്വലൗകികശൃംഖലകളാൽ; മനുഷ്യരെ സ്വതന്ത്രരാക്കുന്ന ചങ്ങലകളാൽ.

മനുഷ്യനിൽ ഒരു ന്യായാധിപനുണ്ടെന്നും ആ ന്യായാധിപന്റെ കണ്ണുകൾ കെട്ടുക സാദ്ധ്യമല്ലെന്നും നാം കണ്ടു. മഹസ്സർ തയ്യാറാക്കുന്നതിലും, സാക്ഷിവിസ്താരത്തിലും ഇവിടെ പാകപ്പിഴകൾവരില്ല. വസ്തുതകൾ വളച്ചൊടിക്കുന്നതിനും തിരുത്തിയെഴുതുന്നതിനും ചെയ്യുന്ന പരിശ്രമം തെററാണെന്ന വിധിവാചകം ഈ ന്യായാധിപനിൽനിന്നു മുഴങ്ങിക്കൊണ്ടിരിക്കും. ഈ ജഡ്ജിയുടെ വിധിപ്രസ്താവനയ്ക്കു് ഒരു ശക്തിയുണ്ടു്: മനുഷ്യനെ ബന്ധിക്കുവാനുള്ള ശക്തി.

### സ്വാതന്ത്ര്യത്തിലും വിലങ്ങ്

'ഞാൻ ഇതു ചെയ്യണം', 'അതു ചെയ്യരുതു്', 'മായംചേർക്കുന്നതു തെററാണു്', 'മോഷ്ടിച്ചെടുത്ത 10,000 രൂപ മടക്കിക്കൊടുക്കണം' എന്നിങ്ങനെയുള്ള വിലക്കുകളിലും മുടക്കുകളിലും പ്രകടമായിക്കിടക്കുന്നുണ്ടല്ലോ ഒരു കടമ, ഒരു സമ്മർദ്ദം. എന്റെ കൈയിലിരിക്കുന്ന പേന താഴേക്കിട്ടാൽ തീർച്ചയായും നിലംപതിക്കും, ഒരത്ഭുതം വഴി വായുവിൽ തങ്ങിനിന്നില്ലെങ്കിൽ. ഇവിടെയുണ്ട് ഒരു ആവശ്യകത, ഒരു അനിവാര്യത(necessity). പക്ഷേ, ധാർമ്മികമണ്ഡലത്തിലേക്കു നോക്കുക. അവിടെക്കാണുന്ന അനിവാര്യതയുടെ ഉള്ളിൽക്കാണാം സ്വാതന്ത്ര്യം. പ്രകൃതിനിയമമാണു് പേനയിൽ, ഘനമുള്ള വസ്തുവിൽ, ഒരു

DHARMA... LIBRARY 24414

നിബ്ബന്ധം ഉണ്ടാക്കിവയ്ക്കുന്നതു്—കേന്ദ്രാകർഷണശക്തി മൂലം. ധാർമ്മികരംഗത്തോ? സ്വാതന്ത്ര്യത്തിൻെറ ഉള്ളി ലാണു് ആ വിലങ്ങിൻെറ സ്വഭാവം കാണപ്പെടുക. സ്വാതന്ത്ര്യസിംഹാസനത്തിൽനിന്നും മുഴങ്ങുന്ന വിധി വാചകത്തിനർത്ഥമുണ്ടാകണമെങ്കിൽ ചെയ്യരുതെന്നു പറ യുന്നതിനെതിരായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടാ യിരിക്കണം. തൃശ്ശൂരിലെ ആ കള്ളൻ 'നല്ല കള്ള'നായ തു് മോഷ്ടിച്ചെടുത്ത രൂപ മടക്കിക്കൊടുക്കാതിരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നിട്ടും, ആ സ്വാതന്ത്ര്യത്തിനു ള്ളിൽ മുഴങ്ങിയ മനുഷ്യനിലെ ന്യായാധിപൻെറ വിധി വാചകം ശ്രവിച്ചു് അതനുസരിച്ചു് അയാൾ പ്രവർത്തി ച്ചതുകൊണ്ടാണു്. മടക്കിക്കൊടുക്കാതിരിക്കാൻ സ്വാത ന്ത്ര്യം ഇല്ലെങ്കിലോ? അയാളുടെ പ്രവൃത്തിക്കു ധാർമ്മിക 'നന്മ'യുണ്ടാവില്ല. വിലകൂടിയ മനുഷ്യക്കു്, ധാർമ്മിക മനുഷ്യക്കു്, രൂപം നല്കുമ്പോൾ സ്വാതന്ത്ര്യത്തിന്റെ വില കുറച്ചുഴതുന്നതു വലിയ ധാർമ്മികാപരാധമായിരിക്കും. സർക്കസിൽ മൃഗങ്ങളെ തഴക്കുന്നതുപോലല്ലല്ലോ മനുഷ്യ ക്കു ധാർമ്മികബോധം നല്കുന്നവർ ചെയ്യേണ്ടതു്. സ്വന്തം തീരുമാനത്തിൻെറ പൂർണ്ണഭാരം പൂർണ്ണസ്വാതന്ത്ര്യത്തിൽ തോളിൽ ചുമക്കാൻപോരുന്ന അതിമാനുഷരെയാണു് നമുക്കു വേണ്ടതു്.

അപ്പുറത്തുനിന്നും

ചങ്ങമ്പുഴയോടുകൂടി,

"ഹൃദയശൂന്യതമാത്രമാണേതൊരു
വിജയലബ്ധിക്കുമേകാവലംബനം
ഇവിടെയാദർശമെല്ലാമനാഥമാ-
ണിവിടെയാത്മാർത്ഥതയ്ക്കില്ലൊരർത്ഥവും"

എന്നു പാടേണ്ട അവസരമുണ്ടായേക്കാം. പക്ഷേ, അവിടെയും ഹൃദയപൂർണ്ണത പ്രാപിക്കുവാനും, അനാഥമായ ആദർശത്തിനു നാഥനായി മാറുവാനും,

"അതിചപല വികാരശതങ്ങളോ-

ടമിത ധീരമെതിർത്തു" നില്ക്കാനും ശക്തി നല്കുന്നതു് ആ വിധിവാചകമാണു്—എന്നിൽനിന്നു്, പക്ഷേ, എനിക്കെതിരെനിന്നു് വരുന്ന ആ വിധിവാചകം. വസ്തുനിഷ്ഠ(Objective)മാണതു്. ന്യായാധിപൻ മാറ്റത്തിനധീനനാണു്. നിഴലും വെളിച്ചവും മാറിമാറി നിഴലിക്കുന്ന നിമിഷത്തിലൂടെ മാറിമറഞ്ഞു കടന്നുപോകുന്നവൻ. വിധിവാചകം ഒരു നിമിഷത്തിനുള്ളിൽ കഴിയുന്നു. വിധിവസ്തുവാകട്ടെ, കാററത്താട്ടുന്നു! ഒരുതുള്ളി മഷിമാത്രം—അതു കള്ളയൊപ്പായി മാറുന്നു. പക്ഷേ, ഈ കാററത്താട്ടുന്ന മനുഷ്യൻെറ ക്ഷണികമായ പ്രവൃത്തിക്കു കൈവരുന്നു, ഒരു ശക്തിവിശേഷം: 'അരുതു്' എന്നു ഉറക്കെപ്പറയുന്ന ശക്തിവിശേഷം. പ്രതിജ്ഞകൾ പാലിക്കണം; കള്ളയൊപ്പിടരുതു്—എന്നിങ്ങനെ. ഇവിടെ ആദർശം അനാഥമല്ല, അനാഥമാകയുമില്ല, അനാഥമാക്കുകയുംവയ്യാ. കാരണം, എൻെറ മുൻപിൽ എനിക്കെതിരെ ഞാൻ കാണുന്നു, മാററുവാൻ ശ്രമിച്ചാലും മാറിപ്പോകാത്തൊരു വസ്തുനിഷ്ഠമായ ചങ്ങല.

## സാക്ഷികളെന്തിനു്?

വിധികൾക്കു ബലം നല്കുവാൻ സാക്ഷികളെ അണിനിരത്തേണ്ടതേയില്ല. ആ വിധിക്കുള്ളിൽ, ആ മൂല്യത്തിൻെറ അന്തഃസത്തയിൽ, അവിടെ ദൃശ്യമാണല്ലോ ഒരു വിശദീകരണം, നീതീകരണം. ആ മൂല്യംതന്നെയാണതിനുവേണ്ടി വാദംനടത്തുന്നതു്. മുല്ലപ്പൂവിൻെറ

സൗരഭ്യം പ്രസംഗിക്കേണ്ടതുണ്ടോ, അതാസ്വദിച്ചിട്ടുള്ള വരോട്ട്? ഏതൊരു മൂല്യത്തിലും ലയിച്ചുകിടപ്പുണ്ട് ചില ആഹ്വാനങ്ങളും, അവകാശങ്ങളും, കടമകളും. കവികൾക്കു മാത്രമറിയാം ഈരടികൾ പാടുവാൻ, എഴുതുവാൻ. അവരുടെ ഉള്ളിൻെറ ഉള്ളിലുണ്ടാകുന്ന ചലനങ്ങളുടെ ശക്തി എത്രമാത്രമാണെന്ന് അവർ മാത്രമേ അറിയുന്നുള്ളൂ. നല്ലൊരു പാട്ടുകാരൻ അറിയാതെതന്നെ പാടിപ്പോകും, പ്രത്യേകിച്ചും വികാരസാന്ദ്രതയുടെ നിമിഷങ്ങളിൽ. ചിത്രകലയിൽ വളരണമെങ്കിൽ ചായം കൂട്ടിക്കലർത്തി ദിവസവും വല്ലതും ചെയ്യേണ്ടിവരും. ഈ പ്രവൃത്തികൾക്ക്, ഈ ആഹ്വാനത്തിനു വിശദീകരണം, പ്രസ്തുത പ്രവൃത്തികളുടെ മൂല്യങ്ങൾതന്നെ. ഇവിടെയും സാക്ഷികളെ വേണ്ടാ. എന്നാൽ ധാർമ്മികമൂല്യങ്ങൾക്ക് ഈ വിഷയത്തിലുമുണ്ട് ഒരു സവിശേഷത. ഞെട്ടററു വീഴുന്ന ഒരു പുഷ്പം! അതിൽനിന്നു 'വീണ പൂവി'നെ സൃഷ്ടിക്കുവാൻ കവിക്കുണ്ടാവുന്ന ശക്തിയായ പ്രേരണ സ്വാതന്ത്ര്യത്തിൻെറ ഉള്ളറയിലേക്കു കടന്നു ചെല്ലുന്നില്ല. പ്രസ്തുത പ്രേരണയ്ക്കെതിരായി കവി പ്രവർത്തിച്ചു എന്നിരിക്കട്ടെ. ഒരു വീഴ്ചയാകാമതു്. കവിയെന്ന നിലയിൽ അതൊരു അപരാധമാണെന്നു സമ്മതിക്കുക. പക്ഷേ, ഇവിടെ സ്വാതന്ത്ര്യത്തിൻെറ ദുർവ്വിനിയോഗമുണ്ടെന്നു പറയാമോ? പറഞ്ഞാലതു ശരിയാകയില്ല. ധാർമ്മികമൂല്യങ്ങളുടെ കാര്യത്തിലോ? സ്വാതന്ത്ര്യത്തിനുള്ളിൽ പ്രവൃത്തിയുടെ നാഥനെ സ്പർശിക്കുന്ന രംഗമാണിതു്. പ്രതിജ്ഞാനിർവ്വഹണത്തിനുള്ള ആഹ്വാനങ്ങളും, വിധിവാചകങ്ങളും തള്ളിപ്പറയുകയാണു യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തിൻെറ ദുരുപയോഗവും ദുർവ്വിനിയോഗവും. മേരി ജോൺ തോട്ടം 'ലോകമേ യാത്ര'

എഴുതി, പേന താഴെവച്ച് കന്യകാലയത്തിനുള്ളിൽ കയറിയതു് അപരാധമായെണ്ണുന്നവരുണ്ടാവാം, നമ്മുടെ യിടയിൽ. ആ കവിതാവല്ലരി വളർന്നു പുഷ്പിക്കുന്നതിനു മുമ്പു വാടിപ്പോയല്ലോ എന്നു സഹതപിക്കുന്നവരുമുണ്ടാ വാം. ഇക്കൂട്ടരുടെ സ്വാതന്ത്ര്യത്തെ ചോദ്യംചെയ്യാതെ പറയാം, മേരി ജോൺ തോട്ടം ആ തീരുമാനത്തിൽ സ്വാ തന്ത്ര്യം ദുരുപയോഗിച്ചില്ലെന്നു്. കൂടുതൽ ശ്രേഷ്ഠമായി ക്കണ്ട മൂല്യത്തെ ആശ്ലേഷിച്ചതിൽ ആ സ്വാതന്ത്ര്യം വിടരുകയാണുണ്ടായതെന്നു്. ഈ ദർശനത്തിൽ പങ്കുചേ രാത്തവർക്കിതു ഗ്രഹിക്കാൻ പ്രയാസമാകാം. എങ്കിലും പ്രസ്തുത ദർശനത്തിൽവച്ചു വേണമല്ലോ ആ തിരഞ്ഞെടു പ്പിനെ വിലയിരുത്താൻ. സാമ്പത്തികവും കലാപരവു മായ മൂല്യങ്ങൾ എത്രതന്നെ ശ്രേഷ്ഠമായിരുന്നാലും പൊ ട്ടിക്കുവാൻ പാടില്ലാത്ത ഉരുക്കുചങ്ങലകളാൽ മനുഷ്യ നെ ബന്ധിച്ചുനിറുത്തുവാൻ ഇവയ്ക്കു ശക്തിയില്ല.

ഇവിടെ ഒളിച്ചോട്ടത്തിനു സാദ്ധ്യതയില്ലല്ലോ? ഓടിയകലാൻ ശ്രമിക്കാം. പക്ഷേ, എത്ര കൂടുതലോടുന്നു വോ, അത്ര കൂടുതലായി മൂല്യങ്ങളുടെ കണ്ണികളിൽ കുടു ങ്ങിയതുതന്നെ. സംശയമില്ല. വിധിവാചകമാകട്ടെ നമ്മെ പിന്തുടരുന്നു. കോർട്ടിൽ കള്ളസ്സാക്ഷി പറയുന്ന വ്യക്തിയെ പ്രതിക്കൂട്ടിൽ കയററാൻ ജസ്റ്റിക്കു സാദ്ധ്യമാ യെന്നുവരില്ല. ക്രോസ്സുവിസ്താരത്തിലും പഠിച്ച കള്ള ന്മാർക്കു് അടിപതറാതെ നില്ക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, ആ കള്ളസ്സാക്ഷ്യംതന്നെ സാക്ഷിയെ പ്രതിക്കൂ ട്ടിൽ കയററുന്നുണ്ടെന്നതാണു പരമാർത്ഥം. ഇനി, ഈ മൂല്യങ്ങളുടെ പിടിയിൽനിന്നു് ഓടി രക്ഷപെടാമെന്നു വയ്ക്കുക. അവിടെയും കേൾക്കാം ഒരു സ്വരം: 'അരുതു്,' 'പാടില്ല' എന്നെല്ലാം. രൂപത്തെ നിഴൽ പിന്തുടരാതി

രിക്കുകയില്ലല്ലോ? ഇവിടെയാണ് ധാർമ്മികമൂല്യങ്ങളുടെ തനിനിറം വ്യക്തമാകുന്നതു്, മാററു് ഉരച്ചുനോക്കുന്നതും.

## കയററവും ഇറക്കവും

നമ്മുടെ പല പള്ളികളും കുന്നിൻമുകളിലാണു നിലകൊള്ളുന്നതു്. നടകളും പടികളും ചവുട്ടിക്കയറണം. ആ നടകളിലൂടെത്തന്നെ വേണം കുർബ്ബാനയും മററും കഴിഞ്ഞിറങ്ങുവാനും. ധാർമ്മികമനുഷ്യനും ചവുട്ടിക്കയറുന്നുണ്ടു് ചില നടകൾ, ഇറങ്ങുന്നുണ്ടു് ചില പടികൾ. രണ്ടിലൊന്നു നടന്നേ മതിയാകൂ. ഇവിടെ സമനിലയെന്നൊന്നില്ല. ത്രാസ്സു് പൊങ്ങും, അല്ലെങ്കിൽ താഴും. സുഖങ്ങൾ വെറും ജാലമാണെന്നും, "ആരറിവൂ നിയതിതൻ ത്രാസ്സു പൊങ്ങുന്നതും താനേ താണുപോവതും" എന്നും പാടേണ്ടിവന്നേക്കാം. പക്ഷേ, മൂല്യങ്ങളുടെ, മനുഷ്യത്വത്തിൻെറ ത്രാസ്സു പൊങ്ങുന്നതും താഴുന്നതും മനുഷ്യൻ അറിയുന്നു; അറിയണം. മനുഷ്യനെന്ന നിലയിൽ ഉയരും, മൃഗമെന്ന നിലയിൽ നേരേ മറിച്ചും. പ്രതിജ്ഞ ലംഘിക്കുവാനുള്ള പ്രലോഭനം ശക്തിമത്താണു്. പ്രലോഭനങ്ങൾ—സ്വർണ്ണത്തിൻെറ മിന്നലും പണത്തിൻെറ ഭാരവും—എല്ലാം തട്ടിമാററിയാണു പ്രതിജ്ഞാപാലനം നടത്തുന്ന മനുഷ്യനെ നാം കാണുക. ആ ദൃഢനിശ്ചയം അയാളിൽ ഒരു ഭാരം വരുത്തിവയ്ക്കുന്നുണ്ടു്. അയാളതു ശരിക്കും അറിയുന്നു. അതേസമയം അയാൾ കാണുന്നുണ്ടു് പ്രസ്തുതഭാരവും ധനനഷ്ടത്തിൽനിന്നുളവാകുന്ന അസംതൃപ്തിയും നേർവഴിക്കുള്ളതല്ലെന്നു്. മനുഷ്യനെന്ന നിലയിൽ താൻ ആ അസംതൃപ്തിയിലൂടെ വളരുന്നതായി, വികസിക്കുന്നതായി, പൂവണിയുന്നതായി അയാൾക്കറിയാം. പണത്തിൻെറ മനുഷ്യനെയല്ല, വില

കുറഞ്ഞ മനുഷ്യനെയല്ല ഇവിടെ നമ്മുടെ മുമ്പിൽ നാം കാണുക. ഇവിടെ ഈ വിലയിൽ, ഈ സമ്മർദ്ദത്തിൽ, തട്ടുകളുടെ താഴോട്ടുള്ള വലിയെ ചെറുത്തുനില്ക്കുന്നതിൽ ആ മനുഷ്യൻ കൂടുതൽ സ്വതന്ത്രനാണ്. ധാർമ്മികമനുഷ്യൻ ഒരു വ്യക്തിയാണ്. തൻെറ വീട്ടിലെ നാഥനാകുന്നയാൾ. ഇവിടെ ഭരണംനടത്തുന്നതു മനുഷ്യനിലെ മൃഗമല്ല. പണവും, പ്രതാപവും, മററുള്ളവരുടെ കൈയടിയുമല്ല. ഇവിടെ ആദർശം എങ്ങനെയാണ് അനാഥമാകുക? "സ്ഥിരതയില്ലീ പ്രപഞ്ചത്തിലൊന്നിനും"—ശരി. പക്ഷേ, ധാർമ്മികമനുഷ്യൻ തന്നെത്തന്നെ ഇളകാത്ത പാറയിൽ സ്ഥാപിക്കുന്നു. ഇതരർ, വിലകുറഞ്ഞ മനുഷ്യർ, കാററത്താടുന്ന ഞാങ്കണപോലെ ആടിമറിയുകയാണ്. ഇതുകൊണ്ടും തീരുന്നില്ല. തൻെറ വീട്ടിലെ നാഥനാകുമ്പോൾ, ഒരു വ്യക്തിയെന്ന നിലയിൽ നിലകൊള്ളുന്ന അമൂല്യനിമിഷങ്ങളിൽത്തന്നെയാണ് പ്രപഞ്ചമാസകലം ഗ്രസിക്കുവാൻ, സഹോദരരെ കൈതുറന്നാശ്ലേഷിക്കുവാൻ മനുഷ്യർ ശക്തരാകുന്നതു്. ഇവിടെ മനുഷ്യനും മനുഷ്യനും തമ്മിൽ വ്യക്തികളെന്ന നിലയിൽ കാണാം—മുഖത്തോടുമുഖം. അപ്പുറത്തു നില്ക്കുന്ന 'നിന്നെ' 'എന്റെ' അഭിലാഷപൂർത്തിക്കുള്ള മാർഗ്ഗമായല്ല,കാണുക. മനുഷ്യനും മനുഷ്യനും ഇടയ്ക്കുയരുന്ന ഭിത്തികൾക്കെല്ലാംമുകളിൽ ഉയർന്ന് മനുഷ്യർ, പൂർണ്ണവ്യക്തികൾ, തമ്മിലാശ്ലേഷിക്കും. ഈ കണ്ണാടിയിലൂടെ നോക്കുമ്പോൾ പല വിശാലമാനസരെയും സങ്കുചിതരായെണ്ണേണ്ടിവരും.

## തനിനിറം

ലേബലുകളും പരസ്യങ്ങളും മനുഷ്യനെ ധാരാളം വഞ്ചിക്കുന്നുണ്ടു്, നമ്മുടേതായ ലോകത്തിൽ. ഷേക്

സ്പിയർ എഴുതി, ലോകം ഒരു നാടകവേദിയാണെന്നു്. അടുത്തു് ഒരു സുപ്രസിദ്ധനോവലിസ്റ്റ് തിരുത്തിയെഴുതി, ഈ ലോകം ഒരു യാന്ത്രികനാടകവേദിയാണെന്നു്. ഷേക്സ്പിയറിൻെറ കാലത്തു് ആലക്തികദീപങ്ങളുടെ നിറപ്പകിട്ടും മിന്നലും മങ്ങലും ഒന്നും ഇല്ലായിരുന്നു. ഇവയും കൂടിച്ചേർന്നപ്പോൾ വസ്തുതകളെ, മനുഷ്യരെ, തനിനിറത്തിൽ കാണുക പലപ്പോഴും സാധ്യമല്ലാതായി. എന്നാൽ മനുഷ്യൻെറ, ധാർമ്മികമൂല്യങ്ങളുടെ തനിനിറം പ്രത്യക്ഷമാകുന്ന നിമിഷങ്ങളുണ്ടു്, ധാർമ്മികമൂല്യങ്ങളും ഇതരമൂല്യങ്ങളും തമ്മിൽ മല്പിടുത്തംനടത്തുന്ന നിമിഷങ്ങൾ. ധാർമ്മികരംഗത്തെ അനിവാര്യതയും, ആഴവും, പരപ്പും, വ്യാപ്തിയും, എല്ലാം വെളിച്ചത്തുവരുന്നുണ്ടു്, ധാർമ്മികമൂല്യങ്ങളെ ചവിട്ടിമെതിക്കുന്നവൻെറ മനക്കണ്ണാടിയിൽ. നമ്മുടെ ഒരു കോളേജിലെ പ്രാർത്ഥനാലയത്തിലെ പിൻബെഞ്ചിൽ, ഒരു കടലാസ്സിൽ ആരോ എഴുതിയിട്ടു: "പാപം മനുഷ്യബലഹീനത മാത്രമാ"ണെന്നു്. ഇതു ശരിയോ? മനുഷ്യബലഹീനത മാത്രമാണെങ്കിൽ അവിടെ പാപം ഉണ്ടാകുന്നതെങ്ങനെ? ബലഹീനനാണു് മനുഷ്യൻ. പക്ഷേ, ഈ ബലഹീനതയിൽ ഒരു ശക്തി അവനിലില്ലേ? നുണപറയാതിരിക്കാനുള്ള ശക്തി, പ്രതിജ്ഞപാലിക്കാനുള്ള കഴിവു്, ഇവയില്ലെങ്കിൽ അതു് അവനെ സംബന്ധിച്ചു മാനുഷികപ്രവൃത്തിയേ അല്ല. അവൻ സ്വതന്ത്രനല്ല. ആ പ്രവൃത്തിയുടെ നാഥനല്ല. ആ പ്രവൃത്തി 'ധാർമ്മിക'മെന്ന പേരിനു് അർഹമേയല്ല. തെറ്റു തെറ്റാണെന്നറിയണം, ചെയ്യാതിരിക്കാനുള്ള കഴിവും വേണം—ധാർമ്മികമാകണമെങ്കിൽ. തെറ്റിനെ തെറ്റായി കാണുന്ന കാഴ്ചയുടെ ശക്തികൂടുന്നതെപ്പോഴാണു്? മൂല്യത്തിൻെറ മാറ്റു് ഉരച്ചുനോക്കുന്ന നിമിഷ

ങ്ങളേവ? പ്രതിജ്ഞാലംഘനത്തിൻെറ നിമിഷത്തിലാ ണ് പ്രതിജ്ഞാപാലനത്തിൻെറ ഉൾക്കാഴ്ച ധാർമ്മിക വ്യക്തിയിൽ ശക്തിപ്രാപിക്കുന്നതു്. മനസ്സിൻെറ ബല ഹീനതയാണ് ധാർമ്മികാധഃപതനത്തിൻെറ കാരണമെ ന്നുപറഞ്ഞു രക്ഷപെടാവുന്നതല്ല. കണ്ണടച്ച് ഇരുട്ടാക്കു ന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. പ്രതിജ്ഞാലംഘന വേളയിൽ അതു തെററാണെന്ന ബോധം എനിക്കില്ലെ ങ്കിൽ, അരുതെന്നു പറയുന്ന ചങ്ങല എന്നെ ബന്ധിക്കു ന്നില്ലെങ്കിൽ എൻെറ പ്രതിജ്ഞാലംഘനം ധാർമ്മികമെ ന്ന പേരിനർഹമേയല്ല.

സാർവ്വലൗകികവും

മനുഷ്യനെന്നനിലയിൽ ചെയ്യേണ്ടതും ചെയ്യരു താത്തവയുമുണ്ടെങ്കിൽ പ്രസ്തുതപ്രവൃത്തികൾ എല്ലാവരേ യും ബന്ധിക്കുന്നവയാണ്. ഇവിടെ നിറത്തിനും ജാതി ക്കും വേലികെട്ടുകമേലാ.

"നെല്ലിൻ ചുവട്ടിൽ മുളയ്ക്കും—കാട്ടു-
പുല്ലല്ല സാധു പുലയൻ"

എന്നു പാടുന്ന മഹാകവി കുമാരനാശാൻ മനുഷ്യ നെ മനുഷ്യനെന്നനിലയിൽ കാണാൻ, ധാർമ്മികമനു ഷ്യനെ കാണാനാണ് ആഹ്വാനംചെയ്യുന്നതു്. ഇവി ടെ ചില ത്രാസ്സുകളുണ്ടു്. എല്ലാവരെയും ഒരുപോലെ തൂക്കിനോക്കുന്ന ത്രാസ്സുകൾ. ഇവ സാർവ്വലൗകികമാണ്, എല്ലാവരെയും സ്പർശിക്കുന്നവ. നുണപറയുക എനിക്ക് ഈ സാഹചര്യത്തിൽ അനുവദനീയമല്ലെങ്കിൽ ഇതേ സാഹചര്യത്തിൽ ഒരു മനുഷ്യനും ഒരിടത്തും പാടില്ല. എൻെറമേൽ വീണിരിക്കുന്ന ധാർമ്മികചുമതലാസാഹ ചര്യങ്ങളുടെ വൈവിധ്യംനിമിത്തം, മറെറാരുവനെ

സ്പർശിച്ചെന്നുപോലും വരികയില്ല. എന്നിരുന്നാലും അവരും ഏററുപറയണം പ്രസ്തുതചുമതല എൻേറതാണെന്നു്.

ചുരുക്കത്തിൽ, മനുഷ്യൻ മനുഷ്യനെന്നനിലയിൽ വളരണമെങ്കിൽ, ചില മൂല്യങ്ങൾക്കായി നിലകൊള്ളണം. ചില കടമകളും ചുമതലകളും തോളിലേററണം. സ്വാതന്ത്ര്യത്തിൻെറ മണിയറയിൽ തന്നെത്തന്നെ ബന്ധിക്കണം, വസ്തുനിഷ്ഠമായ, പരമമായ, സാർവ്വലൗകിക ശൃംഖലകളാൽ; മനുഷ്യരെ സ്വതന്ത്രരാക്കുന്ന ചങ്ങലകളാൽ.

## 5. ഉള്ളറകൾ

വിലകുറഞ്ഞ മനുഷ്യനിൽ തുടങ്ങിയതാണ് ഈ ധർമ്മശാസ്ത്രവീഥി. 'മനുഷ്യനിലെ മൃഗ'ത്തെ ജയിക്കുന്ന 'മനുഷ്യനിലെ മനുഷ്യ'നെ ആ വഴിക്കു കണ്ടുമുട്ടി. ആ മനുഷ്യൻ ചില വിധിവാചകങ്ങളുച്ചരിക്കും. അപ്പീലില്ലാത്ത വിധികൾ. 'മനുഷ്യനിലെ ന്യായാധിപ'നാണ് ആ വിധിപ്രസ്താവനകളുടെ കർത്താവ്. ആ വിധിയുടെ 'തനിനിറം' എന്തെന്നു ഗ്രഹിക്കാനും ഒരു ശ്രമം നടത്തി. ഇനി എങ്ങോട്ട്?

ചെയ്യരുതാത്തവയും ചെയ്യേണ്ടവയും പരാമർശിക്കുന്നതാണല്ലോ ധർമ്മശാസ്ത്രം. ഇവിടെ ആദർശം അനാഥമെന്നുപറഞ്ഞു വിടുന്നവരും ജീവിതത്തിൽ സമ്മതിക്കും, ചില മൂല്യങ്ങളുണ്ടെന്നു്. ആ മൂല്യങ്ങൾ മനുഷ്യനു് വില നിശ്ചയിക്കുന്നുവെന്നു്. ധാർമ്മികമൂല്യങ്ങൾക്കു് ഇതര മൂല്യങ്ങളിൽനിന്നുമുയർന്നൊരു സ്ഥാനം എല്ലായിടത്തും ലഭിക്കുന്നുണ്ടു്. ധാർമ്മികമൂല്യങ്ങളെ കാററത്തു പറത്തിവിട്ടു് വിലകുറഞ്ഞ മനുഷ്യരായി കഴിയുന്നവരും പറയും മററുള്ളവർ കാററത്താടിമറിയരുതെന്നു്. എന്നാൽ, ഈ മൂല്യങ്ങളുടെ ഉൾഘടനയെന്തു്? ധാർമ്മികമൂല്യങ്ങൾ അന്തരാതീതമാണു്, വസ്തുനിഷ്ഠമാണു്, എല്ലാവരേയും ഉൾക്കൊണ്ടു് സ്വാതന്ത്ര്യത്തിൽ ബന്ധിക്കുന്നതാണു് എന്നെല്ലാം സ്ഥാപിച്ചാൽ മതിയോ? ഒരു മൂല്യത്തെ ധാർമ്മികമൂല്യമാക്കുന്നതെന്തു്? എന്തു മാനദണ്ഡം, അളവുകോൽ ഉപയോഗിച്ചാണു് ഈ ചെയ്യേണ്ടവയും ചെയ്യരുതാത്തവയും വേർതിരിച്ചു കാണുന്നതു്? സാരമില്ലെന്നുപറഞ്ഞു പുറംതള്ളേണ്ട

കാര്യമല്ലിതു്. ധാർമ്മികരംഗത്തെ ഏററം വലിയ പ്രശ്നം ഇതുതന്നെ. ലാഘവബുദ്ധിയോടുകൂടി കൈകാര്യംചെയ്താൽ പ്രശ്നപരിഹാരം വിദൂരത്തിലാകും.

നാല്ക്കവലയിൽ

ഇതുവരെയുള്ള യാത്ര എളുപ്പമായിരുന്നു. ഇനി വയ്ക്കുന്ന ഓരോ ചുവടും സൂക്ഷിച്ചുവേണം. വഴികൾ പലതുണ്ടു്. വഴികാട്ടികളും നിരവധി. പറന്നുപോകാത്ത മൂല്യങ്ങളുണ്ടെന്നു സമയത്തും അസമയത്തും ഉറക്കെ പറയുന്നവർതമ്മിൽ വാഗ്വാദവും മത്സരവും തുടങ്ങും, ആ മൂല്യങ്ങളെ അളക്കേണ്ടതെങ്ങനെയെന്ന ചോദ്യമാത്രയിൽ. ധർമ്മശാസ്ത്രത്തിനു് ഒരേയൊരു മൂലക്കല്ലേയുള്ളു—നന്മ. നന്മയെന്നതു് ആകാശത്തിൽ തൂങ്ങിക്കിടക്കുന്നതൊന്നുമല്ലല്ലൊ. മനുഷ്യപ്രവൃത്തികളെ, അല്ല മാനുഷിക (Human)പ്രവൃത്തികളെ ചുററിപ്പററിനില്ക്കുന്ന എന്തോ ആണു് ഈ 'നന്മ'. മാനുഷികപ്രവൃത്തികളെ മൂന്നാംനിലയിലേക്കുയർത്തുന്നതെന്തു്? അവയ്ക്കു ധാർമ്മികമെന്ന നില കൈവരുന്നതെപ്പോൾ?...ഭിന്നതകളുടെനടുവിലാണു നാം ഇവിടെ. ചിലരുടെ അഭിപ്രായത്തിൽ സമുദായമദ്ധ്യത്തിലാണു നന്മയുടെ സത്ത അന്വേഷിക്കേണ്ടതു്. മററു ചിലർ പറയും, ഈശ്വരനിലേക്കുയരുന്നതിലാണെന്നു്. 'സൗഭാഗ്യം' നന്മയുടെ മാനദണ്ഡമായുപയോഗിക്കുന്നവരുടെയിടയിലും സമരമാണു്. ഈ സൗഭാഗ്യം എന്നിലന്വേഷിക്കണമെന്നതിൽ ഇവിടെ ഇടത്തരും വലത്തരും എല്ലാമുണ്ടു്. സൗഭാഗ്യത്തിൽ നന്മ കൊണ്ടുപോയി ഉറപ്പിച്ചാൽ അടിത്തറ ഇളകുമെന്നാണു് കാന്റിന്റെയും കൂട്ടരുടേയും ഭയം. മനുഷ്യന്റെ മനസ്സിൽ, ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചുനോക്കുക. അവിടെ കാണാം നന്മ

യുടെ തനിനിറം, ആ ചിന്തകൻെറ അഭിപ്രായത്തിൽ. അക്വിനാസിൻെറയും മററും പിൻഗാമികളിലധികം പേരും നേർവഴിക്കു പോകുന്ന മനുഷ്യബുദ്ധിയിൽ കണ്ടെത്തും, നന്മയുടെ സത്തയും മാനദണ്ഡവും.

"നന്മയെന്തു്?" എന്ന ചോദ്യംതന്നെ തെററാണു്, ചിലരുടെ വീക്ഷണതലത്തിൽ. അതൊരു പ്രശ്നാഭാസമാണെന്നു പറയുന്നവരുമുണ്ടു് ദാർശനികരിൽ—ജി. ഇ. മൂറും മററും. ഈ അവസാനം പറഞ്ഞവരെ വെറുതെവിടാം. ആംഗലചിന്തയിലെ ഒരു നീക്കമായിരുന്നു ഇപ്പറഞ്ഞതു്. അവരുടെ സ്വരം കുറഞ്ഞുവരികയാണിന്നു്.

പ്രശ്നം ശരിയാണെന്നു വെയ്ക്കുക. ഉത്തരം ഉണ്ടെന്നും. ഏതു വഴിക്കാണു തിരിയുക? ചരിത്രപരമായൊരു സമീപനം സ്വീകരിച്ചാലോ? സോക്രട്ടീസ്തൊട്ടിങ്ങോട്ടു്, ചിന്താവളർച്ചയിൽ ഓരോരുത്തരും നന്മയെപ്പററി പറഞ്ഞതെല്ലാം പഠിച്ചശേഷം തിരഞ്ഞെടുപ്പു നടത്താമെന്നുവച്ചാൽ ഒരു ജീവിതകാലംതന്നെ മതിയാകില്ല. മാത്രമല്ല, ഒരേ അഭിപ്രായംതന്നെ ചരിത്രത്തിൽ പല പ്രാവശ്യം തലപൊക്കുന്നതു കാണാം. എങ്കിൽ ചരിത്രപരമായൊരു സമീപനം വേണ്ടെന്നുവെയ്ക്കുകയല്ലേ നല്ലതു്? പ്രത്യേകിച്ചു് എളുപ്പമാർഗ്ഗമുള്ളപ്പോൾ?

## കുറുക്കുവഴി

ധർമ്മശാസ്ത്രത്തിലൂടെ നീങ്ങിയാൽ വഴി വിദൂരമാണു്. കുറുക്കുവഴിയൊന്നുണ്ടു്. ധർമ്മശാസ്ത്രചരിത്രത്തിൽ വന്നിട്ടുള്ള ഭിന്നാഭിപ്രായങ്ങളെ രണ്ടുമൂന്നായി തിരിക്കുക. മാനുഷികപ്രവൃത്തിയോടു ബന്ധപ്പെട്ടാണല്ലോ ധാർമ്മികമൂല്യങ്ങളെ നാം കണക്കാക്കേണ്ടതു്. പ്രവൃത്തിചെയ്യുന്നയാളിനു പുറത്തു് എവിടെയെങ്കിലും ധാർമ്മികത

യുടെ മാനദണ്ഡമന്വേഷിച്ചാലോ? രാഷ്ട്രത്തിൻെറ, ദൈവത്തിൻെറ കല്പനകളിൽ?...ഇതിൽ വല്ല അപാകതയും കണ്ടാൽ പ്രവൃത്തിക്കു സൗഭാഗ്യവുമായുള്ള ബന്ധംനോക്കിയാണോ നന്മതിന്മാവിവേചനം നടത്തേണ്ടതെന്നാരായാം. സൗഭാഗ്യത്തിനു ജെയ്‌വിളിച്ചവർ പറഞ്ഞുപോയവയിലൂടെ കടന്നുപോകേണ്ടിവരും. സൗഭാഗ്യം മാനദണ്ഡമാവില്ലെങ്കിൽ മനുഷ്യമനസ്സിൽനിന്നു കേൾക്കുന്ന കല്പനകളിൽവച്ചു നോക്കാം ധാർമ്മികതയുടെ സത്ത. മനസ്സിൽ ഉറപ്പിക്കുക പ്രയാസമെങ്കിൽ ബുദ്ധിയിൽ ധാർമ്മികതയുടെ മൂലക്കല്ലു വച്ചുനോക്കാം. ഇതാണു നമ്മുടെ കുറുക്കുവഴി.

ധാർമ്മികതയുടെ അളവുകോൽ നേർവഴിക്കുള്ള ബുദ്ധിയുടെ വിധിപ്രസ്താവനയാണു് എന്നു പറഞ്ഞു തീർത്താൽപ്പോരയോ? മതിയായിരിക്കാം, ചിലർക്കെല്ലാം. മററുള്ള അഭിപ്രായങ്ങളോടു ചേർത്തു തട്ടിച്ചുനോക്കുന്നതാണു കൂടുതലുത്തമം. സ്വന്തം അഭിപ്രായം വച്ചുപുലർത്തുന്നതിൽ തെറ്റില്ല. അതേസമയം ഇതരാഭിപ്രായങ്ങൾ ഏവയെന്നറിഞ്ഞിട്ടു് നല്ലതു സ്വീകരിക്കുന്നതാണല്ലോ ഭേദം.

## പുറത്തുനിന്നും

അളവുകോലൊന്നുവേണം, നന്മതിന്മ അളന്നറിയുവാൻ. രാഷ്ട്രത്തിൻേറയും ദൈവത്തിൻേറയും മുടക്കുകളും കല്പനകളും പോരയോ? എളുപ്പമാർഗ്ഗമാണു്. ചരിത്രത്തിൽ പലപ്രാവശ്യം നന്മയുടെ അടിസ്ഥാനക്കല്ലു് ഈ വഴിക്കു് അന്വേഷിച്ചുപോയവരുണ്ടു്. തോമസ് ഹോബസും കൂട്ടരും രാജാവിൻെറ കല്പനയ്ക്കു പരമമായ വില നല്കി. ഓക്കാം, ഡെക്കാർട്ടു് തുടങ്ങിയവർ ദൈവ

ത്തിന്റെ കല്പനയിൽ ആ മാനദണ്ഡം കണ്ടെത്തി. ജനായത്തരാജ്യങ്ങളിൽ അറിഞ്ഞോ അറിയാതെയോ ഒരു ചിന്താഗതി പരക്കുന്നുണ്ട്: ഭൂരിപക്ഷാഭിപ്രായമാണ് നന്മതിന്മാവേർതിരിവിനുള്ള ഏററം എളുപ്പമാർഗ്ഗം. മനുഷ്യൻ മനുഷ്യനാകുന്നതു്, പൂർണ്ണവളർച്ചയെത്തുന്നതു സമൂഹത്തിലല്ലേ? എങ്കിൽ ആ സമൂഹം അംഗീകരിച്ചു കല്പിക്കുന്നവ 'നന്മ'യെന്നുവരില്ലേ? ഭ്രഷ്ടുകല്പിക്കുന്നവയെല്ലാം തിന്മയും?

ഒന്നു സമ്മതിക്കാം. ധാർമ്മികബോധം പലരിലും മുളയെടുക്കുന്നതും വളരുന്നതും മുടക്കുകളിലൂടെയാണ്, കല്പനകളിലൂടെയും. 'അരുതു്' എന്നു പറയുന്ന സ്വരം പുറമേനിന്നു കേട്ടു—കളവുപറയാൻ പ്രേരണയുണ്ടായപ്പോൾ. ആ സ്വരമല്ലേ ധാർമ്മികതയെ വളർത്തിവിട്ടതു്? ഈ വളർത്തലിൽ മാതാപിതാക്കന്മാർക്കും, അദ്ധ്യാപകർക്കും, വികാരിയച്ചനും മററും പങ്കുണ്ട്—ധാർമ്മികമനുഷ്യനു് രൂപംനല്കുന്നതിൽ. സാധാരണ എല്ലാവരും ധാർമ്മികതയെ കാണുന്നതു് ഈവിധകല്പനകളിലൂടെയാണെന്നു സമ്മതിക്കാം. എന്നാൽ, നന്മയേയും തിന്മയേയും ഉണ്ടാക്കുന്നതു പുറത്തുനിന്നു വരുന്ന മുടക്കുകളും കല്പനകളുമാണെന്നു പറഞ്ഞാൽ അതു ചോദ്യംചെയ്യാതെ സ്വീകരിക്കുക പ്രയാസം, ദൈവകല്പനയാണെന്നുപറഞ്ഞാലും.

## സ്വാഭാവികമല്ലെന്നോ?

കല്പനയോടു ചേർത്തുമാത്രം നന്മയെ കാണുന്നവർ സമ്മതിക്കും, 'നന്മതിന്മാവേർതിരിവു്' സ്വാഭാവികമല്ലെന്നു്. മാനുഷികപ്രവൃത്തിയുടെ ഉള്ളറകളിലല്ല നന്മയുടെ ഉറവിടം, ഈ കാഴ്ചപ്പാടിൽ. പ്രത്യുത, നിയമത്തിന്റെ ഉള്ളിലാണു് അതിൻെറ സാരാംശം. മനുഷ്യനെ ധാർമ്മികമനുഷ്യനാക്കുന്നതു നിയമം. പക്ഷേ, നിയമമനു

സരിക്കുന്നതുതന്നെ നന്മയാണെന്നാരു പറഞ്ഞു? നന്മയെന്തെന്ന ചോദ്യത്തിനു് ഉത്തരം നല്കാൻ നിയമം കൊണ്ടുവന്നാൽ 'നിയമാനുസരണത്തിൽ' നന്മയുണ്ടായതെങ്ങനെയെന്ന ചോദ്യമുദിക്കില്ലേ? ദൈവകല്പനയുടെ അനുസരണത്തിൽ നന്മയുണ്ടെന്നുവരുത്താൻ മറ്റൊരു കല്പന വരുത്തുന്നതിലും അത്ഥമില്ലല്ലോ. ദൈവം കല്പിക്കുന്നതെല്ലാം നന്മയാണെന്നു സിദ്ധവത്കരിച്ചുകൊണ്ടു പുറപ്പെട്ടാൽ തകരാറൊന്നുമില്ല. പക്ഷേ, യുക്തിക്കതു നിരക്കുമോ? ദൈവം നുണപറയുവാൻ, ദൈവദൂഷണം പറയുവാൻതന്നെ കല്പിച്ചാലോ? അതുണ്ടാകില്ലല്ലോ, എന്നുത്തരംതന്നാൽ വീണ്ടും ചോദിക്കുകയായി, സവ്വശക്തന്റെ സവ്വശക്തിക്കിതു സാദ്ധ്യമല്ലേ? അതെ, ദൈവം സവ്വശക്തനല്ലേ? സവ്വശക്തനല്ലെങ്കിൽ ദൈവം ദൈവമേയല്ല. എങ്കിൽ നുണ തെററാകുന്നതിന്റെ കാരണം, അടിസ്ഥാനകാരണം, ദൈവകല്പനക്കുപ്പുറത്തെവിടെയോ ആണു്. നന്മതിന്മാലക്ഷണമായി കല്പനയിലേക്കു കൈചൂണ്ടുന്നവർ ഒരു വിഷമവൃത്ത(Vicious circle)ത്തിലേക്കാണെന്നീങ്ങുന്നതെന്നു ചുരുക്കം. നിയമാനുസരണം നല്ലതാണെന്നു ചോദ്യംചെയ്യാതെ കണ്ണുമടച്ചുസ്വീകരിച്ചവർ അവരുടെ സ്വവിശ്വാസത്തിൽ കഴിഞ്ഞുകൊള്ളട്ടെ. നമ്മുടെ ചോദ്യം വീണ്ടും ഉത്തരംകിട്ടാതെ കിടക്കുന്നു: "നന്മയെന്തു്?"

## ഉള്ളിലേക്കു തിരിയുക

ഒരു മാഗ്ഗമേയുള്ളു. ധാമ്മികതയുടെ ഉൾഘടനയും, അന്തഃസത്തയും, സാരാംശവും കണ്ടെത്തണമെങ്കിൽ മാനുഷികപ്രവൃത്തിയുടെ ഉള്ളിലേക്കുതന്നെ പിൻവലിയണം. നിയമങ്ങളും കല്പനകളും മാറ്റിയെഴുതേണ്ടതായി

വരാം. മാററത്തിനതീതമായ ധാർമ്മികതയെ മാറ്റത്തിനധീനമായ കല്പനകളിലും മുടക്കുകളിലും അരക്കിട്ടുറപ്പിക്കരുതു്. സ്ഥാപിതനിയമങ്ങൾ (Positive laws) എന്ന പേരിൽ പോകുന്ന ചില നിയമങ്ങളുണ്ടു്. മാസവർജ്ജനം, ഒരു നേരം, സാബത്താചരണം ഇവയെല്ലാം കല്പനകളുടെ നേരെ കീഴിൽ വരുന്നു. അവയുടെ നന്മയും തിന്മയും നിശ്ചയിക്കുന്നതും ആ കല്പനകൾതന്നെ. എന്നാൽ നാമിവിടെ അന്വേഷിക്കുന്നതു നന്മയുടെ സാർവ്വത്രികവും സാർവ്വലൗകികവുമായ മൂലക്കല്ലത്രേ. 'മൈൽ' പോയി 'മീറ്ററാ'യി; 'അണ' പോയി 'നയാപൈസ' വന്നു. ഇങ്ങനെ മാറുന്നതാകരുതല്ലോ ധാർമ്മികതയുടെ അളവുകോൽ. ധാർമ്മികമൂല്യങ്ങളുടെ 'തനിമ' എന്തെന്നു ഗ്രഹിച്ചവർക്കു് ഇതു സ്പഷ്ടമാകും. ധാർമ്മികതയുടെ ഉറവകണ്ണു തേടി പുറത്തുപോകേണ്ടതില്ല. പുറത്തുപോയവർ അകത്തേക്കു പിൻവലിയണം.

### മാനസാന്തരമാണാവശ്യം

രാഷ്ട്രത്തിലും, ദൈവകല്പനയിലും ധാർമ്മികതയുടെ അസ്തിവാരം പണിയുന്നവരുടെ ഉദ്ദേശം നല്ലതുതന്നെ. മനുഷ്യനിൽ, കാററത്താടിമറിഞ്ഞുലയുന്ന ഞാങ്ങണയിൽ, ധാർമ്മികതയുടെ മൂലക്കല്ലുറപ്പിക്കരുതെന്നു് ഇവർ പറയും. പക്ഷേ, ലക്ഷ്യം തെററിയെന്നു മാത്രം. മോറൽ പോസിററിവിസം (Moral Positivism) എന്ന പേരാണു് ഈ വീക്ഷണത്തിനു നല്കുന്നതു്. മനുഷ്യനേയും മനുഷ്യൻെറ ബുദ്ധിശക്തിയേയുംപററി വേണ്ടത്ര കാഴ്ചയില്ലാതെവന്നുപോയതാണു് ഈ വഴിതെററലിനു കാരണം. മനുഷ്യചേതനയ്ക്കു് വസ്തുതകളെ, തനെറത്തന്നെ യഥാതഥം കണ്ടറിയുവാൻ കഴിവില്ലെന്നൊരു നിലപാട്ട

സ്വീകരിച്ചാൽ, നിരീക്ഷണപരീക്ഷണമാർഗ്ഗങ്ങൾക്കുള്ളിൽ ഒതുങ്ങുന്ന വിജ്ഞാനമണ്ഡലം എന്നു് ഉറപ്പിച്ചു പറഞ്ഞാൽ ഇളകാത്ത പാറയന്വേഷിച്ച് ദൈവത്തിലും ദൈവസ്ഥാനത്തിരിക്കാത്ത രാഷ്ട്രത്തിലും മററും നന്മയെ ഉപേക്ഷിക്കേണ്ടിവരും. ഭൂരിപക്ഷം പറയുന്നതിനപ്പുറമൊന്നുമില്ലെന്ന നയപ്രഖ്യാപനം അറിയാതെതന്നെ ജീവിതത്തിൽ നടത്തേണ്ടതായുംവരും. ഇവിടെ തകരാർ കണ്ണുടയ്ക്കുന്നു്. എതിർവാദത്തിനു തുനിയേണ്ടതില്ല. സദാത്മകമായൊരു (Metaphysical) മാനസാന്തരമാണു് ആവശ്യം. മനുഷ്യവിജ്ഞാനമണ്ഡലം വിസ്തൃതമാക്കുക. മനുഷ്യനെ സാധിക്കുന്നിടത്തോളം തന്നിൽത്തന്നെ നിറുത്തുക. അവിടെ ഉറപ്പിക്കുക. മാനുഷികപ്രവൃത്തിയുടെ ഉള്ളറകളിലേക്കു വെളിച്ചംതിരിച്ചു നോക്കാം. നന്മയുടേയും തിന്മയുടേയും ലക്ഷണങ്ങളും അന്തഃസത്തയും അവിടെ കണ്ടെത്തിയേക്കാം.

## സൗഭാഗ്യം കീ ജയ്

എന്നാൽ, ഈ മനുഷ്യനിൽ എവിടെയാണു നോക്കേണ്ടതു്, ആ അളവുകോലൊന്നു കണ്ടുപിടിക്കുവാൻ? ഫലത്തിൽനിന്നു വൃക്ഷത്തിന്റെ സ്വഭാവമറിയാമെന്നല്ലേ നാം പറയുക? എങ്കിൽ ഇതാണു് എളുപ്പവഴി—അന്ത്യം, ലക്ഷ്യം, നോക്കുക. പരിശോധിക്കുക. പ്രവൃത്തിയുടെ നന്മയും തിന്മയും. മനുഷ്യന്റെ നന്മയും തിന്മയും. അന്ത്യത്തിൽ തുടങ്ങുകയായി.

## പ്രയോജനം

ഈവഴിക്കു നടന്നവർ പറയും, ധാർമ്മികതയുടെ അളവുകോൽ പ്രയോജനം, ഉപയോഗംതന്നെയാണെന്നു്. ഏതു പ്രവർത്തനത്തിനുമുണ്ടല്ലോ ഒരു ലക്ഷ്യം.

അന്ത്യം നോക്കി മാർഗ്ഗത്തിൻെറ നന്മതിന്മ നിശ്ചയിക്കാമെന്നു വരുന്നു. പ്രവൃത്തി അതിൽത്തന്നെ നല്ലതാണോ എന്ന പ്രശ്നമേവരുന്നില്ല. അതിന്റെ ആവശ്യവുമില്ലല്ലോ. 'യൂട്ടിലിറ്റേറിയൻ സിദ്ധാന്ത'മെന്നൊരു പേരാണ് ഈ വഴിക്കുള്ള ചിന്തയ്ക്കു സാധാരണ നല്കുക. ഇതിനുള്ളിലും ഉണ്ട് ഒരു വടംവലി.

## സ്വന്തം കാര്യം സിന്ദാബാദ്!

അന്ത്യം നോക്കി മാർഗ്ഗം നിശ്ചയിക്കണമോ? ഈ അന്ത്യം പലതാകാമല്ലോ. ധർമ്മശാസ്ത്രചരിത്രം നോക്കുക. മനുഷ്യൻെറ അന്ത്യം പലേടത്തുംവച്ചവരെ നാം അവിടെ കണ്ടുമുട്ടും. പ്രവൃത്തിചെയ്യുന്ന വ്യക്തിയുടെ ഭാഗ്യം നന്മതിന്മാവിവേചനമാർഗ്ഗമായിക്കരുതിയവരാണ് ഒരു കൂട്ടർ. ഇവരിൽത്തന്നെ ചിലരുടെ കാഴ്ചയിൽ—

'ജീവിതം, ജീവിതം!—തേനിനെപ്പോലുള്ള ജീവിത'ത്തിൽ മത്സുഖം. മജ്ജയും, മാമകോജ്ജ്വലയൗവനം! ഇങ്ങനെ പോകും മുദ്രാവാക്യങ്ങൾ. അല്പംകൂടി കടന്നാൽ:

"വെള്ളം ചേർക്കാതെട്ടത്തോരമൃതിനു സമമാം
　　നല്ലിളം കള്ളു, ചില്ലിൻ-
വെള്ളഗ്ലാസിൽ പകർന്നങ്ങനെ, രുചികരമാം
　　മത്സ്യമാംസാദി കൂട്ടി,
ചെല്ലുംതോതിൽ ചെലുത്തി, ച്ചിരികളികൾ തമാ-
　　ശൊത്തു മേളിപ്പതേക്കാൾ
സ്വർല്ലോകത്തും ലഭിക്കില്ലപരിയൊരു സുഖം!
　　പോക വേദാന്തമേ, നീ!"

എന്നൊരു എപ്പിക്കൂറിയൻനിലപാടിൽ എത്തുകയായി. ഇവിടെ നന്മതിന്മാവിവേചനം എന്തിലാണെന്നു പറ

യേണ്ടതില്ലല്ലോ. മുന്തിരിച്ചാറുപോലുള്ളൊരിജ്ജീവിതം ആസ്വദിക്കുകതന്നെ. അതിലേക്കു നയിക്കുന്നതെല്ലാം നന്മ. ഇതിൽനിന്നു പടിപടിയായുയൎന്ന് ഈശ്വരധ്യാന ത്തിൽ സൗഭാഗ്യകേന്ദ്രം കണ്ടവരുണ്ട്. അരിസ്റ്റോട്ട ലിന്റെ കാഴ്ചയിൽ മാനവസൗഭാഗ്യം സ്ഥിതിചെയ്യുന്നതു് മനുഷ്യന്റെ ഏറ്റമുയൎന്ന കഴിവുകളോടെ, ഏറ്റമുന്നതമായ പ്രവൎത്തനത്തിൽ, ബുദ്ധിയുടെ വെളിച്ചത്തിലുള്ള ഈ ശ്വരാസ്വാദനത്തിലത്രെ. ജെ. ബന്ധാം എന്ന ചിന്ത കൻ മനുഷ്യപ്രവൃത്തികളുടെ പ്രേരകഹേതുക്കളന്വേഷി ച്ചിറങ്ങി. ചെന്നെത്തിയതോ, ഈവഴിക്കുള്ളൊരു നി ഗമനത്തിൽ: സകലരുടെയും വേദനകളും സങ്കടങ്ങളുമക റ്റുക. അതുവഴി സ്വന്തസൗഭാഗ്യത്തിനു്, സന്തോഷത്തി നു് ജയ് വിളിക്കുക.

"ഇരുളും വെളിച്ചവും മാറിമാറി നിഴലിക്കുന്ന" ഈ ജീവിതത്തിൽനിന്നു മുക്തിയന്വേഷിക്കുന്നവരേയും നാം കണ്ടുമുട്ടുന്നു, ചരിത്രത്തിൽ. എല്ലാ പ്രവൎത്തനത്തിന്റെയും ലക്ഷ്യം ഈ സംസാരത്തിൽനിന്നു്, ജനനമരണചക്ര ത്തിൽനിന്നു പുറത്തുചാടുക. അതിനു സഹായിക്കുന്നവ നന്മ. ഈ മറിച്ചിലിനോടും തിരിച്ചിലിനോടും ചേൎത്തു ബന്ധിക്കുന്നവ തിന്മ. സ്വഫലത്തിൽനിന്നറിയുക വൃക്ഷ ത്തിൻെറ ഭാവം. ഇതു ശരിയല്ലേ? നില്ക്കുക. വേറൊരു കൂട്ടരുണ്ടല്ലോ. സ്വരം കൂട്ടതലാണവിടെ.

## സ്നേഹം—പരസ്നേഹം

ഇവിടെയും ലക്ഷ്യം സൗഭാഗ്യംതന്നെ. മുകളിൽ പറ ഞ്ഞവരുണ്ടല്ലോ, അവർ 'സ്വന്തം കാൎയ്യം സിന്താബാദ്" കാരാണു്. ഏററംവലിയ വിശ്വവിശാലവീക്ഷണ ത്തിൻെറ മറയിലും അവർ തന്നിഷ്ടം അന്വേഷിക്കുന്ന

വരാണ്, സ്വയം യാഗവേദിയിൽക്കയറുന്ന നിമിഷങ്ങളിലും ഈ സ്വസ്നേഹം എല്ലാം തിന്മയാണെന്നോ നന്മ ഇതിലില്ലെന്നോ പറയാനിവിടെ തുനിയുന്നില്ല.

മറുവശത്തുള്ളവർ പരസ്നേഹം, സമുദായസ്നേഹം പ്രസംഗിക്കുന്നവരാണ്. ഇവിടെ ലക്ഷ്യം പ്രവൃത്തി ചെയ്യുന്ന വ്യക്തിയുടെ പ്രയോജനമല്ല. ഏററംകൂടുതൽ ആളുകൾക്ക് ഏററം കൂടുതൽ സൗഭാഗ്യം പ്രദാനംചെയ്യുകതന്നെ അന്ത്യം. 'പൊതുക്കാര്യം' എപ്പോഴും മുൻപന്തിയിൽ. ലക്ഷ്യങ്ങൾ പലതുണ്ടാകാം. പരമാന്ത്യമുണ്ടല്ലോ, അതെപ്പോഴും സമുദായക്ഷേമമാകണം.

പ്രകൃതിയിലെല്ലാം ഈ പരസ്നേഹം പടർന്നു പന്തലിക്കുന്നതായാണ് അവർ കാണുക: പരോപകാരപ്രവണപ്രപഞ്ചം. എങ്കിൽ എന്തിനന്വേഷിക്കുന്നു, അതിനപ്പുറത്തു നന്മതിന്മയ്ക്കു വേറൊരളവുകോൽ? ഏററംസുന്ദരമായ ഒരു ആദർശമാണിവിടെ ഉയരുന്നതു്. 'നരകത്തിൻ ദ്വീപിലും സ്വർഗ്ഗഗേഹം പണിയുന്ന' ആ സ്നേഹംതന്നെയാണ് ഈ ആദർശം.

സൗഭാഗ്യത്തിലില്ലേ നിറഭേദങ്ങൾ? വിലകുറഞ്ഞവയും കൂടിയവയും? ഉണ്ടെന്നിവർ സമ്മതിക്കും. സൗഭാഗ്യത്തിന്റെ തൂക്കം നോക്കിയാൽ പോരെന്നു പറയുന്നുണ്ട്. പ്രത്യുത, അവയുടെ മാറെറാന്നുരച്ചുനോക്കൂ. ഈ വിഭാഗത്തിൻെറ ആചാര്യനാണ് ജോൺ സ്റ്റുവട്ട് മിൽ. അദ്ദേഹം പറയുകയാണ്, സംതൃപ്തനായൊരു ഭോഷനായി ജീവിക്കാം. അതിലും ഭേദം അതൃപ്തിയിൽ കഴിയുന്ന ഒരു യഥാർത്ഥമനുഷ്യൻതന്നെ. 'ഒരു പൊൻപ്രമാണമുണ്ടിവിടെ, മാർഗ്ഗദർശനം നല്കുവാൻ. അപരൻ നിന്നോടു ചെയ്യുവാൻ നീ ഇച്ഛിക്കുന്നതെന്തോ അതുതന്നെ ചെയ്യുക നീയും അവനോടും.'

## കളിയും കാഴ്ചയും

ചരിത്രത്തിൽ മനുഷ്യൻ ഒരു കാഴ്ചക്കാരനായി മാറ ണം. കളി കാണുന്നവൻ. ജീവിതത്തിലെ ഈ കളിയു ണ്ടല്ലോ, അതു കാണുന്ന കാഴ്ചക്കാർ, പക്ഷപാതവും വൈരുദ്ധ്യം പാടില്ലവിടെ. ഈ കളിയിൽ ഏററം കൂട്ടതലാളുകൾക്ക് ഏററംകൂട്ടതൽ സുഖവും സൗഭാഗ്യ വും ഉന്നംവയ്ക്കുക. അതിനുചേൻറ കൈയടിക്കുക. ഭൂരി പക്ഷാഭിപ്രായത്തിൻെറപേരിലുംമററും പലപ്പോഴും രം ഗത്തു വരുന്നതു് ഈ കൂട്ടരാണു്. ധാമ്മികതയുടെ അടിത്തറ മാന്തി ഇവിടെച്ചെന്നു നിറുത്തിയവരുടെ സംഖ്യ നീണ്ടുനീണ്ടു കിടക്കുന്നതു കാണാം, ചിന്താചരി ത്രത്തിൽ. അക്കൂട്ടത്തിലില്ലേ ഒരു കാറൽ മാർക്സ്?

## മാർക്സിയൻദശ്നത്തിലും

ഇവിടെയെല്ലാം ചുവപ്പുനിറമാണു്. ചരിത്രത്തിൽ ഉടനീളം പ്രവത്തിക്കുന്നതെന്താണെന്നോ? സാമ്പത്തിക പ്രവണതകൾ. ഈ അടിയൊഴുക്കിൻെറ ഗതിവിഗതി കൾക്കനുസൃതമായി മുകൾപ്പരപ്പിൽ മാററങ്ങൾ വന്നു കൊണ്ടിരിക്കുന്നു. മതത്തിലും, ധാമ്മികതയിലും ഭരണ ക്രമത്തിലും മററും ഓരോ സാമ്പത്തികവ്യവസ്ഥിതി യിലും കാണാം അതിൻേറതായ ധാമ്മികവ്യവസ്ഥി തി. ശരിയല്ലേ ഇതു്? ചരിത്രം പരിശോധിച്ചു വേ ണമല്ലോ ഉത്തരം പറയുവാൻ. ഇന്നത്തെ അടിയൊ ഴുക്കു് ഏതുവഴിക്കാണു്? അടിത്തട്ടിലേക്കു മുങ്ങിത്താ ണതു കണ്ടുപിടിച്ചു, കാറൽ മാർക്സ്. ഇന്നു് മാനവസമു ദായം നീങ്ങുന്നതുണ്ടല്ലോ, വർഗ്ഗസമരത്തിലൂടെ വർഗ്ഗരഹി തമായൊരു തുറമുഖത്തിലേക്കത്രെ. ഈ ഗതിക്കു വേഗത കൂട്ടുന്നതെല്ലാം ചെയ്തുകൊള്ളുക. അതെല്ലാം നന്മയാകും.

മറിച്ചായാൽ തിന്മ. നന്മതിന്മകൾക്കു വ്യത്യാസമില്ല മാർക്സിയൻദർശനത്തിലെന്നു പറയാമോ? പാടില്ല. അളവുകോലാണിവിടെ മാറിയതു്. ഒരത്ഥത്തിൽ "സൗഭാഗ്യം കീ ജയ്!" വിളികളാണല്ലോ ഈ ചുവപ്പൻകൂട്ടരും മുഴക്കുക. മാർക്സിസത്തിനുള്ളിലേക്കു് ഇവിടെ കാലു കുത്തുന്നില്ല. മാർക്സു് വരച്ച മനുഷ്യചിത്രത്തിൽ ചില പാകപ്പിഴകൾ വന്നുകൂടി. ചിലേടത്തു ചായം കൂടിപ്പോയി. ചില വരകളാകട്ടെ വിട്ടുപോയി. അതു നന്നാക്കി വരയ്ക്കാതെ മററു മാർഗ്ഗം കാണുന്നില്ല.

## കാററൂതുമ്പോൾ

സൽപ്രവൃത്തി സൗഭാഗ്യത്തിലേക്കു നയിക്കുമെന്നു പറയുന്നതിൽ തെററുണ്ടോ? തീർച്ചയായും ഇല്ല. സൗഭാഗ്യം അന്വേഷിക്കുന്നതിലാണോ തകരാറു്? ഒരിക്കലുമല്ല. മാത്രമല്ല, മനുഷ്യനു സൗഭാഗ്യം അന്വേഷിക്കാതിരിക്കാൻ നിവ്വാഹമില്ല:

"മണിമുഴക്കം!—സമയമായ്—മാരണ—മണിമുഴക്കം! വരുന്നു... വരുന്നു ഞാൻ," എന്നു പറഞ്ഞു കൊലക്കയറുമായോടുന്ന മനുഷ്യനും ആഗ്രഹിക്കുന്നതു സൗഭാഗ്യംതന്നെ. എതിരഭിപ്രായം ഉണ്ടാകാം. മനുഷ്യനും സൗഭാഗ്യവുമായുള്ള ബന്ധം പിന്നീട്ടു് എടുത്തുനോക്കാം. നന്മയുടെ അളവുകോലാണല്ലോ നാം അന്വേഷിച്ചിറങ്ങിയതു്. ഒരു മൂല്യത്തെ ധാർമ്മികമൂല്യമാക്കുന്നതെന്തു്? ധാർമ്മികമൂല്യങ്ങളുടെ ലക്ഷണങ്ങൾ പറഞ്ഞുകഴിഞ്ഞതാണു്. തന്നിൽത്തന്നെ നിലകൊള്ളണം. കാററൂതുമ്പോൾ മറിഞ്ഞുവീഴുന്നതാകരുതു്. വസ്തുനിഷ്ഠമാകണം. പരമമായൊരു വിലയും നിലയും ഉള്ളതും. എന്നാൽ പ്രവൃത്തി

യുടെ അന്ത്യം, സൗഭാഗ്യം നോക്കി നന്മതിന്മാവിവേചനം നടത്താമെന്നുവയ്ക്കുക. എന്താണു കുഴപ്പം? ധാർമ്മികമൂല്യങ്ങൾ കാററത്താടാൻതുടങ്ങും. പരമമായൊരു (Absolute) വിലയില്ലെന്നുംവരും, ധാർമ്മികമൂല്യങ്ങൾക്കു്. ആപേക്ഷികമായി മാറുകയുംചെയ്യും. ധാർമ്മികമൂല്യം സൗഭാഗ്യത്തിനുള്ള മാർഗ്ഗവും. സൗഭാഗ്യത്തിൻെറ തട്ടു താഴുമ്പോൾ തിന്മ കൂട്ടും, നന്മ കുറയും; തൂക്കം കൂട്ടുമ്പോൾ നന്മയും കൂട്ടും.

## വില കുറയ്ക്കല്ലേ

വെറും ഐന്ദ്രികസന്തോഷം മാത്രമേ—അതും സ്വസ്നേഹത്തിൽ മുളച്ചുവരുന്നതു്—ധാർമ്മികതയുടെ അളവുകോലെന്നു സ്വീകരിച്ചാലോ? ഇവിടെ മനുഷ്യൻെറ നില ഏററവും താഴ്ന്നതുതന്നെ. സ്വാർത്ഥതയുടെ അടിത്തട്ടിലെത്തിയവരും തള്ളിപ്പറയും ജീവിതത്തിൽ സ്വയം പൂജ നടത്തുന്നവരെ. സ്വന്തം സന്തോഷമാണു്, സൗഭാഗ്യമാണു്, ധാർമ്മികതയുടെ നിദാനം എന്നു പറയുന്നവരോടൊന്നു ചോദിക്കുക—ന്യായംവല്ലതും ഉണ്ടോയെന്നു്. രക്ഷപ്പെടണമെങ്കിൽ പറയണം—മനുഷ്യസ്വഭാവം അതാവശ്യപ്പെട്ടന്നെന്നു്. മനുഷ്യസ്വഭാവം' എന്തിലേക്കാണു വിരൽചൂണ്ടുന്നതു്? ചിന്തിക്കുന്ന ആ പ്രകൃതിയിലേക്കു്. ഇപ്പോൾ ചെന്നുനില്ക്കുന്നതതേസ്വഭാവത്തിൽ; സൗഭാഗ്യത്തിൽനിന്നുയർന്നതലത്തിൽ. അല്ലെങ്കിൽ, മനുഷ്യന്റെ വില കുറച്ചെഴുതണം—മൃഗത്തിന്റെ വില മാത്രം.

പൊതുജനക്ഷേമവും പരസ്നേഹവും മാത്രം പ്രസംഗിച്ചവസാനിപ്പിക്കുന്നവരും മനുഷ്യൻെറ വിലയിടിക്കുകയാണു ചെയ്യുന്നതു്. അവർക്കു മനുഷ്യനെ കാണുന്ന കാഴ്ചയിലാണു തകരാറുവന്നതു്. അവരുടേതായ പ്രതി

ഭാസവിജ്ഞാനീയത്തിൽ മനുഷ്യൻ പലവിധ മേഖല കളിലൂടെ നീങ്ങുകയാണ്. പരീക്ഷണനിരീക്ഷണവി ധേയമല്ലാത്തതൊന്നും ഈ ചിന്താസരണിയിൽ സ്ഥാന മർഹിക്കുന്നില്ല. മനുഷ്യൻ സൗഭാഗ്യംതേടുന്നുവോ എന്ന തല്ല നമ്മുടെ പ്രശ്നം. എല്ലാവരും സൗഭാഗ്യത്തിനു ജയ് വിളിക്കുന്നുവെന്നല്ല, ജയ്‌വിളിക്കണം എന്നുതന്നെ പറയണം. പക്ഷേ, എന്തുകൊണ്ടതു ചെയ്യണം എന്ന ചോദ്യത്തിനു മിൽ തുടങ്ങിയവർ ഉത്തരം നല്കുന്നില്ല. സകലരും സൗഭാഗ്യത്തിൻെറ പിന്നാലെ ഓടുന്നുവെന്നു് ആവർത്തിച്ചു പറഞ്ഞാൽ രക്ഷപ്പെടാൻ സാധിക്കുമോ? ജനലക്ഷങ്ങളുടെ ക്ഷേമത്തിനുവേണ്ടി, പൊതുഗുണത്തി നുവേണ്ടി, ഈ "ഞാൻ" ജീവൻതന്നെ ത്യജിക്കണം—എന്നു പറയുമ്പോൾ മിൽ അനുമോദനാർഹനാണ്. പക്ഷേ, തുടന്നു ചോദ്യം ഉയരുകയാണ്: എന്തിനു് ഈ "ഞാൻ" മററുള്ളവക്കുവേണ്ടി താഴണം? ബലിയപ്പി ക്കണം? ഞാൻ അപരനുവേണ്ടി യാഗവേദിയിൽക്കയ റണം എന്ന കല്പന വരുന്നതെവിടെനിന്നു്? എന്നിൽ നിന്നു്. അതിൻെറ ബലി വസ്തുവോ, വിധേയനോ? ഞാൻ തന്നെ. ഇതെങ്ങനെ നിരക്കും?

**ഉയരുക!**

ഹിററ്ലർ ഒരു പ്രവാചകനായി മാറി. ആയിരം കൊല്ലത്തെ വാഴ്ചയാണു ജർമ്മൻജനതയ്ക്കു് അദ്ദേഹം വാഗ്ദാനംചെയ്തതു്. ആ സമുദായത്തിന്റെ—ജർമ്മൻ സമു ദായത്തിൻെറ—മാത്രം ക്ഷേമമെടുത്തു പെരുമാറിയാൽ ധാർമ്മികതയുടെ സ്ഥിതി എന്താകും? ഹിററ്ലർ കണ്ട ആദശത്തിനു വേണ്ടിയല്ലേ അറുപതുലക്ഷം യൂദന്മാർ ഗ്യാസ് ചെയ്‌മ്പറിലും, കോൺസൻട്രേഷൻ ക്യാമ്പു

കളിലും ചത്തടിഞ്ഞതും വെന്തു ചാരമായതും? അപ്പോൾ സമുദായക്ഷേമത്തിനുപരി എന്തോ ഒന്നുണ്ട്. കെന്നഡിയും ഗാന്ധിയും സോക്രട്ടീസും നിലവിലിരുന്ന ധാർമ്മിക നിയമങ്ങളെ ചോദ്യംചെയ്തവരാണ്. ജനക്ഷേമത്തെ തൂക്കിനോക്കുന്ന ഒരു ബാലൻസുണ്ട്. അതാകണം ധാർമ്മികതയുടെ അളവുകോൽ.

## 6. അടിത്തറവരെ

"കാൻറിൻെറ ചിന്താഗതി താങ്കൾ സ്വീകരിക്കുന്നുണ്ടോ, ധാൎമ്മികമണ്ഡലത്തിൽ?"

"ഇല്ല."

1967 ജൂൺമാസത്തിൽ ബാംഗ്ളൂർ വേൾഡ് കൾച്ചർ ഇൻസ്റ്റിററ്യൂട്ടിലെ ഒരു പ്രസംഗശേഷം ശ്രോതാക്കളിലൊരാളുടെ ചോദ്യവും അതിനു ഞാൻ നല്കിയ മറുപടിയുമാണിതു്. ചിന്തയ്ക്കു ധാൎമ്മികമണ്ഡലത്തിലുള്ള സ്ഥാനമായിരുന്നു പ്രസംഗവിഷയം. അല്പം 'ഉണക്ക'യായിരുന്നു വിഷയമെന്നു പറയാം. തികച്ചും ദാൎശനികമായൊരു സമീപനവും. ഏതു പ്രശ്നത്തെയും ദാൎശനികവീഥിയിലൂടെ സമീപിക്കുമ്പോൾ അല്പം മൂടൽമഞ്ഞും അവ്യക്തതയും വന്നുപോകും. ഇമ്മാനുവേൽ കാന്റ് എന്ന ദാൎശനികൻ ധാൎമ്മികതയെപ്പററി പറഞ്ഞതൊന്നും ആ പ്രസംഗത്തിൽ സ്പൎശിച്ചതേയില്ല, അവ്യക്തത കഴിയുന്നത്ര കുറയ്ക്കണമെന്നുകരുതി. പക്ഷേ, ശ്രോതാക്കളിൽനിന്നു പ്രതീക്ഷിക്കാത്ത ചോദ്യം കേട്ടു—കാന്റിന്റെ ചിന്ത എന്തുകൊണ്ടു സ്വീകരിച്ചുകൂടാ? 18–ാംനൂററാണ്ടിലെ ഒരു ചിന്തകനെ എന്തിനിപ്പോൾ വലിച്ചുകൊണ്ടുവരുന്നു, 20–ാംനൂററാണ്ടിലേക്കു്?

കാന്റിനു ധാരാളം അനുയായികളുണ്ടു് ഭാരതീയ ദാൎശനികരുടെ ഇടയിൽ. ധാൎമ്മികമൂല്യങ്ങൾക്കു പരമമായൊരു വില അദ്ദേഹം നല്കി. അദ്ദേഹത്തിന്റെ ജീവിതം ആദൎശത്തെ കാറ്റത്തുപറത്തുന്നതായിരുന്നില്ല. കാന്റ് കണ്ടെത്തിയ മനുഷ്യൻ ധാൎമ്മികമനുഷ്യൻതന്നെ.

"അഹോ! നികൃഷ്ടം തൃണവും വെറുക്ക—
മാദർശസൗഭാഗ്യമകന്ന ജന്മം."

മനുഷ്യൻെറ മഹത്വവും അന്ത്യവും അദ്ദേഹം കണ്ടെത്തിയതും ധാർമ്മികജീവിതത്തിലത്രെ. ധാർമ്മികമൂല്യമാകണമോ പരമമായ, അനാപേക്ഷികമായ, വില അതിനുണ്ടാകണം. കഴുകിയാൽ മാറാത്തൊരു കടമ മനുഷ്യൻ തന്നിൽത്തന്നെ കണ്ടെത്തുന്നു. അപ്പീലില്ലാത്ത വിധി. അറിഞ്ഞോ അറിയാതെയോ കാൻറിനെ പിന്തുടരുന്നവരുണ്ട് ധാരാളം. കാൻറ് പറയുന്നു:

"നന്മ നന്മയ്ക്കുവേണ്ടിത്തന്നെ
ചെയ്യുക."

നല്ലൊരാദർശം!

'നന്മയ്ക്കുവേണ്ടി നീ നേർവഴിയിൽ നിന്നു്
ധർമ്മയുദ്ധംചെയ്തു തോററുപോയാൽ
പോകട്ടെ, ആ തോൽവിതന്നെ ജയമെന്നു
ലോകർ കടശ്ശിയിൽ സമ്മതിക്കും.'

ശരി. ലോകർ സമ്മതിക്കില്ലെന്നുവയ്ക്കുക. എന്നാലും ധർമ്മക്ഷേത്രത്തിൽനിന്നു് ആയുധം താഴെവച്ചു പിന്മാറരുതെന്നു കാൻറും കൂട്ടരും പറയും. എന്താണു് ഈ നന്മ? അതാണല്ലോ നമ്മുടെ പ്രശ്നം. പുറത്തെവിടെയെങ്കിലും നന്മയുടെ സ്രോതസ്സന്വേഷിച്ചാൽ നന്മ ആപേക്ഷികമായി. മാററത്തിനധീനവും. ഈശ്വരൻെറ കല്പനയിലും നന്മയുടെ അന്തസ്സത്ത തേടുന്നതു ഭീരുത്വമാണെന്നാണു കാൻറിൻെറ വാദഗതി. സൗഭാഗ്യത്തിനു ജയ്‌വിളിക്കുന്നവരിലും നന്മയുടെ തനിനിറം വ്യക്തമാകുന്നില്ല. നന്മ ചെയ്യുക—നന്മയ്ക്കുവേണ്ടി മാത്രം. സ്വർഗ്ഗത്തെ ഇച്ഛിച്ചു

ചെയ്യുന്ന പ്രവൃത്തി നന്മയാകില്ല, നരകത്തെ ഭയന്നുചെയ്യുന്നതും. ഈശ്വരനുണ്ടെന്നു തെളിയിക്കുക സാദ്ധ്യമേയല്ല കാൻറിൻെറ ദർശനത്തിൽ. ധാർമ്മികതയ്ക്കൊരു താങ്ങായി (Postulate) മാത്രം ഈശ്വരനെ അദ്ദേഹം കാണുന്നു.

കണ്ണട

ധാർമ്മികമൂല്യങ്ങൾ മനുഷ്യനിൽത്തന്നെ സ്ഥാപിക്കുക നല്ലതുതന്നെ. എന്നാൽ എങ്ങനെ സാധിക്കും? സുഖവും ദുഃഖവും ഇടകലർന്ന ഈ മണ്ണിൽ നാം വെറും നിഴലുകളെങ്കിൽ ഈ നിഴലുകളിൽ എങ്ങനെ ഇളകാത്ത ധാർമ്മികസൗധം പണിയും? ഒരുപായമേയുള്ളു കാന്റിന്റെ കാഴ്ചപ്പാടിൽ. മനുഷ്യബുദ്ധിയിൽ അദ്ദേഹത്തിനു് അത്ര വിശ്വാസമില്ല. കാന്റിൻെറ വിജ്ഞാനശാസ്ത്രം (Epistemolog y)തന്നെ ഈ അവിശ്വാസത്തിനു കാരണം. ആ വിജ്ഞാനശാസ്ത്രത്തിലേക്കിറങ്ങിയാൽ നാം ഇവിടെനിന്നു കരപറ്റുകയില്ല. മൂടൽമഞ്ഞിന്റെ കട്ടി കൂടിവരും. അതിനാൽ അതിനൊരുമ്പെടുന്നില്ല. പ്രപഞ്ചത്തെയും തന്നെത്തന്നെയും വസ്തുനിഷ്ഠ(Objective)മായി കണ്ടറിയുക സാദ്ധ്യമേയല്ല, കാന്റിന്റെ കണ്ണടവെച്ചാൽ. അതേസമയം പരമമായൊരു വിലയും ശക്തിയും ഉറപ്പും ധാർമ്മികമൂല്യങ്ങൾക്കുണ്ടെന്നു വരുത്തുകയുംവേണം. ഒരേയൊരു മാർഗ്ഗമേയുള്ളു. മനസ്സി(Will)ൻെറ കല്പനയിൽ ഉറപ്പിക്കുക, ധാർമ്മികമൂല്യങ്ങളെ. ധാർമ്മികമനുഷ്യൻ തനിക്കുതന്നെ ഒരു കല്പന നല്കട്ടെ, തന്നെത്തന്നെ ബന്ധിക്കട്ടെ. ഈ ചങ്ങല എല്ലാവരേയും ബന്ധിക്കുന്നതാവുകയുംവേണം. നന്മയെ തിന്മയിൽനിന്നു വേർതിരിക്കുന്ന ചൂണ്ടുപലകയും ഇവിടെ ഉയർത്തണം. എന്താണു് ഈ

കല്പന? ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനു മുൻപ് 'സാർവ്വലൗകിക'മാക്കുക, ആ പ്രവൃത്തിയെ. എല്ലാ മനുഷ്യൎക്കും ആ പ്രവൃത്തി നിയമമായി മാററാമോ എന്നാരായുക. സാദ്ധ്യമെങ്കിൽ അതു ചെയ്യണം. വ്യക്തമാകുന്നില്ലായിരിക്കും. ഒരുദാഹരണം: മാത്യുവിൽനിന്നു് എനിക്കു കുറച്ചു പണം—1,000 രൂപയാകട്ടെ—കടംവാങ്ങണമെന്നു വയ്ക്കുക. മാത്യു തരാൻ തയ്യാറാണെന്നും. എന്നാൽ, അദ്ദേഹത്തിനു് എന്നിൽനിന്നു് ഒരു വാക്കു കിട്ടണം: ഒരുകൊല്ലത്തിനകം തിരിച്ചുകൊടുക്കാമെന്നു്. രേഖയൊന്നും ആവശ്യപ്പെടുന്നില്ല. തിരിച്ചുകൊടുക്കാമെന്നു പറഞ്ഞില്ലെങ്കിൽ മാത്യുവിൻെറ പണസഞ്ചിയിൽനിന്നു് ഒരു നയാപൈസ ലഭിക്കയുമില്ല. പക്ഷേ, ആ പണം പിന്നീടു കൊടുക്കാൻ സാധിക്കുകയില്ലെന്നു ബോധ്യമുണ്ടു്. എന്നാലും തിരികെ കൊടുക്കാമെന്നു പറഞ്ഞു പണം വാങ്ങാമോ? വാങ്ങിയാൽ അതു ശരിയാകുമോ?...നന്മയും തിന്മയും തമ്മിൽ വേർതിരിക്കേണ്ട നിമിഷങ്ങൾ! നിങ്ങൾ മറുപടിപറയും നുണ പറഞ്ഞു പണം വാങ്ങരുതെന്നു്. കാൻറും അതുതന്നെ പറയും. കാൻറിനിവിടെ ഒന്നു നോക്കിയാൽ മതി. ഞാൻ ഇപ്പോൾ ചെയ്യുന്ന ഈ പ്രവൃത്തി സാർവ്വത്രികവും, സാമാന്യവും, സാർവ്വലൗകിക(Universal)വും ആക്കാമോ? അതു മതി. ഞാൻ പണം വാങ്ങുകയാണു്. ഇപ്പോൾ എനിക്കു ഞാൻതന്നെ നല്കുന്ന ഈ നിയമം—കടംവീട്ടാൻ സാധിക്കയില്ലാത്തപ്പോൾ വീട്ടാമെന്നു പറഞ്ഞു വാങ്ങാം—എല്ലാവരേയും ബന്ധിക്കുന്ന ഒരു കല്പനയായി മാററുക. ഒരു പുതിയ അച്ചിലൂടെ എൻെറ ഈ പ്രവൃത്തിയെ കടത്തിവിടുക. ഒരു ഫോർമുലമാത്രം മതി, എല്ലാ

പ്രവൃത്തിക്കും; സാർവ്വലൗകീകരണം. സാർവ്വത്രികപരിവേഷമണിയിക്കാമെങ്കിൽ നല്ലതു്. അല്ലെങ്കിലോ തിന്മ.

കാന്റിന്റെ നിലപാടു സ്വീകരിച്ചുകൂടെ? ധാർമ്മികത ഇവിടെ ഉറച്ച പാറയിലല്ലേ ഉയർന്നുപൊങ്ങുന്നതു്. പരമമായൊരു ശക്തിയും കൈവരുന്നു. "നാലുപേർ കേട്ടാൽ എന്തു പറയും, കണ്ടാൽ എന്തു ചെയ്യും?" എന്നെല്ലാം നാം ചിന്തിക്കാറുണ്ടല്ലോ താനും.

പക്ഷേ—

ധാർമ്മികതയുടെ അളവുകോലായി ഈ സാർവ്വലൗകീകരണനിയമം മതിയാകയില്ല. ഒരു കല്പനയാണിതു്; കാററത്തു പറന്നുപോകാത്തതും. എന്നാൽ, ഈ കല്പന നല്കുന്നതാരു്?—'ഞാൻ'തന്നെ. അനുസരിക്കേണ്ടതും 'ഞാൻ'തന്നെ. ഞാൻ എന്നെത്തന്നെ ബന്ധിക്കുന്നു. ഇതെങ്ങനെ ദഹിക്കും? രാജാവും പ്രജയും, നിയമമുണ്ടാക്കുന്നവരും നിയമവിധേയരും ഒന്നാകുന്നതെങ്ങനെ? ഞാൻ ഉണ്ടാക്കുന്ന നിയമം പൊളിച്ചെഴുതാൻ പാടില്ലേ? അരുതെന്നു് ആരു പറയും? സാദ്ധ്യമെങ്കിൽ, പൊളിച്ചെഴുതാൻ എനിക്കു കഴിവുണ്ടെങ്കിൽ, പരമമായ വിലയെല്ലാം അതോടെ പോകുകയുംചെയ്യും.

വലയത്തിനുള്ളിൽ

കാൻറിന്റെ ധാർമ്മികചിന്ത ഒരു വിഷമവൃത്തത്തിനുള്ളിലാണു് കറങ്ങുന്നതു്. നന്മയാകണമോ—പരമമായ ആ കല്പന, ഞാൻ എനിക്കു നല്കുന്ന തീട്ടൂരം—അനുസരിക്കുക. ശരി, ഈ കല്പനയുടെ അനുസരണം നല്ലതാണെന്നെങ്ങനെ തെളിയിക്കും? അതിനു കൊണ്ടുവരണമോ മറെറാരു കല്പന? എങ്കിൽ ഇതൊരു വിഷമവൃത്തമാണല്ലോ. ഈ വലയത്തിനുള്ളിൽനിന്നു പുറത്തു

വരണമെങ്കിൽ ഒരു വഴിയേയുള്ളൂ. ആ വിജ്ഞാന ശാസ്ത്രം മാററിയെഴുതുക. മനുഷ്യമനസ്സിൽനിന്നു മാററി ബുദ്ധിയിൽ, ചിന്താശക്തിയിൽ, തേടണം നാം ധാർമ്മികതയുടെ ചേതനയെ. അവിടെ നാം കണ്ടെത്തും, ആദർശങ്ങളുടെ ലോകം.

ധാർമ്മികതയുടെ മൂലക്കല്ലും, അളവുകോലുമന്വേഷിച്ചു പുറത്തെല്ലാം തപ്പി. രാജാവിൻെറ കല്പനയിലും ദൈവശാസനത്തിലും തേടിനോക്കി. പക്ഷേ, ധാർമ്മികതയുടെ 'തനിനിറം' കാട്ടുന്ന കല്ലവിടെ കണ്ടില്ല. സൗഭാഗ്യത്തിനു ജയ്‌വിളിക്കുന്നവരുടെ സ്വരം പതറിയതാണ്. ചോദിച്ചുവരുമ്പോൾ അവരും പറയും, ചിന്തയിൽ മുട്ടിവിളിക്കുക. സാർവ്വലൗകികരണനിയമം എന്ന അച്ചിലൂടെ വാർത്തെടുത്ത നന്മയ്ക്കു ജീവനുണ്ടാകയില്ല, ഉൾഘലനവും. ഇനി എങ്ങോട്ടാണു തിരിയുക? എന്തിനെന്നും എങ്ങോട്ടെന്നുമറിയാതെ, അറിയുവാൻ മാർഗ്ഗമില്ലാതെ, 'അന്ധകാരപ്രാന്തരത്തിൽ' തട്ടിമുട്ടി നടന്നാൽ മതിയോ?

"അന്ധകാരപ്രാന്തരത്തിൽ—കഷ്ടം!
അന്ധരെയന്ധർ നയിപ്പൂ"

എന്നു വിലപിച്ചുകൊണ്ടു നിരാശയിലേക്കു നീങ്ങുകയോ!

## ഒരു വെളിച്ചം

അരിസ്റ്റോട്ടൽ മനുഷ്യനെ ചിന്തിക്കുന്ന മൃഗമായി കണ്ടു. ചിന്താവെളിച്ചത്തിൽ ഒരു 'ധാർമ്മികസൗധം' അദ്ദേഹം പടുത്തുയർത്തി. ആ വെളിച്ചത്തിലാണ് ധാർമ്മികതയുടെ മൂലക്കല്ലു നാം കണ്ടെത്തേണ്ടതു്. കാററത്താടുന്ന നന്മ മതിയോ?—സൗഭാഗ്യത്തിലും കല്പനകളിലും അന്വേഷിച്ചുകൊള്ളുക. തന്നിൽത്തന്നെനിന്ന്

പരമമായ വിലനല്കി സ്വാതന്ത്ര്യത്തിൻെറ മണിമേട യിൽ മനുഷ്യനെ ബന്ധിക്കുന്ന, ചങ്ങലയാണു വേണ്ടതു്, മനുഷ്യനിലെ മനുഷ്യനിൽനിന്നുമുയരുന്ന ആ വിധി വാചകം. അപ്പീലില്ലാത്ത വിധിയാകണം അതു്. ദൈവകല്പനകളനുസരിക്കണം എന്ന വിധിക്കു് ഒരു അപ്പീലുണ്ടു്—ദൈവകല്പന നന്മയാണെന്ന വിധി യിലേക്കു്. ഇപ്പോൾ നാം തേടുന്നതോ ഒരു മൂല്യത്തെ 'ധാർമ്മിക'മാക്കി നിറുത്തുന്ന വെളിച്ചം ഏതെന്നാണു്. ചിന്തിക്കുന്ന മൃഗത്തിലെ 'ചിന്താവെളിച്ചത്തിൽ' നാം അതു കണ്ടെത്തണം.

## ശരിയോ തെററോ?

മനുഷ്യബുദ്ധിക്കു പല കഴിവുകളുണ്ടു്. ആലോ ചിക്കുക, ഊഹിക്കുക, സംശയിക്കുക, ചോദ്യംചെയ്യുക തുടങ്ങിയവ. ഇവിടെയൊന്നും കലപ്പില്ലാത്ത നന്മ നാം കണ്ടെത്തുന്നില്ല. 'വിധിപ്രസ്താവന'—പ്രതിജ്ഞപാലി ക്കണം, നുണ പറയരുതു് എന്നു് ഉറക്കെപ്പറയുന്ന പ്രവർത്തനമുണ്ടല്ലോ—ആ സ്വരമാണു് ധാർമ്മികമൂല്യ ത്തിൻെറ അളവുകോലും, ആണിക്കല്ലും. ഇവിടെ സംശ യത്തിനിടമില്ല. അല്ല, ഈ വിധിപ്രസ്താവനക്കു തെറ്റാ വരമുണ്ടോ? എവിടെയും മറിച്ചാണല്ലോ കേൾക്കുക. ധാർമ്മികസംഘടനകൾ ഏററുമുട്ടുന്നതിൻെറ സ്വരം. ശരി. ഏതു വിധിപ്രസ്താവനയും ധാർമ്മികതയുടെ കൈ വിളക്കാകയില്ല. ഒരേയൊരു വിധി—നേർവഴിക്കുള്ളതു്.

## വിഷമവൃത്തമോ?

നന്മയെ തിന്മയിൽനിന്നു വേർതിരിച്ചുകാണിക്കു ന്ന അളവുകോലന്വേഷിച്ചിറങ്ങി. ചെന്നു നില്ക്കുന്നതോ

നേർവഴിക്കുള്ള വിധിയിൽ. നല്ല ബുദ്ധിയുടെ നല്ല വിധിവാചകത്തിൽ. ഇതിലില്ലേ ഒരു വിഷമവൃത്തം? നന്മയെന്തെന്നറിയാൻ 'നല്ല' വിധി കൊണ്ടുവരുന്നതു് എങ്ങനെ നീതീകരിക്കും? ക്ഷമിക്കണം. നല്ല വിധിക്കു്, നേർവഴിക്കുള്ള ചിന്താപ്രവൎത്തനത്തിനു വേറെ തെളിവൊന്നും ആരായേണ്ട. വെളിച്ചം അന്വേഷിക്കുവാൻ വേറേ വെളിച്ചം വേണമോ? സത്യമറിയാൻ മനുഷ്യബുദ്ധിക്കു കഴിവുണ്ടോ എന്നന്വേഷിച്ചിറങ്ങുന്നതിൽ ഒളിച്ചുകളിനടത്തുന്നില്ലേ ഒരു വിരോധാഭാസം? ബുദ്ധിശക്തിയുടെ വിധിപ്രസ്താവന ശരിയാകും. അതു് അതിന്റേതായ പ്രവൃത്തികൾക്കനുസൃതം, നിയമങ്ങൾക്കനുസൃതം നീങ്ങുമ്പോൾ. ചെയ്യരുതെന്നും ചെയ്യണമെന്നും പറയുമ്പോൾ, 'ചെയ്യരുതാത്തതു' ചെയ്യണമെന്നു വിധിപ്രസ്താവന നടത്തിയേക്കാം. ഈ വിധിപ്രസ്താവനയിൽ വിശ്വസ്തത—സ്വന്തസ്വഭാവത്തോടുള്ള വിശ്വസ്തത—നാം കണ്ടെത്തുകയില്ല. മുൻവിധികളും പ്രശ്നങ്ങളുടെ സങ്കീൎണ്ണതയും സാമൂഹ്യാചാരങ്ങളും വിധിപ്രസ്താവനയിൽ തെററായ സ്വാധീനംചെലുത്തുന്നില്ലേ? തൊലിയുടെ നിറത്തിൻെറ ഭേദം ചില മുൻവിധികളിലൂടെ കടന്നുവരുമ്പോൾ ജീവനുള്ള മനുഷ്യരെ 'ഇരുകാലിമാട്ട'കളായും മററും കണ്ടെന്നുവരും; കള്ളവിധി പ്രസ്താവിച്ചെന്നും. പക്ഷേ, ഇതു തിരുത്തിയെഴുതേണ്ടതും ആ വെളിച്ചത്തുതന്നെ. വെളിച്ചത്തെ മറച്ചിരുന്ന മൂടുപടം നീക്കുക. മനുഷ്യബുദ്ധിയെ അതിന്റേതായ സ്വാഭാവികനീക്കത്തിനു വിടുക. ധാൎമ്മികവിദ്യാഭ്യാസലക്ഷ്യം ഇതാകണം. ചിന്തയുടെ സ്വരം അടിച്ചമത്തുകയല്ല.

നേർവഴിക്കു നീങ്ങുന്ന ചിന്ത മനുഷ്യനിലെ മനുഷ്യനെ ഒരു വിധിപ്രസ്താവനയിലൂടെ പരമമായ ഒരു

ആദർശത്തിൻെറ മുൻപിൽ നിറുത്തും. മനുഷ്യൻ—കാററത്താടുന്നവൻ. ഒരു 'കടങ്കഥ'. ധാർമ്മികപ്രവൃത്തിയോ ഒരു നിമിഷത്തിൽ തുടങ്ങി മറെറാരു നിമിഷത്തിൽ അവസാനിക്കുന്നതു്. ഒരുതുള്ളി മഷി മതിയല്ലോ കള്ളയൊപ്പിടുന്നതിനു്. പക്ഷേ, അരുതെന്നുപറയുന്ന ആ സ്വരത്തിനു്, അതിൽ മിന്നുന്ന ആദർശത്തിനു്, പരമമായ ഒരു വിലയുണ്ടു്. ഇതെവിടെനിന്നു വരുന്നു? അടിത്തറ എവിടെ?

## സ്വഭാവത്തിലേക്കു്

ബുദ്ധിക്കു് ഒരടിത്തറയുണ്ടു്—മനുഷ്യസ്വഭാവം. നുണ പറയുന്നതു ശരിയോ തെററോ എന്നു തീരുമാനിക്കുവാൻ, വിധി പറയുവാൻ, ചിന്താവെളിച്ചം തിരിയേണ്ടതു മനുഷ്യസ്വഭാവത്തിലേക്കുതന്നെ. മനുഷ്യസ്വഭാവത്തിനു് ഇതു ചേരുമോ? പുറമേനിന്നു നോക്കിയല്ല ഈ തീരുമാനത്തിലേക്കു നീങ്ങുന്നതു്. മൈക്കൽ ആഞ്ജലോയുടെ 'പിയേത്താ' നോക്കി ഒരു തനിപ്പകപ്പു് ഉണ്ടാക്കാൻകഴിഞ്ഞേക്കാം. ഈവിധത്തിലല്ല ബുദ്ധിയിലൂടെ മനുഷ്യപ്രകൃതിയും മനുഷ്യപ്രകൃതിയിലൂടെ ബുദ്ധിയും പ്രവർത്തനത്തിൽ വരുന്നതു്. നമ്മയെ അറിയുന്ന അറിവിനെപ്പററി മുൻപു പറഞ്ഞുപോയതാണു്. ജീവിക്കുന്ന അറിവാണതു്. തികച്ചും ചലനാത്മകം. മനുഷ്യബുദ്ധിയിലൂടെ മനുഷ്യത്വം വികസിക്കുന്നു, വളരുന്നു, വാതിൽ തുറക്കുന്നു—പരമമായ ആദർശത്തിലേക്കുള്ള വാതിൽ. നാലപ്പാടൻ പാടി:

> "മഹത്വമേ മൃത്യുവിൽനിന്നെനിക്കെ—
> ന്നനശ്വരത്വത്തെയെടുത്തുകാട്ടും?"

പലരും ചോദിക്കുന്ന ഒരു ചോദ്യമാണിതു്. പ്രത്യേകിച്ചും പ്രലോഭനങ്ങളുടെ നടുവിൽ. ഉത്തരം വേണമോ? ഒരു നിമിഷത്തിൽ അനശ്വരതയുടെ മുൻപിൽ നില്ക്കുന്ന നശ്വരത, മർത്ത്യത. മരണശേഷമല്ലിതു്. മരണത്തിനു മുൻപുതന്നെ. ചെയ്യരുതാത്തവ ചെയ്യരുതെന്നും, ചെയ്യേണ്ടതു ചെയ്യണമെന്നും, വിധി പറയുന്ന നിമിഷത്തിൽ. നശ്വരത അനശ്വരതയെ മുകരുന്ന നിമിഷങ്ങൾ.

## അടിത്തറ

ഉറച്ച ഒരു പാറയിലേക്കാണു നാം നീങ്ങുക. ഒരിക്കലും ഇളകാത്ത പാറ. എന്താണതു്? ഞാൻ നിർമ്മിക്കുന്ന സങ്കല്പലോകമോ? പക്ഷേ, 'ആദർശലോകത്തിൽ സങ്കല്പച്ഛായ കണ്ടു്', സങ്കല്പലോകത്തിൽ ആദർശച്ഛായ കണ്ടു്, ഇളകാതെ നില്ക്കുവാൻ മനുഷ്യനു സാധ്യമല്ല. ഈ ആദർശത്തിനു് അടിത്തറ വേണമെന്നതിലും സംശയം വേണ്ട. അസ്തിത്വത്തിൽ അടിയുറച്ചതാകണം ഈ ആദർശം. മായാലോകത്തിലെ ആദർശം മനുഷ്യനെ വലിയ ത്യാഗങ്ങൾക്കു്, ജീവന്മരണയുദ്ധത്തിനുതന്നെ പ്രേരിപ്പിച്ചിട്ടില്ലേ? ഹിറ്റ്ലർ ഉയർത്തിയ ആദർശം— ആയിരം കൊല്ലത്തെ കലർപ്പില്ലാത്ത ആര്യരക്തത്തിന്റെ (ജർമ്മൻജനതയുടെ) വാഴ്ച ബാലന്മാരെപ്പോലും രണഭൂമിയിലേക്കു് ആനയിച്ചു. പക്ഷേ, ഇന്നു ലോകം അതൊരു ഭ്രാന്തായി എണ്ണിക്കഴിഞ്ഞു. മൂടുപടം മാറിയതോടെ ആ ആദർശം ചാമ്പലായി. ധാർമ്മികമൂല്യങ്ങൾ ഉയർത്തുന്ന ആദർശം ഒരിക്കലും ഇളകാതിരിക്കണമെങ്കിൽ, നിമിഷങ്ങളിലൂടെ മായുന്ന മനുഷ്യൻ ഒരു നിമിഷത്തിൽ ചെയ്യുന്ന പ്രവൃത്തിക്കു് ഈ അനശ്വരത കാണണമെങ്കിൽ,

അസ്തിത്വംതന്നെ, 'ഉണ്മ'തന്നെ, ആയ ഒരു സത്തയിൻ അടിത്തറ പണിയണം. മണ്ണും ചളിയും കോരി ആ പാറമേൽ എത്തുന്നില്ലെങ്കിൽ അടിത്തറ ഇളകും, കാറ്റും പിശറും ഉണ്ടാകുമ്പോൾ. ക്രൈസ്തവദർശനത്തിൽ ഈ അടിത്തറ ഒന്നുമാത്രം—ഈശ്വരൻ. 'സ്ഥിരസ്ഥിതൻ' എന്ന നിർവ്വചനം ഈശ്വരനുമാത്രം ചേരുന്നു. ഇപ്രകാരം ഒരു സ്ഥിരസ്ഥിതനില്ലഃയാ, അന്ത്യവിശകലനത്തിൽ എല്ലാം ഇളകാൻ തുടങ്ങും. ഡസ്റ്റോവ്സ്കി പറഞ്ഞതു് എത്രയോ ശരിയാണു്, "ഈശ്വരനില്ലെങ്കിൽ നമുക്കു് എല്ലാം ചെയ്യാം." ചെയ്യരുതാത്തതു് ഒന്നും ഉണ്ടാകില്ല. അതുപോലെ ചെയ്യേണ്ടതും.

## മതവും ധാർമ്മികതയും

മതത്തിനുപുറമേയും ധാർമ്മികമൂല്യങ്ങളുണ്ടാകാമെന്നു പണ്ടൊരിക്കൽ പറഞ്ഞു. അടിത്തറ മാന്തി നാമിപ്പോൾ ചെന്നുനില്ക്കുന്നതോ ഈശ്വരനിൽ. പറഞ്ഞതെല്ലാം ഇനി പൊളിച്ചെഴുതണമോ? നിൽക്കു. ധാർമ്മികതയുടെ പരമമായ വിലയും, ആഴവും പരപ്പും എല്ലാം കണ്ടറിഞ്ഞു്, അതിൻെറ അടിത്തറ മാന്തി പ്രാതിഭാസികമായൊരു വിശകലനവുംനടത്തിയാൽ മാത്രമേ നാം ദൈവത്തിലെത്തുകയുള്ളു. മതത്തിനു പുറത്തു് ധാർമ്മികമൂല്യങ്ങളുടെ വിശകലനം നല്കാൻ (cf. Why I am not a Christian) ബർട്രാണ്ടു് റസ്സൽ വളരെ പരിശ്രമിച്ചു. അദ്ദേഹം ഈ അടുത്തകാലത്തു യുദ്ധത്തിനെതിരായി ഒരു ധർമ്മയുദ്ധത്തിലേർപ്പെട്ടു. , ഇന്നു റസ്സൽ സമ്മതിക്കുന്നുണ്ടു് ഭൂമുഖത്തു നിന്നു യുദ്ധം ഇല്ലാതാകണമോ മതപരമായൊരു നവോത്ഥാനം അതിനു കൂടിയേതീരുവെന്നു്.

ഈ മണ്ണിന്റേതായ മൂല്യങ്ങളെ നിഷേധിക്കണമോ,

ദൈവത്തിനും മതത്തിനും സ്ഥാനംനല്ലവാൻ? വേണ്ട. എന്നാൽ, മൂല്യങ്ങളുടെ തനിനിറം അന്വേഷിച്ചു് പടി പടിയായി നീങ്ങിയാൽ നാം ഈശ്വരനിൽ ചെന്നെത്തും. സാധാരണമനുഷ്യരിൽ ബഹുഭൂരിഭാഗവും ധാർമ്മികനിയമങ്ങൾ ഏവയെന്നറിയുന്നതു മതത്തിലൂടെയാണെന്നു സമ്മതിക്കുന്നു. സ്വസ്നേഹത്തിൻേറയും മുൻവിധികളുടേയും വടംവലികളിൽ മതം അവൻെറ സഹായത്തിനു വരുന്നു. പക്ഷേ, ഇവിടെയും അവൻെറ ബുദ്ധിയുടെ പ്രവത്തനത്തെ സ്തംഭിപ്പിക്കുന്നതു് ഒരിക്കലും ശരിയാവില്ല. മതത്തിനു ചേരില്ലല്ലോ മയക്കുമരുന്നിൻെറ ജോലി?

# 7. പരിണാമവും ധാർമ്മികനിയമങ്ങളും

ചലനാത്മകമായ മനുഷ്യനെത്തേടലിൽ മനുഷ്യൻ വിയത്തൊലിക്കണം. മാറ്റത്തിലൂടെ നീങ്ങുന്ന മനുഷ്യൻ മാററമില്ലാതെ ജീവൻപകരുന്ന ജീവനുള്ള നിയമങ്ങളെ കണ്ടെത്തും.

അല്പം ഭയത്തോടുകൂടിയാണ് ഈ വിഷയത്തിലേക്കു കടക്കുന്നതു്. സ്നേഹത്തെപ്പറ്റി അഗസ്റ്റിൻ പറഞ്ഞിട്ടുണ്ട്: ചോദിക്കാതിരുന്നാൽ സ്നേഹമെന്തെന്നെനിക്കറിയാം; ചോദിച്ചുപോയാലോ—എനിക്കറിവില്ല. ഇതുപോലൊന്നു പറയേണ്ടിവരില്ലേ ധാർമ്മികനിയമത്തെപ്പററി, സ്വാഭാവികനിയമത്തെപ്പററി? 'മനുഷ്യജീവൻ' എന്ന പരിശുദ്ധപിതാവു് പോൾ ആറാമൻെറ ചാക്രികലേഖനത്തിനുശേഷം പത്രങ്ങളിലൂടെ വളരെയേറെ ചർച്ചാവിഷയമായി, 'സ്വാഭാവികനിയമം'. ഏതോ പഴഞ്ചൻ തത്വസംഹിതയുടെ ആവർത്തനമെന്നതിൽക്കവിഞ്ഞൊരു കഴമ്പുമില്ല 'സ്വാഭാവികനിയമ'ത്തിൽ എന്നുവരെ എഴുതി, ലക്ഷക്കണക്കിനു കോപ്പികളുള്ള ചില മാസികകൾ. മാററമില്ലാത്തതായൊരു സ്വഭാവമുണ്ടെന്നും, ആ സ്വഭാവത്തെ നിയന്ത്രിക്കുന്ന ചില നിശ്ചിതനിയമങ്ങളുണ്ടെന്നും മററുമുള്ള സ്റ്റോയിക്കുകളുടെ സിദ്ധാന്തമാണത്രേ ക്രൈസ്തവധാർമ്മികപ്രബോധനത്തിന്റെ തായ്ത്തണ്ടായ സ്വാഭാവികനിയമത്തിന്റെ അടിസ്ഥാനം!

ഡാർവിന്റെ പരിണാമവാദത്തിനുശേഷം, അസ്തിത്വവാദികളുടെ അരങ്ങേററത്തിനുശേഷം, ഇതിനു വില പ്പോകുമോ?... തികച്ചും താത്വികമായൊരു സമീപനം മാത്രമാണിവിടെ ഞാൻ സ്വീകരിക്കുന്നതു്. മനുഷ്യൻ

ഇന്നു ജീവിക്കുന്നതു് അതിസ്വാഭാവികതലത്തിലാണെന്ന ക്രൈസ്തവവിശ്വാസത്തെ സ്വീകരിച്ചുകൊണ്ടുതന്നെ ഈ ദാർശനികസമീപനം കൈക്കൊള്ളുകയാണ്. ദാർശനികസമീപനം മതിയാകില്ലെന്നും, ആവിഷ്കരണത്തിനു സ്വാഭാവികനിയമത്തെപ്പററി പറയുവാനധികാരമുണ്ടെന്നും സമ്മതിക്കുന്നു. അതേസമയം സ്വാഭാവികനിയമം എന്നൊന്നുണ്ടെങ്കിൽ അതു ക്രൈസ്തവരെ മാത്രം ബാധിച്ചാൽ മതിയോ?

ഈ നിയമത്തെപ്പററി വ്യക്തമായ ധാരണ പലക്കും ഇല്ലെന്നതാണു സത്യം. പലരും എഴുതിപ്പിടിപ്പിക്കുന്നതു വായിച്ചാൽത്തോന്നും, ഏതോ മാററമില്ലാത്ത ഉണക്കനിയമമത്രേ സ്വാഭാവികനിയമം. സ്വാഭാവികനിയമത്തിനുണ്ടു് മാററമില്ലാത്തൊരുവശം—ശരിതന്നെ. പക്ഷേ, ഏതാണ് ഈ വശം? ഇനി സ്വാഭാവികനിയമം എന്നൊന്നില്ലെന്നു പറയുന്നവർ 'ഇല്ലെന്നു' പറഞ്ഞുതള്ളുന്നതു സ്വാഭാവികനിയമമാണോ? അതോ, സ്വാഭാവികനിയമമായി അവർ ധരിച്ചുവച്ചിരുന്ന മറ്റേതോ വികൃതനിയമമോ?

ഒരേസ്വരത്തിൽ

നൂററാണ്ടുകളിലൂടെ ധാർമ്മികബോധം വളർന്നു. ആ ചരിത്രത്തിൽ തെളിഞ്ഞുകാണാം ഒരുറച്ച ബോധ്യം: മനുഷ്യപ്രവൃത്തികളെ നിയന്ത്രിക്കുന്ന ചില വ്യവസ്ഥകളുണ്ടു്, മനുഷ്യസ്ഥാപിത, ദൈവസ്ഥാപിതനിയമങ്ങൾക്കെല്ലാം മുൻപേ പോകുന്ന ക്രമം. ഇതു് ക്രൈസ്തവദർശനത്തിന്റെ കുത്തകയൊന്നുമല്ല. പാശ്ചാത്യചിന്തകരുടെ പിള്ളത്തൊട്ടിയായ ഗ്രീക്കുകാരുടെ ഇടയിൽ ഇതു കണ്ടെത്താം. അരിസ്റ്റോട്ടൽ മനുഷ്യപ്രവൃത്തികളെ

നിയന്ത്രിക്കുന്ന അടിസ്ഥാനപ്രവണതകളിലേക്കിറങ്ങി ച്ചെന്നു ധർമ്മശാസ്ത്രം എഴുതി. നിലനില്ക്കുന്നതായൊന്നുമില്ല, എല്ലാം കടന്നുപോകുന്നു, മാറ്റമാണെല്ലാത്തിന്റേയും പ്രകൃതി എന്നുപറഞ്ഞ ഹെരാക്ലീററസ് ആ മാറ്റത്തിനിടയിൽ ക്രമം അന്വേഷിച്ചു. സ്റ്റോയിക്കുകൾ കണ്ടെത്തിയതു ബുദ്ധിയുടെ—ലോഗോസ്—നിയന്ത്രണത്തിൽ നീങ്ങുന്ന മനുഷ്യരെയാണ്. ഹൈന്ദവദർശനത്തിൽ കാണാം പ്രകൃതിയിലെല്ലാം ഒരു ക്രമം, 'റിഥം', ഉള്ളതായി. ഹൈന്ദവമതത്തിനു ചേരുന്ന ഏററം നല്ല വാക്കുതന്നെ 'സനാതനധർമ്മം' എന്നതാണല്ലോ. മാററമില്ലാത്ത ഒന്നിന്റെ പ്രതിഭാസങ്ങളാണ് ഈ പ്രപഞ്ചം. ഇവിടെ സനാതനധർമ്മം പലേ ധർമ്മങ്ങളായി മാറും: കുലധർമ്മമായും, ആശ്രമധർമ്മമായും, മാനവധർമ്മമായും, യുഗധർമ്മമായും, രാജധർമ്മമായും മററുംമററും. ജീവിതം തന്നെ ധർമ്മക്ഷേത്രമാണല്ലോ. ക്രമീകൃതമായൊരു ലോകത്തിൽ ക്രമമനുസരിച്ചുവേണം മനുഷ്യൻ പ്രവർത്തിക്കുവാൻ, ഭാരതത്തിൻേറതായ ഈ ചിന്തയിലും

മാർക്സിയൻദർശനത്തിലും മററും കണ്ടെത്താൻ സാധിക്കും ഇതുപോലൊരു ക്രമത്തിലുള്ള വിശ്വാസം. സാമ്പത്തികപ്രതിഭാസത്തിൻെറ പുറംതകിട്ടമാത്രമാകും ഈ ദർശനത്തിൽ ധാർമ്മികതയുംമററും. ഇന്നുവരെയുള്ള മനുഷ്യയാത്രയുടെ കടിഞ്ഞാൺപിടിക്കുന്ന ഏകനിയമം സാമ്പത്തികമാണിവിടെ. ഇനി ധാർമ്മികനിയമത്തെ ചോദ്യംചെയ്യുന്ന ഫ്രോയിഡിയൻചിന്തയും തത്സ്ഥാനത്തു പ്രതിഷ്ഠിക്കുന്നില്ലേ മറെറാന്നു്? എല്ലാം തുറക്കുന്ന ഒരു തക്കോലുണ്ടിവിടെ, ലൈംഗികാസക്തി. അതങ്ങ് അബോധാവബോധതലങ്ങളിൽ ഒഴുകുകയാണു്. മനുഷ്യപ്രവൃത്തിയെ നിയന്ത്രിക്കുന്നതു് അധികാരാസക്തി

(will to power)യാണെന്നു പറഞ്ഞ നീഷേയും ശോകപൂർണ്ണമായ ജീവിതത്തിൻെറ ഏക വിശദീകരണം ജീവിതവാഞ്ഛ(will to live)യാണെന്ന് കണ്ടുപിടിച്ച ഷോപ്പൻഹോവറും മററും ചെന്നുനില്ക്കുന്നതും ഒരിടത്തുതന്നെ. ഇതിൽനിന്നൊരപവാദം ചൂണ്ടിക്കാണിച്ചേക്കാം. ഒരു വിശദീകരണവും ഇല്ല, കുത്തഴിയൽമാത്രമാണിവിടത്തെ ക്രമം എന്ന് പ്രസംഗിക്കുന്ന സാത്രിനെ പററിയാണ് ഈ സൂചന. ഇവിടെ നിയമമില്ലായ്മയാണ്നിയമം എന്നു തീർത്തു പറയുകയേ നിവൃത്തിയുള്ളൂ. ഇക്കൂട്ടരെ മാററിയാൽ മറ്റെല്ലാവരും സമ്മതിക്കും ചില അടിസ്ഥാനപ്രവണതകൾ മനുഷ്യപ്രവൃത്തികളെ ഉള്ളിൽനിന്നു നിയന്ത്രിക്കുന്നതായി. അപ്പോൾ സ്വാഭാവികനിയമമുണ്ടോ എന്നതല്ലല്ലോ പ്രശ്നം.

ക്രൈസ്തവദർശനത്തിലോ—ഇപ്പറഞ്ഞതെല്ലാം ഉണ്ട്, അല്പംകൂടി പറയാം. ഇവിടെ പ്രപഞ്ചവും പ്രപഞ്ചത്തിലെ മനുഷ്യനും ഈശ്വരസൃഷ്ടിയാണ്. ദൈവത്തിൻെറ പണിയാണ് ഈ മനുഷ്യനെങ്കിൽ പണിക്കാരന്റെ ഛായ കാണണം, പ്ലാൻ കാണണം—പണിയിൽ, മനുഷ്യനിൽ, സചേതനാചേതനവസ്തുക്കളിൽ. പക്ഷേ, ഒരേതലത്തിലല്ലെന്നു മാത്രം. അചേതനങ്ങളെന്നു നാം പറയുന്നവയിലെല്ലാം പ്രസ്തുത'നിയമം' അവയുടെ പ്രകൃതിയുമായൊന്നായിച്ചേർന്നിരിക്കയാണ്. മറിച്ചാകാൻ നിവൃത്തിയില്ല. മൃഗങ്ങളുടെ തലത്തിലേക്കുയരുമ്പോൾ പ്രസ്തുത ക്രമത്തിന്റെ നിറം മാറുകയായി. ഇവിടെ അറിവ്, പഞ്ചേന്ദ്രിയങ്ങളുടേതായ അറിവ് ആരംഭിക്കുന്നു. അതിലൂടെ ആ ക്രമം പ്രവൃത്തിപഥത്തിൽ വരുന്നു. മനുഷ്യനിലേക്കുയരുമ്പോൾ അതേ ക്രമം പ്രവർത്തിക്കുന്നതു സ്വാതന്ത്ര്യത്തിലൂടെയാണ്, അറിവിലൂടെയും. കല്ലിലും ചെടി

യിലും മൃഗത്തിലും മനുഷ്യനിലും പ്രവത്തിക്കുന്ന ആ അലിഖിതനിയമങ്ങളാണു് ഈ സ്വാഭാവികനിയമങ്ങൾ. ഇവിടെക്കാണാം: ഒരേ അത്ഥത്തിലല്ല, ഈ നാലു തട്ടുകളിൽ സ്വാഭാവികനിയമം നിയമമാകുന്നതെന്നു്. പൊതുവായൊരു പ്രമാണമുണ്ടു്. സത്തയിൽ എന്തായിരിക്കുന്നുവോ—പ്രവത്തനം അതിന്റെ പ്രകടനം മാത്രമാകണം. മനുഷ്യനിലും ഇതുതന്നെ സ്വാഭാവികനിയമം—നീ എന്തായിരിക്കുന്നുവോ അതു് ആകുക, പ്രവൃത്തിമണ്ഡലത്തിൽ. എന്നാൽ, ഇവിടെ ഉത്തരവാദിത്വം ഉണ്ടു്—സ്വാതന്ത്ര്യമുണ്ടു്, മറിച്ചുപെരുമാറുവാൻ. പ്രകൃതിയുടെ പ്രവണതകളെ കാണാതിരിക്കാൻ, കണ്ടാലും കണ്ടില്ലെന്നവയ്ക്കാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടു്. ഈ സ്വാതന്ത്ര്യത്തിലൂടെ മാത്രമേ സ്വാഭാവികനിയമം മനുഷ്യനു നിയമമാകു, അറിവിലൂടെയും.

## അറിവിലെ നിറഭേദം

സ്വാഭാവികനിയമം എന്നൊന്നുണ്ടെങ്കിൽ അതു് എല്ലാവരിലും ഒന്നുതന്നെയാകേണ്ടയോ? പക്ഷേ, എന്തെന്തു ഭിന്നാഭിപ്രായങ്ങളാണു് ധാമ്മികനിയമങ്ങളെപ്പറ്റി ഒരേസമയത്തു് ഒരേസ്ഥലത്തു് പരന്നിരിക്കുന്നതു്? ഇപ്പറഞ്ഞതു ചോദ്യംചെയ്യാതങ്ങു സ്വീകരിക്കുക. അപ്പോൾ സ്വാഭാവികനിയമം ഇല്ലെന്നുവരുമോ? അറിവിലെ നിറഭേദമല്ലേ ഈ ഭിന്നാഭിപ്രായങ്ങൾക്കു കാരണം? ഈ വരികളെഴുതുന്ന പേനയുടേയും മഷിയുടേയും പ്രകൃതിയെന്തെന്നറിയുന്നതു പുറമേനിന്നാണു്. നോക്കി പരിശോധിച്ചുള്ള അറിവു്. എന്നാൽ, മനുഷ്യപ്രകൃതിക്കു ചേന്നതെന്തെന്നു്, എങ്ങോട്ടാണതു ചരിഞ്ഞിരിക്കുന്നതെന്നു് അറിയുന്നതു് ഉള്ളിൽനിന്നത്രേ. പ്രവത്തനത്തിലൂ

ടെയുള്ള, പ്രവണതയിലൂടെയുള്ള, സഹാനുഭൂതിയിലൂടെയുള്ള അറിവാണല്ലോ ഇതു്. നുണ പറഞ്ഞു തഴമ്പിച്ചയാൾക്കു നുണയെന്നതു തെററായിക്കാണാൻ കാഴ്ച കിട്ടില്ല. ആദ്യമാദ്യം നുണ പറഞ്ഞപ്പോൾ മനുഷ്യപ്രകൃതിയിൽ മറുവശത്തേക്കനുഭവപ്പെട്ടിരുന്ന വലിച്ചിൽ ഇപ്പോൾ കുറഞ്ഞുകുറഞ്ഞു് ഇല്ലാതായി. കറുത്തമനുഷ്യർ രണ്ടാംതരക്കാരാണെന്നു പാടുകയും പഠിപ്പിക്കയും മുദ്രാവാക്യം മുഴക്കുകയും ചെയ്യുന്നൊരു സമുദായത്തിൽ ജനിച്ചു വളരുന്ന വെള്ളക്കാരനു് കറുത്തവരുടെനേക്കു ചെയ്യുന്ന അനീതിയെ കണ്ടറിയുവാൻ കാഴ്ച നഷ്ടപ്പെട്ടേക്കാം. ഇവിടെയും തകരാറുവന്നു, ആ വെളുത്തവരുടെ കാഴ്ചയിൽ, മനുഷ്യപ്രകൃതിയുടെ അടിസ്ഥാനപ്രവണതകളെ കണ്ടറിയുവാനുള്ള കഴിവിൽ.

ഈവിധതകരാറൊന്നും ഇല്ലെങ്കിലും മനുഷ്യനെപ്പററിയുള്ള ദൎശനങ്ങളുടെയിടയിൽ ഇല്ലേ വലിയ അന്തരം? ക്രൈസ്തവദൎശനത്തിൽ മനുഷ്യൻ അമൂൎത്തമായൊരാത്മാവോടുകൂടി, പ്രകൃതിയുടെ ഭാഗമായി, എന്നാൽ പ്രകൃതിയിൽ ഉയൎന്നുനിന്നു്, പ്രകൃതിനാഥനായി, ഈശ്വരാഭിമുഖമായി ജീവിക്കേണ്ടവനാണു്. പ്രതീക്ഷയുടെ മനുഷ്യനാണവൻ. സാമൂഹ്യവശമുണ്ടവനിൽ, പ്രകൃത്യാതന്നെ. തുടച്ചുമാററുവാൻ പററില്ലീ സാമൂഹ്യവശം. അതേസമയം വ്യക്തിയെന്നനിലയിൽ സമൂഹത്തിൽനിന്നു വേർപെട്ട ചില അവകാശങ്ങളുണ്ടാകണം മനുഷ്യനു്, ഈ വ്യക്തിത്വം വികസിക്കുന്നതു് സമൂഹമദ്ധ്യത്തിലാണെന്നു് ഉറപ്പിച്ചു തറപ്പിച്ചു പറയുമ്പോഴും. മനുഷ്യത്വത്തിൻെറ പൂൎണ്ണവികാസം ഈശ്വരസായുജ്യമാണു്. പക്ഷേ, അവിടെയും മനുഷ്യൻെറ വ്യക്തിത്വം അവൻെറതാണു്, ലയിച്ചില്ലാതാകുന്നതല്ല.

ഇതിൽനിന്നകന്നതാണല്ലോ ഹൈന്ദവദർശനത്തിലെ മനുഷ്യൻ.

ഓരോ ദർശനത്തിനുമുണ്ട് അതിൻേറതായ മനുഷ്യ ചിത്രം. ആ ചിത്രത്തിനുള്ളിൽവച്ചു വേണം ധാർമ്മിക നിയമത്തിൻെറ അടിസ്ഥാനരേഖകളായ സ്വാഭാവിക നിയമങ്ങളെപ്പററി ചർച്ചചെയ്യുവാൻ. മനുഷ്യനു് എല്ലായിടത്തും ഒരേ സ്വഭാവമാണുള്ളതു്, അതുകൊണ്ടു സ്വാഭാവികനിയമമുണ്ടെങ്കിൽ അതും ഒന്നുതന്നെയാകണം എന്നു പറഞ്ഞവസാനിപ്പിച്ചാൽ മതിയാകില്ല. വസ്തുനിഷ്ഠമായി നോക്കിയാൽ സ്വാഭാവികനിയമം ഒന്നുതന്നെ. ഒന്നുതന്നെയാകണം. പക്ഷേ, ഈ നിയമത്തെ അറിയുന്ന അറിവിനെക്കൂടി ഉൾപ്പെടുത്തണം സ്വാഭാവികനിയമത്തെപ്പററിയുള്ള പ്രതിപാദനം പൂർണ്ണമാകണമെങ്കിൽ. ഇവിടെയാണു ദർശനങ്ങൾ പ്രവേശിക്കുന്നതു്. ക്രൈസ്തവദർശനത്തിനുള്ളിൽ നിന്നുകൊണ്ടു്, ഇതെഴുതുന്നയാൾ വിവാഹത്തിലെ ഉടമ്പടി അഭേദ്യമാണെന്നു പറയുന്നു. മനുഷ്യവ്യക്തിയെപ്പററി വ്യക്തമായ ചില ധാരണകളുണ്ടു്, ഈ ലേഖകനു്. ഈ ധാരണകളിൽ പങ്കുചേരാത്തൊരാൾക്കു്, മറെറാരു ദർശനത്തിലൂടെ മനുഷ്യനെ കാണുന്നയാൾക്കു്, ഇപ്പറയുന്നതൊന്നും സ്വീകാര്യമായെന്നു വരില്ല. സ്വാഭാവികനിയമപ്രകാരം വിവാഹത്തിലെ ഉടമ്പടി അഭേദ്യമാണു്, എല്ലാവരും ഇതിൽ യോജിക്കണം എന്നുമാത്രം പറഞ്ഞവസാനിപ്പിച്ചാൽ മതിയാകുമോ?

പക്ഷേ, ഒന്നുണ്ടു്. മനുഷ്യപ്രകൃതിയെ അടിസ്ഥാനപരമായി നിയന്ത്രിക്കുന്ന ചില പൊതുതത്വങ്ങളിൽ എല്ലാ ദർശനങ്ങളും യോജിക്കുന്നു. "നന്മ ചെയ്യണം, തിന്മ ചെയ്യരുതു്" എന്ന തത്വമാണു് മറെറല്ലാ തത്വങ്ങളു

ടേയും പിതൃതത്വമായി അകിനോസ് കാണുന്നത്. ഈ തത്വത്തെപ്പററി അജ്ഞതയേ സാധ്യമല്ലെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. പിതൃതത്വം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നില്ല, മററെല്ലാ പ്രായോഗികസ്വാഭാവിക നിയമങ്ങളും ഇതിൽനിന്ന് അനുമാനിച്ചെടുക്കാമെന്ന്. നീതിയിലും സ്നേഹത്തിലും നിന്ന് ഉരുത്തിരിയുന്ന പൊതു നിയമങ്ങളെപ്പററി എല്ലാ ജനതതികളിലും ഐക്യമുണ്ട്. മൂലതത്വങ്ങളിൽനിന്ന് അകന്നകന്നുപോകുന്തോറും അജ്ഞത കൂടിയെന്നുവരാം. ഇവിടെ ചോദിച്ചേക്കാം, അടിസ്ഥാനതത്വങ്ങളെത്തന്നെ ചോദ്യംചെയ്യുവരില്ലേ? മനുഷ്യരെ തിന്നുന്ന മനുഷ്യരില്ലേ? നരബലി നടന്നിട്ടില്ലേ? ഉണ്ട്, അവരിൽ മനുഷ്യത്വം വേണ്ടത്ര വികസിച്ചില്ല. എല്ലാവരെയും മനുഷ്യരായിക്കാണാൻ ജനിച്ചുവളന്ന സാഹചര്യങ്ങൾ സഹായകമായില്ല. അപവാദങ്ങളായുന്നയിക്കുന്ന വസ്തുതകളെടുത്തു പരിശോധിച്ചാൽ ഇവയ്ക്ക്—ധാർമ്മികപ്രമാണങ്ങളുടെ സാർവ്വത്രികതയ്ക്കു കോട്ടംവരുത്താതെ—മററു വിശദീകരണങ്ങളുണ്ടെന്നു കാണാൻ സാധിക്കും.

## വിഭജിക്കല്ലേ

സ്വാഭാവികനിയമത്തെ അറിയുന്ന അറിവിനെ വിഭജിക്കരുത്. മനുഷ്യപ്രകൃതിയിൽ പല പ്രവണതകളുണ്ടെന്നു നാം കണ്ടുകഴിഞ്ഞു. ഏതെങ്കിലും ഒരു പ്രവൃത്തി ഈ പ്രകൃതിക്കു ചേന്നതാണോ എന്നറിയണമെങ്കിൽ മനുഷ്യപ്രകൃതിയെ പൂർണ്ണമായി, സമഗ്രമായി എടുത്ത്, വ്യക്തിപരവും സാമൂഹ്യവുമായ വശങ്ങളെ ചേരുംപടി ചേർത്തു നോക്കണം. മനുഷ്യപ്രകൃതിയെ വിഭജിച്ചുനോക്കുമ്പോൾ തെറ്റായിത്തോന്നുന്നതു സമ

ഗ്രമായെടുത്തുനോക്കുമ്പോൾ ശരിയായി കണ്ടേക്കാം. ഭാഗികമായി മാത്രം നോക്കിയാൽ ശരിയാകുന്നതു് സമഗ്ര ദർശനത്തിൽ തെററായുംവരാം.

പരിണാമത്തിലേക്കു കടക്കാമോ?

ധാർമ്മികനിയമങ്ങളിൽ പരിണാമം ഉണ്ടാകാമോ? ഉണ്ടായിട്ടുണ്ടെന്നു നിഷേധിക്കാവതല്ല. പണം പലിശയ്ക്കുകൊടുക്കുന്നതു മനുഷ്യത്വത്തിനെതിരാണെന്നു പഠിപ്പിച്ചിരുന്ന കാലമുണ്ടായിരുന്നു. അടിമക്കച്ചവടം അനുവദനീയമായി കണ്ടിരുന്ന കാലവും. അപ്പോൾ മനുഷ്യസ്വഭാവത്തിനു മാററംവന്നോ? മാററംവന്നെങ്കിൽ ഇനിയും മാറ്റംവരരുതോ? ഇന്നു തെററായിക്കാണുന്നതു നാളെ ശരിയായെന്നുവരാൻ പാടില്ലേ? പല പ്രശ്നങ്ങളുണ്ടിവിടെ. പണം പലിശയ്ക്കുകൊടുക്കുന്നതു് ഏതേതു കാരണങ്ങളാൽ ഒരുകാലത്തു തെററായിക്കണ്ടിരുന്നുവോ ആ കാരണങ്ങൾവച്ചു മാത്രം നോക്കിയാൽ ഇന്നും തെറ്റാണു്. പണം അന്നു് ഉൽപാദനക്ഷമമല്ലാ(Non-productive)യിരുന്നു. ഇന്നു പണത്തിനു് ഉൽപാദനത്തിലുള്ള പങ്കു പറഞ്ഞറിയിക്കേണമോ? അടിമക്കച്ചവടം അനുവദനീയമായിക്കണ്ടിരുന്ന കാലത്തേക്കാൾ മനുഷ്യനിന്നു കാഴ്ച കൂടി. ഇവിടെയും മനുഷ്യത്വത്തിലല്ലല്ലോ മാറ്റംവന്നതു്? മനുഷ്യൻ തന്നെത്തന്നെ കാണുന്ന കാഴ്ചയുടെ ആഴവും പരപ്പും കൂടി. പുരോഗമനത്തിലൂടെ നീങ്ങുന്ന മനുഷ്യനിൽ, മാററമില്ലാത്തൊരു മനുഷ്യത്വം ഉണ്ടെന്നതെങ്ങനെ തള്ളിപ്പറയും? അതേസമയം ഈ മാററമില്ലാത്ത മനുഷ്യത്വത്തിൻെറ പ്രവണതകളെന്തെന്നു വ്യക്തമാകുന്നതോ, പരിണാമിയായ മനുഷ്യൻെറ മനുഷ്യനെത്തേടലിലൂടെയാണു്. പരിണാമം മനുഷ്യനിലെത്തിയതോടെ നിലച്ചുവോ, അതോ മനുഷ്യൻ പരിണാമപ്രക്രി

DHARMARAM ... LIBRARY BANGALORE 24414

യയിലൂടെ നീങ്ങുകയാണോ എന്ന പ്രശ്നത്തിലേക്കിവിടെ കടക്കുന്നില്ല. പരിണാമം മനുഷ്യനിലെത്തിയതോടെ അവസാനിച്ചുവെന്ന വാദഗതി സ്വീകരിച്ചാൽത്തന്നെയും, ഒന്നു പറയുവാൻ സാധിക്കും, സ്വാഭാവികനിയമം ഇന്നു് ആവിഷ്ക്കരിക്കുവാൻ ഉപയോഗിക്കുന്ന ഫോർമുലകൾ നാളെ അപര്യാപ്തങ്ങളായി മാറിയേക്കാമെന്നു്.

ഇതെങ്ങോട്ടാണു കൊണ്ടുപോകുന്നതു്—ആപേക്ഷികത്വത്തിലേക്കോ, ധാർമ്മികാനിശ്ചിതാവസ്ഥയിലേക്കോ? ഒരിക്കലുമല്ല. എല്ലാ മനുഷ്യരുടെയും സ്വഭാവവും ആ സ്വഭാവത്തിൽനിന്നുരുത്തിരിയുന്ന നിയമവും അടിസ്ഥാനപരമായി ഒന്നാണെന്നും, ഒന്നാകണമെന്നും ഉറപ്പിച്ചുപറയുകയാണു്. മനുഷ്യനെപ്പറ്റി ദർശനങ്ങൾ പലതുണ്ടു്. അവയെല്ലാം ഒരേസമയത്തു്—പരസ്പരനിഷേധങ്ങളായവ—ശരിയാകുക സാദ്ധ്യമേയല്ല. സ്വാഭാവികനിയമത്തെ അറിയുന്ന അറിവിനെ ദർശനങ്ങൾ ഉള്ളിൽനിന്നു നിയന്ത്രിക്കുന്നുവെന്ന പച്ചപ്പരമാർത്ഥമാണു മുൻപേ പറഞ്ഞതു്. മനുഷ്യൻെറ ചലനാത്മകമായ മനുഷ്യനെത്തേടലിൽ കുറച്ചൊന്നു വിയർത്തൊലിക്കണം. തൻേറതായ, ജീവൻേറതായ അരക്ഷിതാവസ്ഥ സ്വന്തമാക്കണം, മനുഷ്യൻ. അവിടവിടെ കേൾക്കുന്ന സംവാദസ്വരം കേട്ടു ഭയപ്പെടേണ്ടതില്ല. അതേസമയം മാററത്തിലൂടെ നീങ്ങുന്ന മനുഷ്യൻ ഓരോകാലത്തും മാറ്റമില്ലാതെ ജീവൻ പകരുന്ന ജീവനുള്ള നിയമങ്ങളെ കണ്ടെത്തും.

★

cf. Natural Law and Evolution: Andreas Van Melson Concilium 6, 3 June 1967; ഈ ലേഖനം ധാർമ്മികനിയമത്തിൻെറ പരിണാമവശത്തെപ്പററി ഇവിടെ പറഞ്ഞിരിക്കുന്ന ആശയങ്ങൾക്കു രൂപംനല്കുവാൻ സഹായകമായിട്ടുണ്ടു്.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 13/12/11 | | |
| 11/1/12 | | |
| 31/1/12 | | |
| 14/2/12 | | |
| 12/8/15 | | |

# ധർമ്മശാസ്ത്രവീഥിയിൽ

ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ

വിശ്വസിക്കാൻ മൂല്യങ്ങളില്ലാതെ, മൂല്യങ്ങളെ കുറിച്ചു ബോധമില്ലാതെ 'വട്ടംതിരിയുന്ന' ഒരു പുരുഷാന്തരത്തിനു മുറുകെപ്പിടിക്കേണ്ട ചില മൂല്യങ്ങളെക്കുറിച്ചു ബോധോദയമുണ്ടാക്കുവാൻ ഒരു തത്വചിന്തകൻ നടത്തുന്ന സഫലയത്നമാണു് ഈ ഗ്രന്ഥത്തിൽ. മനുഷ്യജീവിതത്തെ സാർത്ഥകമാക്കുന്ന ധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനം കണ്ടെത്തുവാൻ ഡോക്ടർ ആൽബർട്ട് നമ്പ്യാപറമ്പിൽ നടത്തുന്ന സൂക്ഷ്മാന്വേഷണം ജിജ്ഞാസുക്കളെ വശീകരിക്കാതിരിക്കില്ല. വിലകുറഞ്ഞ മനുഷ്യൻ, മനുഷ്യനിലെ മനുഷ്യൻ, മനുഷ്യനിലെ ന്യായാധിപൻ, ഉള്ളറകം, അടിത്തറവരെ, പരിണാമവും ധാർമ്മികനിയമങ്ങളും എന്നീ ഉപന്യാസനാമങ്ങൾതന്നെ എത്ര ആഴമുള്ളതാണെന്നു സ്പഷ്ടമാകും. മനുഷ്യന്റെ മനുഷ്യനെത്തേടലിൽനിന്നുരുത്തിരിയുന്ന നിരവധി മൂല്യങ്ങളുണ്ടു്; അവയെ വിലയിരുത്തുന്ന നിരവധി ദർശനങ്ങളും. ഇവയിലേതിലെങ്കിലും വിശ്വസിക്കുന്ന ഒരാൾക്കു സ്വീകരിക്കാവുന്ന ഒരു സമീപനമാണു് ഈ ഗ്രന്ഥത്തിൽ കാണപ്പെടുന്നതെന്നും എടുത്തുപറയാവുന്ന പ്രത്യേകതയാണു്.

നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം
തിരുവനന്തപുരം എറണാകുളം തൃശ്ശൂർ
പാലക്കാട്ട് കണ്ണൂർ കൊല്ലം



# ധർമ്മശാസ്ത്ര വീഥിയിൽ

ആൽബർട്ട് നമ്പ്യാപറമ്പിൽ

N15

Indic Digital Archive Foundation
gpura.org